മാസിക
സുന്നത്ത്

2025 മാർച്ച്
1446 റമളാൻ
പുസ്തകം 48/ ലക്കം 1
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com

Managing Editor
Sayyid Ali Bafaqy Thangal

Chief Editor
V.P.M Villyapalli
9446 731 889, 0496 253 4373

Executive Editor
Shafeeq Bukhari Kanthapuram
cp222306@gmail.com

General Manager
Sulaiman Saqafi Kunhukulam

Editor
Muhammed Parannur

Sub Editor
E.M Sufyan Bukhari

Circulation Manager
Shareef saqafi Edayur

Design & Layout
Anvar Sadique Bukhari

മുഖക്കുറി

അമൂല്യ രത്നങ്ങൾ റമളാൻ നേരങ്ങൾ

പുണ്യങ്ങളുടെ പെയ്ത്തുകാലമാണ് റമളാൻ. ആരാധനകളിൽ മുഴുകി വിശ്വാസികൾ ആത്മ ശുദ്ധീകരണം വരുത്തുന്ന രാപകലുകൾ. റമളാനിലെ ഓരോ അമൂല്യനിമിഷങ്ങളും ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. ഡിജിറ്റൽ ഉപകരണങ്ങളാണ് നമ്മുടെ സമയം കൊല്ലുന്ന പ്രധാന വില്ലന്മാർ. വെറുതെ സ്ക്രോൾ ചെയ്തും അനാവശ്യ വീഡിയോകൾ കണ്ടും റമളാനിലെ സുകൃത സമയങ്ങൾ നഷ്ടപ്പെടുത്തരുത്.

നിസ്കാരം, ഇഅ്തികാഫ്, ഖുർആൻ പാരായണം തുടങ്ങിയ സൽകർമ്മങ്ങളിൽ ആനന്ദം കണ്ടെത്താൻ നോമ്പുകാരനു കഴിയണം. കള്ളം പറയൽ, ഏഷണി, പരദൂഷണം, പരിഹാസം തുടങ്ങിയവയെല്ലാം നോമ്പിന്റെ പ്രതിഫലം നഷ്ടപ്പെടുത്തും. അസഭ്യം പറയുന്നവരുടെ നോമ്പ് ഒരു പകൽപട്ടിണി മാത്രമാകും. വാട്സാപ്പിൽ പങ്കുവെക്കുന്ന ഒരു സന്ദേശം മാത്രം മതി നമ്മുടെ നോമ്പിനെ വൃഥാവിലാക്കാൻ. നോമ്പുകാരന് ജാഗ്രതയാണ് വേണ്ടത്; തെറ്റുകളിൽ അകപ്പെടാതിരിക്കാനുള്ള ജാഗ്രത, അനാവശ്യങ്ങളിൽ നിന്ന് അകന്നു നിൽക്കാനുള്ള ജാഗ്രത.

സുകൃതങ്ങൾ ചെയ്ത് റമളാൻ നേരങ്ങൾ ധന്യമാക്കാം. കാരുണ്യത്തിന്റെയും പാപമുക്തിയുടെയും നരകമോക്ഷത്തിന്റെയും പത്തുകളിൽ ഇരുലോക വിജയത്തിന് റബ്ബിനോട് തേടാം, ബദ്റിന്റെ ത്യാഗസ്മരണകളോർക്കാം, ലൈലത്തുൽ ഖദ്റിന്റെ പുണ്യം നേടാം, സകാത്ത് അർഹരായവർക്കു തന്നെ നൽകാം, ആത്മനിർവൃതിയോടെ ഈദുൽ ഫിത്വർ ആഘോഷിക്കാം.

എഡിറ്റർ

കവർസ്റ്റോറി

സകാത്തിന് നിമയങ്ങളുണ്ട്

○ അബ്ദുന്നാസിർ അഹ്സനി ഒളവട്ടൂർ

ഇസ്‌ലാമിന്റെ അഞ്ച് അടിസ്ഥാന ശിലകളിലൊന്നാണ് സകാത്ത്. ശരീഅത്ത് നിർദ്ദേശിക്കുന്ന രൂപത്തിൽ അർഹരായ അവകാശികൾക്കു തന്നെ അത് വിതരണം ചെയ്യണം. ഇല്ലെങ്കിൽ സകാത്ത് നിഷ്ഫലമാകും. കമ്മിറ്റികൾക്ക് സകാത്ത് നൽകുന്ന രീതി ഇസ്‌ലാമികമല്ല.

06

കവർസ്റ്റോറി

നോമ്പുകാലത്തെ ഖുർആൻ മധുരം

○ സൈനുദ്ദീൻ ഇർഫാനി

ഖുർആൻ പാരായണം വിശ്വാസി ഹൃദയങ്ങൾക്ക് മധുരാനുഭൂതിയാണ്. ഖുർആൻ അവതരിച്ച മാസമാണല്ലോ റമളാൻ. പൂർവസൂരികൾ റമളാനിൽ അനേകം ഖത്മുകൾ ഓതിയിരുന്നുവെന്ന് മഹാന്മാരുടെ ഗ്രന്ഥങ്ങളിൽ കാണാം.

19

കവർസ്റ്റോറി

തറാവീഹ് പ്രമാണവും കർമ്മശാസ്ത്രവും

○ സിയാദ് സഖാഫി പാറന്നൂർ

റമളാനിലെ രാപ്പകലുകൾ ആരാധനകൾ കൊണ്ട് ധന്യമാക്കണം. റമളാനിലെ വിശിഷ്ടമായ ഒരു സുന്നത്ത് നിസ്കാരമാണ് തറാവീഹ്. ഇരുപത് റക്അത്താണത്. തറാവീഹ് നിസ്കരിക്കുന്നവർക്ക് വലിയ പ്രതിഫലമാണുള്ളതെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

24



13 **തിരുച്ചിറപ്പള്ളിയിലെ നോമ്പുകാലങ്ങൾ**
ബുജൈർ ചെട്ടിപ്പടി

16 **വ്രതകാലത്തെ ആരോഗ്യചിന്തകൾ**
ഫവാസ് പട്ടുവം

33 **വ്രതവും രോഗശമനവും**
ഉമൈർ പള്ളിക്കൽ

05 തസ്കിയ
30 ശാഫിഈ ഫിഖ്ഹ്
47 വാർത്തകൾ

ചരിത്രാഖ്യായിക 38
നോവൽ 35
ഹനഫീ ഫിഖ്ഹ് 34

41 **നേതാവിന്റെ സമീപനങ്ങൾ**
സുലൈമാൻ സഖാഫി കുഞ്ഞുകുളം

44 **അല്ലാഹുമ്മ ലക സ്വുംതു**
അബ്ദുൽ ബാസിത് ഒ.പി

45 **ആത്മവിശുദ്ധിയുടെ രാപ്പകലുകൾ**
സുഹൈൽ തിനൂർ

46 **തിരുത്തുകൾ വീടകങ്ങളിൽ തുടങ്ങണം**
ശാനിദ കുറ്റ്യേരി

46 **അധികാരികൾ കണ്ണുതുറക്കണം**
സഹ്ൽ തോട്ടുപൊയിൽ

നോമ്പുകാരേ, ചോദിച്ചുകൊണ്ടിരിക്കാം

തസ്കിയ

തിരുനബി(സ) പറഞ്ഞു: 'മൂന്നുപേരുടെ പ്രാർത്ഥനകൾ തിരസ്കരിക്കപ്പെടുകയില്ല.

1. നോമ്പുകാരുടെ പ്രാർത്ഥന; അവർ നോമ്പുതുറക്കുന്നതുവരെ.

2. നീതിമാനായ ഭരണാധികാരിയുടെ പ്രാർത്ഥന.

3. മർദ്ദിതരുടെ പ്രാർത്ഥന. ഇവരുടെ പ്രാർത്ഥനകൾ അല്ലാഹു മേഘങ്ങൾക്കു മീതെ ഉയർത്തിക്കൊണ്ടുപോകും. ആകാശ കവാടങ്ങൾ ആ പ്രാർത്ഥനകൾക്ക് പ്രവേശിക്കാൻ തുറന്നുവെക്കപ്പെടും. അല്ലാഹു പറയും: ''എന്റെ പ്രതാപം തന്നെയാണെ, നിന്നെ ഞാൻ സഹായിക്കുക തന്നെ ചെയ്യും. അല്പം കഴിഞ്ഞാണെങ്കിലും ശരി.'' (തിർമിദി, അഹ്മദ്, ഇബ്നുമാജ)

വിശ്വാസിയുടെ ആയുധമാണ് പ്രാർത്ഥന. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ദൃഢബന്ധത്തിന്റെ ഉദാത്ത പ്രകാശനമാണത്. അതൊരു ആരാധനയും പുണ്യകർമ്മവുമാണ്. പ്രാർത്ഥനയെ അല്ലാഹു പ്രോത്സാഹിപ്പിക്കുന്നു. 'ചോദിക്കൂ, തരാം' എന്ന് അവൻ തന്റെ ദാസന്മാരോട് പറഞ്ഞുകൊണ്ടിരിക്കുന്നു. വിശുദ്ധ റമളാനിലെ രാവുകളിൽ ആകാശകവാടങ്ങൾ തുറന്നുവെച്ച് അവൻ കാത്തിരിക്കുന്നു; തന്റെ അടിയാറുകളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ.

ഏറ്റവും ശ്രേഷ്ഠമായ ആരാധനകളിലൊന്നാണല്ലോ നോമ്പ്. അല്ലാഹുവിനു വേണ്ടിയുള്ള മനുഷ്യരുടെ ആത്മസമർപ്പണമാണ് നോമ്പിലൂടെ സാധ്യമാകുന്നത്. അവന്റെ പ്രീതിക്കുവേണ്ടി അന്നപാനീയങ്ങളും ജഢിക മോഹങ്ങളുമെല്ലാം ഉപേക്ഷിച്ച്, ശരീരത്തിലെ സർവ്വ അവയവങ്ങളെയും നിയന്ത്രിച്ച് അടിമ സ്വയം സമർപ്പിതനാവുകയാണ്. ഈ സമർപ്പണത്തിനുള്ള പാരിതോഷികമാണ് നോമ്പുകാലത്ത് അവൻ നൽകുന്ന ആനുകൂല്യങ്ങൾ. 'തിരുനബി(സ) പറഞ്ഞല്ലോ, 'നോമ്പുകാരന്റെ ഉറക്കം ആരാധനയാണ്. അവന്റെ മൗനം തസ്ബീഹാണ്. അവന്റെ കർമ്മങ്ങൾക്ക് ഇരട്ടി പ്രതിഫലമുണ്ട്. അവന്റെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതാണ്. അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.' (ബൈഹഖി)

അല്ലാഹുവിനു വേണ്ടി നോമ്പനുഷ്ഠിക്കുക എന്നത് അത്ര നിസ്സാരമല്ലെന്നു വ്യക്തം. എന്നാൽ എല്ലാവരുടെയും നോമ്പ് ഈ തലത്തിലേക്ക് ഉയരണമെന്നില്ല. നോമ്പിൽ ആത്മാർത്ഥത വേണം. സത്യസന്ധത വേണം. സമർപ്പണ മനോഭാവം വേണം. എങ്ങനെ നോൽക്കാതിരിക്കും എന്ന വിചാരത്തിൽ അനുഷ്ഠിക്കുന്ന ഒരു ചടങ്ങായിപ്പോകരുത് നോമ്പ്. അലസമാവരുത് നോമ്പിന്റെ ദിനരാത്രങ്ങൾ. വിധിവിലക്കുകൾ പാലിക്കണം. നാഥന്റെ പ്രതിഫലത്തിനും അനുഗ്രഹത്തിനുമായുള്ള മോഹം വേണം. കഴിയുന്നത്ര പുണ്യകർമ്മങ്ങൾ അനുഷ്ഠിക്കണം. നന്മയിൽ അധിഷ്ഠിതമായിരിക്കണം വിചാരവികാരങ്ങൾ. ഇങ്ങനെയുള്ള നോമ്പുകാർക്കാണ് പുണ്യം. ഇവരുടെ പ്രാർത്ഥനയാണ് സ്വീകരിക്കപ്പെടുക.

എന്നാലും പ്രതീക്ഷയ്ക്കു വകയുണ്ട്; തിരുനബി(സ) പറഞ്ഞു: 'എല്ലാ നോമ്പുകാർക്കും അല്ലാഹുവിനടുക്കൽ സ്വീകരിക്കപ്പെടുന്ന ഒരു പ്രാർത്ഥനയുണ്ട്. ഒന്നുകിൽ ഐഹിക ലോകത്തു തന്നെ അല്ലാഹു അത് നൽകും. അല്ലെങ്കിൽ പാരത്രിക ലോകത്തേക്ക് കരുതിവെക്കും.' അതുകൊണ്ട് നിരാശ വേണ്ട. ഒന്നും അല്ലാഹു പാഴാക്കിക്കളയില്ല.

അത്താഴസമയവും നോമ്പു തുറക്കുന്ന സമയവും ബാങ്കിനും ഇഖാമത്തിനുമിടയിലുള്ള സമയവും രണ്ട് ഖുതുബകൾക്കിടയിൽ ഇമാം ഇരുന്നതു മുതൽ നിസ്കാരത്തിൽ നിന്ന് സലാം വീട്ടുന്നതു വരെയുള്ള സമയവും മഴപെയ്യുന്ന സമയവും ഫർള് നിസ്കാരങ്ങൾക്കു ശേഷമുള്ള സമയവുമെല്ലാം പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയങ്ങളാണെന്ന് തിരുഹദീസുകളിൽ കാണാം.

തിരുനബി(സ) പ്രാർത്ഥിക്കാൻ പഠിപ്പിച്ച പ്രകാരം നമുക്ക് പ്രാർത്ഥിക്കാം. സ്വർഗ്ഗം ചോദിക്കാം, നരകത്തിൽ നിന്ന് കാവൽ തേടാം. അവന്റെ കാരുണ്യവും പാപമോചനവും നരകമോചനവും മാപ്പും അർത്ഥിച്ചുകൊണ്ടിരിക്കാം.

കവർസ്റ്റോറി

അബ്ദുന്നാസ്വിർ അഹ്സനി ഒളവട്ടൂർ

സകാത്തിന് നിയമങ്ങളുണ്ട്

'അമീറുൽ മുഅ്മിനീൻ, ഇതാ, ഇതെന്റെ സമ്പത്തിന്റെ സകാത്താണ്.' അബൂസഈദ് അൽമഖ്ബുരി ഇരുനൂറ് ദിർഹം ഉമർ(റ)വിന് നൽകിക്കൊണ്ട് പറഞ്ഞു.

'നീ മോചിതനായോ?' മുമ്പ് അടിമയായിരുന്ന അദ്ദേഹത്തോട് ഉമർ(റ) ചോദിച്ചു.

'അതേ. ഞാൻ മോചിതനായി.' അബൂസഈദ് മറുപടി നൽകി.

'എങ്കിൽ ഇതു കൊണ്ടുപോയി താങ്കൾ തന്നെ അവകാശികൾക്ക് വിതരണം ചെയ്തോളൂ.' ഖലീഫ ഉമർ(റ) അദ്ദേഹത്തിന്റെ സമ്പത്തിനുള്ള സകാത്ത് സ്വീകരിക്കുന്നതിനു പകരം അദ്ദേഹത്തോട് തന്നെ അവകാശികൾക്ക് വിതരണം ചെയ്യാനാവശ്യപ്പെടുകയാണ് ചെയ്തത്. (ശർഹുൽ മുഹദ്ദബ് 6/136)

പദവും പൊരുളും

ശുദ്ധീകരണം, വളർച്ച, വർദ്ധന എന്നെല്ലാമാണ് സകാത്ത് എന്ന പദത്തിനർത്ഥം. ഒരു വ്യക്തിയുടെ നിശ്ചിത സമ്പത്തിൽ നിന്നുള്ള നിശ്ചിത വിഹിതം അവകാശികൾക്ക് നൽകുക എന്നതാണ് ഇസ്‌ലാമിലെ സകാത്ത് കൊണ്ടുള്ള വിവക്ഷ. ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസത്തിലാണ് സകാത്ത് നിർബന്ധമായത്.

ഇസ്‌ലാം നിശ്ചയിച്ച നിയമപ്രകാരം തന്നെ സകാത്ത് നിർവഹിക്കൽ നിർബന്ധമാണ്. സകാത്ത് നൽകാതിരിക്കൽ കുറ്റകരവും പാടെ നിഷേധിക്കൽ മതഭ്രഷ്ടുമാണെന്ന് വിശുദ്ധ ഖുർആനും തിരുഹദീസുകളും കർമശാസ്ത്ര പണ്ഡിതന്മാരുടെ ഏകോപനങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

സമ്പത്തിനും ശരീരത്തിനും

സമ്പത്തിന്റെ സകാത്ത്, ശരീരത്തിന്റെ സകാത്ത് എന്നിങ്ങനെ സകാത്തിനെ രണ്ടായി വർഗീകരിക്കാം. സ്വർണ്ണം, വെള്ളി, ധാന്യം, കാരക്ക (ഈത്തപ്പഴം), മുന്തിരി, ആട്, മാട്, ഒട്ടകം എന്നിങ്ങനെ എട്ടിനം സമ്പത്തിൽ നിന്ന് നിശ്ചിത അളവ് ഉടമപ്പെടുത്തിയ സ്വതന്ത്രരായ മുസ്‌ലിം വ്യക്തികൾക്കാണ് സമ്പത്തിന്റെ സകാത്ത് നിർബന്ധമാവുക. നിർണയിക്കപ്പെട്ട സമ്പത്ത് നിശ്ചിത അളവെത്തുക, ഹിജ്റ കലണ്ടർ പ്രകാരം വർഷം പൂർത്തിയാവുക എന്നിങ്ങനെ രണ്ട് നിബന്ധനകളാണ് സകാത്ത് നിർബന്ധമാകാനുള്ളത്.

ഇസ്‌ലാമിക ഭരണം നിലനിൽക്കുന്ന സ്ഥലങ്ങളിലെ ബൈത്തുൽമാലിലുള്ള സമ്പത്തിനോ ദരിദ്രർക്ക്, പള്ളികൾക്ക് എന്നിങ്ങനെ പൊതുകാര്യങ്ങൾക്ക് വഖ്ഫ് ചെയ്ത സമ്പത്തിനോ സകാത്ത് നിർബന്ധമില്ലെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം.

കച്ചവടത്തിന്റെ സകാത്ത്

കറൻസി കൈമാറ്റമല്ലാത്ത എല്ലാ കച്ചവടത്തിലും സകാത്തുണ്ട്. ഹിജ്റ വർഷപ്രകാരം കച്ചവടം തുടങ്ങി ഒരു വർഷം തികയുന്ന ദിവസത്തെ മാർക്കറ്റ് നില വാരമനുസരിച്ച് 595 ഗ്രാം വെള്ളിയുടെ വിലയ്ക്കു തുല്യമായതോ അതിൽ കൂടുതലോ വിൽപന വസ്തുവുള്ള കച്ചവടത്തിന് രണ്ടര ശതമാനം (നാൽപതിൽ ഒന്ന്) സകാത്ത് നൽകണം.

പണം പിന്നീട് നൽകിയാൽ മതിയെന്ന വ്യവസ്ഥയിൽ പല കച്ചവടക്കാരും കച്ചവടസാധനങ്ങൾ ഇറക്കിക്കൊടുക്കാറുണ്ട്. സ്റ്റോക്കെടുപ്പിൽ ഉൾപ്പെടുത്തി അവയ്ക്കും സകാത്ത് നൽകണം. കടമുള്ളവരാണെങ്കിലും കച്ചവടക്കാർ സകാത്ത് നൽകണം. ചിലപ്പോൾ ബിസിനസ് മൊത്തം വിറ്റ് സകാത്ത് കൊടുത്താലും വീടാത്ത കടമുള്ളവരുണ്ടാകും. വർഷം തികയുന്നതിനു മുമ്പ് കച്ചവടച്ചരക്കുകളെല്ലാം കടം വീട്ടുന്നതിലേക്ക് തിരിക്കാമെങ്കിലും വർഷം തികഞ്ഞാൽ സകാത്ത് നൽകണം.

പലരും കടം വാങ്ങിയും ലോണെടുത്തും ബിസിനസ് തുടങ്ങുകയും നഷ്ടത്തിലാണെന്ന ന്യായം പറഞ്ഞ് സകാത്ത് നൽകാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട്. അത് തിരുത്തപ്പെടേണ്ടതാണ്. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ബില്ലിങ് നടത്തുമ്പോൾ ഹിജ്റ വർഷപ്രകാരം സ്റ്റോക്കും മാർക്കറ്റ് വിലയും കണക്കാക്കാൻ ശ്രദ്ധിക്കണം. മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനം വില്പന നടത്തിയാലും മാർക്കറ്റ് വില നിശ്ചയിച്ചാണ് സകാത്ത് നൽകേണ്ടത്. സകാത്ത് നൽകേണ്ടത് പണമായാണ്, വസ്തുക്കളായല്ല.

കുട്ടിയുടെയും ഭ്രാന്തന്റെയും സമ്പത്തിൽ സകാത്ത് നിർബന്ധമാണ്. എന്നാൽ, അവരുടെ സ്വത്തിൽ നിന്ന് സകാത്തിന്റെ വിഹിതം എടുത്തുനൽകേണ്ടത് അവരുടെ രക്ഷിതാക്കളാണ്. ശരീരത്തിന്റെ സകാത്താണ് ഫിത്വ്ർ സകാത്ത്.

പലരും കടം വാങ്ങിയും ലോണെടുത്തും ബിസിനസ് തുടങ്ങുകയും നഷ്ടത്തിലാണെന്ന ന്യായം പറഞ്ഞ് സകാത്ത് നൽകാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നുണ്ട്. അത് തിരുത്തപ്പെടേണ്ടതാണ്.

പ്രത്യക്ഷം, പരോക്ഷം

സകാത്ത് നൽകപ്പെടേണ്ട സമ്പത്തിനെ പണ്ഡിതന്മാർ പ്രത്യക്ഷ സമ്പത്ത്, പരോക്ഷ സമ്പത്ത് എന്നിങ്ങനെ വർഗീകരിക്കുന്നു. ഫിത്വ്ർ സകാത്ത്, കച്ചവടസ്വത്ത്, നിധി, സ്വർണം, വെള്ളി എന്നിവ പരോക്ഷ സ്വത്തുക്കളും ഖനിജങ്ങൾ, പഴവർഗ്ഗങ്ങൾ, ആട്, മാട്, ഒട്ടകം, കൃഷി, എന്നിവ പ്രത്യക്ഷസ്വത്തുക്കളുമാണ്. (ശർഹുൽ മുഹദ്ദബ് 6/137)

തന്റെ പക്കൽ സൂക്ഷിപ്പുള്ള സ്വത്ത്, ലഭിച്ച നിധി, കടയിലോ ഗോഡൗണിലോ സ്റ്റോക്കുള്ള കച്ചവടച്ചരക്കുകൾ എന്നിവ സംബന്ധിച്ചും പെരുന്നാൾദിനത്തിൽ തനിക്കും ആശ്രിതർക്കും ആവശ്യമായതു കഴിച്ച് ബാക്കി ഉണ്ടാവുമോ എന്നതിനെ സംബന്ധിച്ചും ഉടമസ്ഥനു തന്നെയാണല്ലോ കൂടുതൽ അറിയുക. ഇതാണ് അവ പരോക്ഷ സമ്പത്തായി കണക്കാക്കുന്നതിലെ രഹസ്യം.

എന്നാൽ കൃഷികൾ, ആട്, മാട്, ഒട്ടകം, പഴവർഗ്ഗങ്ങൾ, ഖനിയിൽ നിന്ന് കിട്ടുന്ന ലോഹങ്ങൾ എന്നീ സ്വത്തുക്കളുടെ സകാത്ത് ഇസ്‌ലാമിക ഭരണകൂടം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർക്ക് നേരിട്ടുള്ള നിരീക്ഷണത്തിലൂടെ കണക്കാക്കാൻ കഴിയും. അതിനുള്ള മാർഗങ്ങൾ ഇസ്‌ലാം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതാണ് ഇവ പ്രകടസ്വത്തുക്കളായി ഗണിക്കാൻ കാരണം. തുഹ്ഫ 3/337, നിഹായ 3/130, മുഗ്നി 1/114, മഹല്ലി 2/40, ജമൽ 2/239, ബുജൈരിമി 2/587 തുടങ്ങിയ കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

ശേഖരണം, വിതരണം

ഈ രണ്ടിനം സകാത്തുകളുടെ ശേഖരണ-വിതരണം സംബന്ധിച്ച് ഇമാം നവവി(റ) വിശദീകരിക്കുന്നു: പ്രകടസ്വത്തുക്കളുടെ സകാത്ത് ഇസ്‌ലാമിക ഭരണകൂടം നിലനിൽക്കുന്നയിടങ്ങളിൽ ഇമാം ആവശ്യപ്പെട്ടാൽ അത് ഇമാമിനെ ഏൽപ്പിക്കൽ ഉടമസ്ഥന്റെ ബാധ്യതയാണ് എന്നതിൽ അഭിപ്രായ വ്യത്യാസമില്ല. ഇമാമിന് നൽകാതെ അവകാശികൾക്ക് ഉടമസ്ഥൻ നേരിട്ട് വിതരണം ചെയ്യാൻ തയ്യാറായാൽ പോലും അരാജകത്വം ഇല്ലാതാക്കാൻ മേൽസാഹചര്യത്തിൽ ഇമാം നിർബന്ധപൂർവ്വം ഉടമസ്ഥരിൽ നിന്നത് വാങ്ങണം. ഇമാം ആവശ്യപ്പെടാതിരിക്കുകയും ഇമാം നിശ്ചയിക്കുന്ന വ്യക്തി വരാതിരിക്കുകയും ചെയ്താൽ വരുമെന്ന പ്രതീക്ഷയുണ്ടെങ്കിൽ സകാത്ത് വൈകിപ്പിക്കാം. വരുമെന്ന് പ്രതീക്ഷയില്ലെങ്കിൽ ഉടമസ്ഥന് നേരിട്ട് അവകാശികൾക്ക് വിതരണം ചെയ്യാം. ഇമാം ശാഫിഈ(റ) ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

കാർഷിക വിളകൾ

ഈത്തപ്പഴം, മുന്തിരി, ധാന്യങ്ങൾ എന്നിവയിൽ സകാത്ത് നിർബന്ധമാണ്. തൊലിയിൽ സൂക്ഷിക്കപ്പെടുന്ന നെല്ലുപോലെയുള്ളതിൽ 600 സ്വാഅ് (1920 ലിറ്റർ), തൊലിയില്ലാത്ത നെല്ലു പോലെയുള്ളതിൽ 300 സ്വാഅ് (960 ലിറ്റർ) ഉണ്ടെങ്കിൽ അതിൽ സകാത്ത് നിർബന്ധമാണ്. ഉൽപാദനച്ചെലവില്ലാത്തതാണെങ്കിൽ പത്തു ശതമാനവും ഉൽപാദനച്ചെലവുണ്ടെങ്കിൽ അഞ്ചു ശതമാനവുമാണ് നൽകേണ്ടത്. തൂക്കമല്ല; അളവാണ് പരിഗണിക്കുക.

സകാത്ത് നൽകാതെ മരിച്ചുപോയവരുടെ സ്വത്തിൽ നിന്ന് അർഹമായ സകാത്ത് നൽകിയ ശേഷമേ ഓഹരി ചെയ്യാവൂ. പച്ചക്കറി, മറ്റു പഴങ്ങൾ തുടങ്ങിയവയ്ക്കൊന്നും കൃഷി എന്ന ഗണത്തിൽ സകാത്തില്ലെങ്കിലും കച്ചവടം എന്ന നിലയിൽ സകാത്തുണ്ടായേക്കാം.

എന്നാൽ പരോക്ഷ സ്വത്തുക്കളുടെ സകാത്തിൽ ആവശ്യപ്പെടാനോ നിർബന്ധപൂർവ്വം പിരിച്ചെടുക്കാനോ ഇമാമിനധികാരമില്ല. സ്വമേധയാ ഉടമസ്ഥൻ ഏൽപ്പിച്ചാൽ ഇമാമിനത് സ്വീകരിക്കാവുന്നതാണ്. ഇമാം മാവർദി(റ) ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. (ശർഹുൽ മുഹദ്ദബ് 6/166)

അധികാരത്തിന് പരിധിയുണ്ട്

പരോക്ഷ സ്വത്തുക്കളുടെ സകാത്ത് തന്നെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടലും അത് പിരിച്ചെടുക്കലും ഇമാമിന് (ഇസ്‌ലാമിക ഭരണാധികാരിക്ക്) അനുവദനീയമല്ല എന്നാണ് പണ്ഡിതന്മാരുടെ ഇജ്മാഅ് (ഏകോപനാഭിപ്രായം). തുഹ്ഫ 3/344, നിഹായ 3/136, മുഗ്നി 1/413, ജമൽ 2/294, ബുജൈരിമി 2/587 തുടങ്ങിയ കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. നിഹായയുടെ വിശദീകരണത്തിൽ ഇമാം അലിയ്യുശ്ശബ്റാമല്ലസി(റ) രേഖപ്പെടുത്തുന്നു: 'ആവശ്യപ്പെട്ടാലും പരോക്ഷ സ്വത്തുക്കളുടെ സകാത്ത് ഇമാമിന് നൽകൽ ഉടമസ്ഥന് നിർബന്ധമില്ല. ആവശ്യപ്പെടൽ ഇമാമിന് നിഷിദ്ധവുമാണ്.' (ഹാശിയതുന്നിഹായ 3/136)

ഇമാം ഇബ്നുഹജർ(റ) രേഖപ്പെടുത്തുന്നു: ഒരു വ്യക്തി പരോക്ഷ സ്വത്തുക്കളുടെ സകാത്ത് നൽകുന്നില്ലെന്ന് ഇസ്‌ലാമിക ഭരണാധികാരി (ഇമാം) മനസ്സിലാക്കിയാൽ ആ വ്യക്തി നേരിട്ട് അത് അവകാശികൾക്ക് നൽകാനോ അവകാശികൾക്ക് നൽകാൻ വേണ്ടി തന്നെ ഏൽപ്പിക്കാനോ ആവശ്യപ്പെടൽ ഇമാമിന് നിർബന്ധമാണ്. ആ വ്യക്തി 'ഞാൻ നൽകിക്കൊള്ളാം' എന്നു പറഞ്ഞാൽ അതുകേട്ട് മതിയാക്കരുത്; പെട്ടെന്ന് കൊടുത്തുവീട്ടാൻ രണ്ടാലൊന്ന് ചെയ്യണം. സുകൃതങ്ങൾ ശീലമാക്കാനും ദുശ്ശീലങ്ങൾ ഒഴിവാക്കാനും ഇമാം ജാഗ്രത കാണിക്കണമെന്നതിനാലാണിത്. (തുഹ്ഫ 3/345 ശർവാനി സഹിതം)

ഈ വിശദീകരണത്തിൽ നിന്ന് ഇസ്‌ലാമിക ഭരണാധികാരിക്കു പോലും പരോക്ഷ സ്വത്തുക്കളുടെ സകാത്ത് പിരിച്ചെടുക്കാനോ ആവശ്യപ്പെടാനോ അവകാശമില്ലെന്ന് മനസ്സിലാക്കാം. ഒരു വ്യക്തി സകാത്ത് നൽകുന്നില്ലെന്നറിഞ്ഞാൽ അവകാശികൾക്ക് സകാത്ത് കൊടുക്കാൻ ഇസ്‌ലാമിക ഭരണാധികാരിയല്ലാത്തവർക്കും അവനോട് ആവശ്യപ്പെടാം. എന്നാൽ, തന്നെ ഏൽപ്പിക്കണമെന്ന് പറയാൻ ഇമാമിനു മാത്രമേ അവകാശമുള്ളൂ. (ഹാശിയതുന്നിഹായ - ശബ്റാമല്ലസി 3/136)

മേൽ വിശദീകരണങ്ങളിൽ നിന്ന് വ്യക്തമാകുന്ന ചില കാര്യങ്ങൾ:

1. സകാത്ത് സ്വത്തുക്കൾ

കുറി

ഒരു വർഷത്തിലേറെ നീണ്ടുനിൽക്കുന്ന കുറികൾക്ക് നിബന്ധനയോടെ സകാത്ത് നിർബന്ധമായേക്കാം. ഉദാഹരണമായി, മാസതവണ 16,500 രൂപ വീതമുള്ള കുറി നാല് മാസം കൊണ്ട് 66,000 രൂപയാകും. അതിനു ശേഷം ഒരു വർഷം തികഞ്ഞാൽ, അഥവാ 16-ാം മാസത്തിൽ 66,000 രൂപയുടെ (64,260 ആണ് 595 ഗ്രാം വെള്ളിയുടെ നിലവിലെ വില. കൃത്യമാക്കേണ്ടതാണ്) സകാത്ത് നിർബന്ധമാകും. അതുവരെ കുറി ലഭിക്കാത്തവർക്കാണ് ഇപ്രകാരം സകാത്ത് നിർബന്ധമാവുക. സകാത്ത് നിർബന്ധമാകുന്നതിനു മുൻപ് കുറി ലഭിക്കുകയും അത് സൂക്ഷിക്കാതിരിക്കുകയും ചെയ്താൽ സകാത്ത് ബാധകമാവില്ല.



ത്തുക്കളുടെ സകാത്ത് പിരിക്കാനോ ആവശ്യപ്പെടാനോ വകുപ്പില്ലെന്നിരിക്കെ ഇന്ന് കാണുന്ന സകാത്ത് ശേഖരണ-വിതരണ കമ്മിറ്റികൾക്ക് പ്രത്യേകിച്ചും ജനങ്ങളിൽനിന്ന് സകാത്ത് പിരിക്കാനോ ആവശ്യപ്പെടാനോ ഇസ്‌ലാമിൽ യാതൊരു വകുപ്പുമില്ല.

8. ഇസ്‌ലാമിക ഭരണം നിലവിലില്ലാത്തയിടങ്ങളിൽ സകാത്ത് നേരിട്ട് അവകാശികൾക്ക് വിതരണം ചെയ്യുക തന്നെയാണ് വേണ്ടത്.

പ്രതിഫലങ്ങളും താക്കീതുകളും

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: 'സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു. നിസ്കാരത്തിൽ ഭക്തിയുള്ളവരും അനാവശ്യ കാര്യങ്ങൾ അവഗണിക്കുന്നവരും സകാത്ത് നിർവഹിക്കുന്നവരുമാണവർ.' (വിശുദ്ധ ഖുർആൻ 23/14)

'അവരുടെ സമ്പത്തിൽ ചോദിച്ചുവരുന്നവർക്കും ഉപജീവനം തടയപ്പെട്ടവർക്കും നിർണിതമായ അവകാശമുണ്ട്.' (വിശുദ്ധ ഖുർആൻ 70/24,25)

സകാത്ത് ശുദ്ധീകരണമാണെന്നും ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു: 'അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ദാനം അവരുടെ സമ്പത്തിൽ നിന്ന് അങ്ങ് വാങ്ങുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അങ്ങയുടെ പ്രാർത്ഥന അവർക്ക് ശാന്തി പ്രദാനം ചെയ്യുന്നു. അല്ലാ

പ്രകടം, പരോക്ഷം എന്നിങ്ങനെ രണ്ടിനമുണ്ട്.

2. പ്രകടസ്വത്തുക്കളുടെ സകാത്ത് ഉടമസ്ഥരിൽ നിന്ന് ശേഖരിച്ച് അവകാശികൾക്ക് വിതരണം ചെയ്യൽ ഇമാമിന് നിർബന്ധമാണ്.

3. പരോക്ഷ സ്വത്തുക്കളുടെ സകാത്ത് ഉടമസ്ഥരിൽ നിന്ന് പിരിച്ചെടുക്കാൻ ഇസ്‌ലാമിക ഭരണാധികാരിക്കു പോലും വകുപ്പില്ല.

4. അത് ആവശ്യപ്പെടുന്നതും ജനങ്ങളിൽനിന്ന് നിർബന്ധപൂർവ്വം പിരിച്ചെടുക്കുന്നതും നിഷിദ്ധമാണെന്നതിൽ പണ്ഡിതന്മാരുടെ ഇജ്മാഅ് ഉണ്ട്.

5. ഒരു വ്യക്തി സകാത്ത് കൊടുക്കുന്നില്ലെന്നറിഞ്ഞാൽ, നേരിട്ട് അവകാശികൾക്ക് വിതരണം ചെയ്യാൻ ഉടമസ്ഥനോട് ആവശ്യപ്പെടുക, തന്നെ ഏൽപ്പിക്കാൻ നിർദ്ദേശിക്കുക എന്നീ രണ്ടു മാർഗ്ഗങ്ങൾ മാത്രമേ ഇസ്‌ലാമിക ഭരണാധികാരിക്കുള്ളൂ.

6. ഇസ്‌ലാമിക ഭരണാധികാരിയല്ലാത്തവർക്ക് ഇപ്പറഞ്ഞതിനും വകുപ്പില്ല. നന്മകൾ ചെയ്യാൻ നിർദ്ദേശിക്കുന്നതുപോലെ അവകാശികൾക്ക് നേരിട്ട് സകാത്ത് നൽകാൻ ഉടമസ്ഥരോട് നിർദ്ദേശിക്കാമെന്നുമാത്രം.

7. തന്റെ അധികാരത്തിനു പുറത്തായതിനാൽ ഇസ്‌ലാമിക ഭരണം നിലനിൽക്കുന്നിടത്തുള്ള ഇമാമിനു പോലും പരോക്ഷ സ്വ

തന്റെ അധികാരത്തിനു പുറത്തായതിനാൽ ഇസ്‌ലാമിക ഭരണം നിലനിൽക്കുന്നിടത്തുള്ള ഇമാമിനു പോലും പരോക്ഷ സ്വത്തുക്കളുടെ സകാത്ത് പിരിക്കാനോ ആവശ്യപ്പെടാനോ വകുപ്പില്ലെന്നിരിക്കെ ഇന്ന് കാണുന്ന സകാത്ത് ശേഖരണ-വിതരണ കമ്മിറ്റികൾക്ക് പ്രത്യേകിച്ചും ജനങ്ങളിൽനിന്ന് സകാത്ത് പിരിക്കാനോ ആവശ്യപ്പെടാനോ ഇസ്‌ലാമിൽ യാതൊരു വകുപ്പുമില്ല.

കടം

595 ഗ്രാം വെള്ളിയുടെ വിലയ്ക്ക് തുല്യമോ അതിൽ കൂടുതലോ പണം കടം നൽകിയാൽ ഒരു വർഷം പൂർത്തിയാകുന്ന ദിവസം രണ്ടര ശതമാനം സകാത്ത് നൽകണം. കിട്ടുമെന്ന് പ്രതീക്ഷയില്ലാത്ത കടം കിട്ടിയാൽ അതിനു ശേഷം ഓരോ വർഷത്തിനും സകാത്ത് നൽകണം. നഷ്ടപ്പെട്ടതോ അപഹരിക്കപ്പെട്ടതോ ലഭിച്ചാൽ മേൽപ്പറഞ്ഞ കണക്കുണ്ടെങ്കിൽ സകാത്ത് നൽകണം.

ഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.' (വിശുദ്ധ ഖുർആൻ 9/103)

സകാത്ത് നൽകാത്തവർക്കുള്ള ശിക്ഷയെക്കുറിച്ച് വിശദീകരിക്കുന്ന നിരവധി ഹദീസുകൾ കാണാം. അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: അല്ലാഹു ഒരാൾക്ക് സമ്പത്ത് നൽകി. അതിനുള്ള സകാത്ത് കൊടുക്കാൻ അവൻ കൂട്ടാക്കിയില്ല. എന്നാൽ, അന്ത്യനാളിൽ ഈ സമ്പത്ത് ഒരു ഭീകര സർപ്പമായി അവന്റെ മുമ്പിലെത്തും. ആ സർപ്പം അവന്റെ കഴുത്തിൽ ചുറ്റിവരിയും. അവന്റെ കവിൾതടങ്ങളിൽ ആഞ്ഞുകൊത്തി ആ സർപ്പം പറയും: 'ഞാൻ നിന്റെ ധനമാണ്, നിക്ഷേപസ്വത്താണ്.' ശേഷം 'അല്ലാഹു നൽകിയ സമ്പത്തിൽ പിശുക്ക് കാണിക്കുന്നവർക്കത് ഗുണകരമാണെന്ന് ചിന്തിച്ചുപോകരുത്' എന്ന ആശയം വരുന്ന ഖുർആൻ സൂക്തം തിരുറസൂൽ(സ) ഓതിക്കേൾപ്പിച്ചു. (ബുഖാരി 1403)

അനസ്(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'സകാത്ത് (നൽകാതെ) തടഞ്ഞുവെക്കുന്നവർക്ക് അന്ത്യനാളിൽ നരകമുണ്ട്.' (ത്വബ്റാനി)

ബുറൈദ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'സമ്പത്തിന്റെ സകാത്ത് (നൽകാതെ) തടഞ്ഞുവെക്കുന്ന ജനതയെ അല്ലാഹു വരൾച്ച കൊണ്ട് പരീക്ഷിക്കും.' (ത്വബ്റാനി)

അവകാശികൾ

1. ഫഖീർ: തനിക്കും തന്റെ ആശ്രിതർക്കും കഴിഞ്ഞുകൂടാനാ

സ്വർണം, വെള്ളി, കറൻസി

അനുവദനീയമായ ആഭരണമല്ലാത്ത സ്വർണം 85 ഗ്രാമും വെള്ളി 595 ഗ്രാമും ഒരു വർഷം സ്റ്റോക്ക് വെച്ചാൽ വർഷത്തിന് രണ്ടര ശതമാനമെന്ന തോതിൽ സകാത്ത് നൽകണം. അനുവദനീയമായ ആഭരണങ്ങൾക്ക് സകാത്തില്ല. ഉപയോഗിക്കാതെ ലോക്കറിലോ മറ്റോ സൂക്ഷിച്ചാലും അനുവദനീയ ആഭരണങ്ങൾക്ക് സകാത്തില്ലെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. എന്നാൽ, സമ്പാദ്യം എന്ന രീതിയിൽ ഒരു വർഷം സൂക്ഷിച്ചാൽ സകാത്ത് നൽകണം. ജ്വല്ലറിക്കാർ കച്ചവടം എന്ന രീതിയിലാണ് സകാത്ത് നൽകേണ്ടത്.

595 ഗ്രാം വെള്ളിയുടെയോ 85 ഗ്രാം സ്വർണത്തിന്റെയോ വിലയ്ക്കു തുല്യമോ അതിൽ കൂടുതലോ ആയ തുക ഒരു വർഷം പൂർണമായി സൂക്ഷിച്ചാൽ 2.5 ശതമാനം സകാത്ത് നൽകണം. നിലവിൽ 595 ഗ്രാം വെള്ളിയുടെ വില 85 ഗ്രാം സ്വർണത്തിന്റെ വിലയെക്കാൾ എത്രയോ കുറവായതിനാൽ വെള്ളിയുടെ വിലയനുസരിച്ചാണ് കറൻസിക്കും കച്ചവടത്തിനും സകാത്ത് കണക്കാക്കേണ്ടത്.

ഒരു ഗ്രാം വെള്ളിയുടെ വില 108 രൂപയാണെങ്കിൽ 64,260 (595*108 = 64,260) രൂപയോ അതിൽ കൂടുതലോ സൂക്ഷിച്ചുവെച്ചാൽ വർഷം തികയുമ്പോൾ 2.5 ശതമാനം (1606.5 രൂപ) സകാത്ത് നൽകണം. നിക്ഷേപമായി നിന്നാൽ മാത്രമേ സകാത്ത് നിർബന്ധമാകൂ.

കൊടുക്കാനുള്ള കടങ്ങൾ സ്വത്തിന്റെ സകാത്ത് നിർബന്ധമാവുന്നതിന്നു തടസ്സമല്ല. സ്റ്റോക്കുള്ള പണത്തിനു തുല്യമോ അതിലധികമോ കടമുണ്ടെങ്കിലും വർഷം തികയുന്നതുവരെ സൂക്ഷിച്ചാൽ സകാത്ത് കൊടുക്കണം. എന്നാൽ, കടമുള്ളവൻ ഫിത്വ്ർ സകാത്ത് കൊടുക്കേണ്ടതില്ല. (തുഹ്ഫ 3/344). കാരണം ഫിത്വ്ർ സകാത്ത് വ്യക്തിയുടെ ഉത്തരവാദിത്തത്തോട് ബന്ധപ്പെട്ട കടമയാണല്ലോ. (മഹല്ലി 2/27).

വശ്യമായ സമ്പത്തോ അനുയോജ്യ സമ്പാദ്യമാർഗമോ ഇല്ലാത്തവർ.

2. മിസ്കീൻ: തനിക്കും തന്റെ ആശ്രിതർക്കും കഴിഞ്ഞുകൂടാനാവശ്യമായ സമ്പത്തും സമ്പാദ്യമാർഗ്ഗവുമുണ്ടെങ്കിലും അത് തികയാത്തവർ.

3. ഉദ്യോഗസ്ഥൻ: സകാത്ത് ശേഖരിക്കാനോ വിതരണം ചെയ്യാനോ ഉടമസ്ഥരെയും അവകാശികളെയും സംഘടിപ്പിക്കാനോ കണക്കുകളും മറ്റും രേഖപ്പെടുത്താനോ ഇസ്‌ലാമിക ഭരണാധികാരി (ഇമാം) നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ. ബൈത്തുൽമാലിൽ നിന്ന് ശംബളം ലഭിക്കുന്നുണ്ടെങ്കിൽ ഉദ്യോഗസ്ഥന് സകാത്തിന് അവകാശമില്ല.

4. പുതുവിശ്വാസി: ദുർബലമായ മാനസികാവസ്ഥയിൽ ഇസ്‌ലാം സ്വീകരിച്ചവരും സകാത്ത് നൽകുന്നതുകൊണ്ട് മറ്റുള്ളവരെ സ്വാധീനിക്കാനും അവരെ ഇസ്‌ലാമിലേക്ക് കൊണ്ടുവരാൻ പ്രചോദനമാകാനും സാധ്യതയുള്ള, പുതുവിശ്വാസികളായ പ്രമുഖരും - വിശ്വാസദൗർബല്യമില്ലെങ്കിൽ പോലും - ഈ വിഭാഗത്തിൽ പെടും.

5. യജമാനനുമായി മോചന കരാറിലേർപ്പെട്ട അടിമ.

6. കടബാധ്യതയുള്ളവൻ: കുറ്റകരമല്ലാത്ത കാര്യത്തിനുവേണ്ടി സ്വന്തം ആവശ്യത്തിനോ പൊതുഗുണത്തിനോ തടവുപുള്ളിയെ മോചിപ്പിക്കുന്നതിനോ കടം വാങ്ങി ബാധ്യതയായവർ ഈ വിഭാഗത്തിൽ പെടും.

7. ഫീ സബീലില്ലാഹി : ഇസ്‌ലാമിക മാർഗ്ഗത്തിലുള്ള യോദ്ധാക്കളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക.

8. ഇബ്നുസ്സബീൽ: സകാത്തിന്റെ നാട്ടിലൂടെ കടന്നുപോകുന്ന യാത്രക്കാരും അവിടെനിന്ന് യാത്രയാരംഭിക്കുന്നവരുമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക. യാത്രാചെലവിന് മാർഗമില്ലാത്തവരും ഹലാലായ യാത്ര നടത്തുന്നവരുമാകൽ നിബന്ധനയാണ്.

ഈ അവകാശികളിൽ സകാത്തിന്റെ ഉദ്യോഗസ്ഥർ, യജമാനനുമായി മോചനകരാറിലേർപ്പെട്ട അടിമ, യോദ്ധാക്കൾ എന്നീ വിഭാഗക്കാർ ഇക്കാലത്ത് നമ്മുടെ നാടുകളിലില്ല. നിലവിലുള്ളവരിൽ ഏതെങ്കിലും ഒരു വിഭാഗത്തിലെ മൂന്നുപേർക്ക് നൽകിയാലും സകാത്ത് ബാധ്യത വീടുന്നതാണ്. ഹാശിം, മുത്വലിബ് എന്നീ നബി കുടുംബത്തിൽ പെട്ടവർക്ക് സകാത്ത് നൽകിയാൽ മതിയാവില്ല. സ്വന്തം നാട്ടിൽ അവകാശികളുണ്ടായിരിക്കെ മറ്റു നാട്ടിൽ സകാത്ത് കൊടുക്കാനും പാടില്ല.

അയൽവാസികൾ സകാത്ത് കൈമാറുന്ന സമ്പ്രദായമാണ് പലയിടങ്ങളിലും നിലവിലുള്ളത്. ഇരു കൂട്ടരും അവകാശികളിൽ പെട്ടവരാകുമ്പോൾ അത് അനുവദനീയവും കൂടുതൽ പുണ്യവുമാണ്. എന്നാൽ, അവകാശികളല്ലാത്തവർക്ക് അയൽവാസികളെന്ന പരിഗണന മാത്രം വെച്ച് നൽകിയാൽ സകാത്ത് വീടില്ലെന്ന് പ്രത്യേകം ശ്രദ്ധിക്കണം.

നമ്മുടെ നാടുകളിൽ ബിദ്അത്തുകാർ തട്ടിക്കൂട്ടുന്ന സകാത്ത് കമ്മിറ്റികൾ മേൽപ്പറഞ്ഞ അവകാശികളിൽ ഉൾപ്പെടാൻ വികലമായ വ്യാഖ്യാനങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കുന്നുണ്ട്. ഉദാഹരണത്തിന്, ഫീ സബീലില്ലാഹ് എന്ന വിഭാഗത്തിൽ ദീനിന്റെ പുരോഗതിക്കനുഗുണമായ മുഴുവൻ കാര്യങ്ങളും പെടുമെന്നും പത്രമാധ്യമങ്ങളുടെ പ്രവർത്തനങ്ങൾക്കും മറ്റും അവ ഉപയോഗിക്കാമെന്നും അവർ ദുർവ്യാഖ്യാനം ചെയ്യുന്നു. പ്രാമാണിക ഇമാമുകളുടെയെല്ലാം വിധിതീർപ്പുകൾക്കെതിരാണ് പ്രസ്തുത അബദ്ധവാദം.

സംഘടിത സകാത്ത് കൊണ്ടുണ്ടാകുന്ന ചില പ്രത്യാഘാതങ്ങൾ വായിക്കുക:

1. സകാത്ത് വിതരണത്തിന് മൂന്നു മാർഗങ്ങളാണ് ഇസ്‌ലാമിലുള്ളത്. (ഇസ്‌ലാമിക ഭരണം നിലവിലുള്ള സ്ഥലങ്ങളിൽ ഇമാമിനെ ഏൽപ്പിക്കുക, വ്യക്തികൾക്ക് നേരിട്ട് നൽകുക, വ്യക്തികൾക്ക് നൽകാൻ നിശ്ചിത വ്യക്തിയെ വകാലത്താക്കുക.) ഈ മൂന്നു രീതികളിലും ചിലർ നടത്തുന്ന സംഘടിത സകാത്ത് ഉൾപ്പെടുത്താൻ വകുപ്പില്ല.

2. അവകാശികൾക്ക് സമയത്തിന് ലഭിക്കുന്നില്ല. പല സകാത്ത് കമ്മിറ്റികളും പുറത്തുവിട്ട സകാത്ത് വിതരണത്തിന്റെ കണക്കുകളിൽ മുൻവർഷത്തെ ബാക്കി കാണുന്നു. ഉടൻ കൊടുത്തു വീട്ടേണ്ട സകാത്ത് വൈകിപ്പിക്കുന്നത് ഗുരുതരമായ കുറ്റമാണ്.

3. ഇസ്‌ലാമിക ഭരണാധികാരിക്കു പോലും പിരിക്കാനോ ആവശ്യപ്പെടാനോ അധികാരമില്ലാത്ത പരോക്ഷ സ്വത്തുക്കളുടെ സകാത്ത് ആവശ്യപ്പെടുന്നതും ശേഖരിക്കുന്നതും കുറ്റകരമാണ്.

4. പല സകാത്ത് കമ്മിറ്റികളും ജനങ്ങളിൽനിന്ന് ശേഖരിക്കുന്ന പണം ബാങ്കിൽ നിക്ഷേപിക്കു

പ്രോവിഡന്റ് ഫണ്ട്

സർക്കാർ, സർക്കാരേതര ജോലിക്കാർക്ക് അവരുടെ തൊഴിൽദായകർ നിശ്ചിത സമയത്ത് നൽകുന്ന ധനമാണ് പി.എഫ്.

പി.എഫ് വിഹിതം 595 ഗ്രാം വെള്ളിയുടെ വിലയ്ക്കു തുല്യമായതു മുതൽ വർഷം തികഞ്ഞാൽ സകാത്ത് നൽകണം. ശേഷം വരുന്ന സംഖ്യകൾക്കും ഇത് ബാധകമാവും.

റിയൽ എസ്റ്റേറ്റ്

റിയൽ എസ്റ്റേറ്റ് വൻലാഭം കൊയ്യുന്ന കച്ചവടമേഖലയാണിന്ന്. വീടുനിർമാണത്തിനോ മറ്റോ വാങ്ങുന്ന പറമ്പുകൾക്ക് സകാത്തില്ല. എന്നാൽ, കച്ചവട ലക്ഷ്യത്തോടെ വാങ്ങുന്നതോടെ പറമ്പുകളും കച്ചവടച്ചരക്കുകളായി ഗണിക്കപ്പെടും. അതനുസരിച്ച് വർഷം പൂർത്തിയാവുമ്പോൾ വിൽപ്പനക്കായി വാങ്ങിയ ആകെ ഭൂമിയുടെ കണക്കെടുത്ത് കമ്പോളനിലവാരം കണക്കാക്കി മേൽവിവരിച്ച നിശ്ചിത തുകയുണ്ടെങ്കിൽ 2.5 ശതമാനം സകാത്ത് നൽകണം.

കയും പലിശ ഈടാക്കുകയും ചെയ്യുന്നു. പലിശ കർശനമായി വിലക്കിയ ഇസ്ലാമിന്റെ നിർബന്ധ സകാത്തുകൊണ്ടാണീ കളിയെന്നോർക്കണം.

5. പ്രാദേശിക കമ്മിറ്റി സ്വീകരിക്കുന്ന സകാത്ത് പ്രാദേശിക പരിധിക്കപ്പുറത്തുള്ളവർക്കും കമ്മിറ്റിയുടെ മേൽഘടകങ്ങൾക്കും നൽകുന്നു.

6. കമ്മിറ്റികൾ സകാത്ത് അവകാശികൾക്ക് നൽകിയോ എന്ന ആശങ്ക നിലനിൽക്കുന്നു. അവകാശികൾക്ക് ലഭിക്കാത്ത കാലത്തോളം സകാത്ത് ഉടമസ്ഥന്റെ ഉത്തരവാദിത്തത്തിൽ കടമായി നിലനിൽക്കുന്നു.

7. നാട്ടിലെ മുഖ്യധാന്യമാണല്ലോ ഫിത്വർ സകാത്തായി നൽകേണ്ടത്. അതിനുപകരം കമ്മറ്റികൾ വശം പണം ഏൽപ്പിച്ച് അവർ അവകാശികൾക്ക് നൽകിയാലും സകാത്ത് വീടുകയില്ല.

വകാലത്തും സംഘടിത സകാത്തും

സകാത്ത് വകാലത്താക്കാം. എന്നാൽ അതിന് ചില നിബന്ധനകൾ പൂർവ്വസൂരികളായ പണ്ഡിതന്മാർ നിർദ്ദേശിച്ചിട്ടുണ്ട്.

1. വിശ്വസ്തനാവുക. അമുസ്ലിം വ്യക്തികളെ വകാലത്താക്കാമെങ്കിലും വകാലത്താക്കുമ്പോൾ തന്നെ ഉടമ നിയ്യത്ത് ചെയ്യുകയും സകാത്ത് സ്വീകരിക്കുന്ന വ്യക്തിയെ നിർണയിച്ചു നൽകുകയും വേണം.

2. ഏൽപ്പിക്കപ്പെടുന്ന വ്യക്തി തന്റെയോ ആശ്രിതരുടെയോ ആവശ്യത്തിന് അതിൽ നിന്ന് എടുക്കില്ലെന്ന ഉറപ്പുണ്ടാവുക. ഉടമസ്ഥനോ വകീലോ വിതരണം ചെയ്യുമ്പോൾ ഇമാം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള വിഹിതം ലഭിക്കില്ലെന്നും അവകാശികളിൽ ബാക്കിയുള്ള ഏഴ് വിഭാഗത്തിന് നൽകണമെന്നും ഇമാം നവവി(റ) വിശദീകരിച്ചിട്ടുണ്ട്. (ശർഹുൽ മുഹദ്ദബ് 6/185)

3. ഉടനെ കൊടുത്തുവീട്ടുക. ഏൽപ്പിക്കപ്പെട്ട വിഹിതം അവകാശികൾക്ക് നൽകുന്നതിൽ താമസമുണ്ടാവരുത്. വൈകിപ്പിച്ചാൽ വകീൽ കുറ്റക്കാരനാവുകയും ഏൽപ്പിക്കപ്പെട്ട വസ്തു നശിച്ചുപോയാൽ ഉത്തരവാദിയാവുകയും ചെയ്യും. (മുഗ്നി 2/129)

4. അവകാശികൾക്കു തന്നെ വിതരണം ചെയ്യുക. പള്ളികൾ, മതസ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവ നിർമിക്കാനോ മറ്റു സംരംഭങ്ങൾക്കോ സകാത്ത് വിഹിതം ഉപയോഗിച്ചുകൂടാ.

5. അവകാശികളെക്കുറിച്ച് അറിവുണ്ടാവുക. സകാത്ത് വിഹിതം ഏൽപ്പിക്കപ്പെടുന്ന അവകാശികൾ സകാത്ത് സ്വീകരിക്കാൻ അർഹരാണെന്ന് വകീലിന് അറിവുണ്ടാകണം.

മേൽപറഞ്ഞ നിബന്ധനകളൊന്നും പുത്തൻവാദികൾ കൊട്ടിഘോഷിക്കുന്ന സംഘടിത സകാത്തിലില്ലെന്നത് പകൽവെളിച്ചം പോലെ വ്യക്തമാണല്ലോ. കമ്മിറ്റിയെയോ സംഘടനയെയോ സകാത്ത് ഏൽപ്പിക്കാമെന്നതിന് ഖുർആനിലോ ഹദീസിലോ ഉത്തമനൂറ്റാണ്ടിലെ പൂർവ്വസൂരികളായ പണ്ഡിതന്മാരുടെ വീക്ഷണങ്ങളിലോ യാതൊരു തെളിവുമില്ല. വിശുദ്ധ ഖുർആനിലെ സൂറത്തുത്തൗബ അറുപതാം സൂക്തത്തിൽ വിശദീകരിച്ച 8 അവകാശികളിൽ ഇത്തരം കമ്മിറ്റികളെ ഉൾപ്പെടുത്താൻ യാതൊരു വകുപ്പുമില്ല.

സകാത്ത് അവകാശികൾക്കു തന്നെ ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന, അല്ലാഹുവിൽ ഭയമുള്ള വിശ്വാസികൾ ഇത്തരം സകാത്ത് കമ്മിറ്റികളെ അവഗണിക്കുകയും അതിനെതിരെ സമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്യണം.

വാടക സാധനങ്ങൾ

വാടകയ്ക്ക് കൊടുക്കണമെന്ന ഉദ്ദേശ്യത്തിൽ വാടകയ്ക്ക് വാങ്ങിയ സാധനങ്ങൾക്കും സകാത്തുണ്ട്. വാടകക്കെട്ടിടം, ഫ്ളാറ്റ്, വാഹനങ്ങൾ എന്നിവയെല്ലാം മൊത്തത്തിൽ വാടകയ്ക്ക് വാങ്ങി മേൽവാടകക്ക് നൽകുന്നത് വ്യാപകമാണല്ലോ. ഇവയ്ക്ക് സകാത്തില്ലെങ്കിലും ഇവയിൽനിന്ന് വാടകയിനത്തിൽ ലഭിക്കുന്ന തുകയുടെ കണക്കും (595 ഗ്രാം വെള്ളിയുടെ വില) അതിന്റെ വർഷവും പൂർത്തിയാവുമ്പോൾ സകാത്ത് നിർബന്ധമാകും. വർഷം മുഴുവൻ വാടകയിൽ പോയിട്ടില്ലെങ്കിലും അതിന്റെ സാധാരണ വാടക കണക്കാക്കി കണക്കുണ്ടെങ്കിൽ സകാത്ത് കൊടുക്കണം. (തുഹ്ഫ 3/326)

വ്രതകാല സമൃതി

ബുജൈർ ചെട്ടിപ്പടി

തിരുച്ചിറപ്പള്ളിയിലെ നോമ്പുകാലങ്ങൾ

ദക്ഷിണേന്ത്യയിലെ പ്രധാന ജലസ്രോതസായ കാവേരിനദിയുടെ തീരത്ത് തമിഴ്നാടിന്റെ ഹൃദയഭാഗത്തുള്ള പ്രധാന നഗരമാണ് തിരുച്ചിറപ്പള്ളി. സമ്പന്നമായ സാംസ്കാരിക പൈതൃകവും മതപാരമ്പര്യവുമുള്ള നാട്. തമിഴ്നാട്ടിലെ പഴക്കമേറിയ നഗരങ്ങളിലൊന്നായ തിരുച്ചിറപ്പള്ളി ഇന്നൊരു പ്രധാന ഭരണ, വിദ്യാഭ്യാസ, സാമ്പത്തിക കേന്ദ്രമാണ്. എവിടെയും തിരക്കേറിയ നഗരക്കാഴ്ച്ചകളാണ് കാണാൻ കഴിയുക. ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂറ്റൻ വ്യവസായശാലകളും തിരുച്ചിറപ്പള്ളിയെ ഒരു സമ്പന്ന നഗരമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

അറേബ്യൻ വ്യാപാരികളിലൂടെ ഏഴാം നൂറ്റാണ്ടിൽ തന്നെ തിരുച്ചിറപ്പള്ളിയുടെ ഇസ്‌ലാമിക ചരിത്രം ആരംഭിച്ചിട്ടുണ്ട്. തിരുച്ചിറപ്പള്ളിയിലെ മക്കാമസ്ജിദിനടുത്ത് നിലകൊള്ളുന്ന മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നത് മാലികുബ്നുദീനാർ(റ) വിന്റെ കൂടെ ഇന്ത്യയിലെത്തിയ സ്വഹാബിവര്യനായ ഇബ്റാഹീമുന്നബിയ്യ്(റ) ആണെന്ന് കരുതപ്പെടുന്നു. ഹിജ്റ 112ൽ നിർമിച്ച, തമിഴ്നാട്ടിലെ മൂന്നാമത്തെ പള്ളിയാണിത്. പത്താം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇസ്‌ലാമിക പ്രബോധനാർത്ഥം ഇന്ത്യയിലെത്തിയ നത്ഹർഷാഹ് വലിയുല്ലാഹി(റ)യാണ് തിരുച്ചിറപ്പള്ളി ആസ്ഥാനമായുള്ള ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ സജീവമാക്കിയത്. തിരുച്ചിറപ്പള്ളിയിലെ മുസ്‌ലിംകൾ പ്രാഥമികമായി തമിഴ് സംസാരിക്കുന്നവരും സുന്നി പാരമ്പര്യം പിന്തുടരുന്നവരുമാണ്.

നോമ്പുകാലത്തിന്റെ സൗന്ദര്യം

റമളാൻ ആരംഭിക്കുന്നതോടെ പള്ളികൾ സജീവമാകും. വീടുകളിൽ നിന്നും പള്ളികളിൽ നിന്നും ഖുർആൻ പാരായണത്തിന്റെ മധുരസാന്ദ്രമായ ശബ്ദവീചികൾ അലയടിക്കും. റമളാനെത്തുന്നതോടെ അനിർവ്വചനീയമായ ഒരനുഭൂതി വിശ്വാസി മാനസങ്ങളിൽ വിരുന്നെത്തും. അത്യുഷ്ണത്തിലും ആ അനുഭൂതി നഷ്ടപ്പെട്ടുപോകില്ലെന്നതാണ് കൗതുകം. വൈവിധ്യമാർന്ന ഇഫ്താർ വിഭവങ്ങളുമായി തെരുവുകൾ സജീവമാകുന്നത് റമളാനിലെ വൈകുന്നേരക്കാഴ്ച്ചയാണ്. ഒഴിഞ്ഞുകിടക്കുന്ന പറമ്പിലെ പുല്ലുകൾ വെട്ടിമാറ്റി എട്ടുപത്ത്

ടേബിളും കസാലകളും നിരത്തി ഒരു മേശയും വെച്ചാൽ ഇഫ്താർ വിഭവങ്ങൾ വിൽക്കാനുള്ള കട റെഡി. വിഭവങ്ങളുടെ വിലയെഴുതിയ ബോഡുകളും മുന്നിലുണ്ടാകും.

പല തരം പലഹാരങ്ങൾ വിൽക്കുന്ന ഉന്തുവണ്ടികളും തെരുവുകളിൽ സജീവമാകും. തമിഴ്നാട്ടിലെ നഗരപ്രദേശങ്ങളിൽ പൊതുവെ കാണാറുള്ള തെരുവുവിൽപ്പന നോമ്പുകാലത്ത് ഇരട്ടിയാകും. രാത്രി സമയങ്ങളിലാണ് കച്ചവടം കൂടുതൽ സജീവമാവുക. വാഴയ്ക്കബജിയും ഉഴുന്നുവടയുമാണ് പ്രധാന വിഭവങ്ങൾ. ചിലയിടങ്ങളിൽ സമൂസയും കാണും. ഇവരാണ് ഇഫ്താർ വിഭവങ്ങളിലെ രാജാക്കന്മാർ എന്നു പറയാം. പഴവർഗങ്ങളൊന്നും കൂടുതൽ കാണാൻ കഴിയില്ല. കേരളത്തിൽ വ്യാപകമായി കാണപ്പെടാറുള്ള തണ്ണിമത്തൻ പോലും തമിഴ്നാട്ടിലെ നോമ്പുതുറയിൽ കാണാൻ പ്രയാസം.

നോമ്പുകഞ്ഞി

അസർ നിസ്കാരത്തിന് പള്ളിയിലേക്കു വരുമ്പോൾ എല്ലാവരുടെയും കയ്യിൽ ഒരു തൂക്കുപാത്രമോ ചെറിയ ബക്കറ്റോ ഉണ്ടാകും. നിസ്കാരശേഷം കഞ്ഞി വിതരണം ആരംഭിക്കും. തമിഴ്നാട്ടിലെ പതിറ്റാണ്ടുകളായുള്ള പതിവാണിത്. പച്ചരി കൊണ്ടാണ് മസാലക്കഞ്ഞിയുണ്ടാക്കുക. ബിരിയാണിയോട് സാമ്യമുള്ള രുചിയായിരിക്കുമതിന്. നാട്ടുകാർക്കെല്ലാം പ്രിയങ്കരമായ വിഭവമാണിത്. നിലവിൽ എല്ലാ പള്ളികൾക്കും ഒരുമാസം കഞ്ഞി വെക്കാനുള്ള അരി തമിഴ്നാട് ഗവൺമെന്റ് നൽകി വരുന്നുണ്ട്.

അസ്വർനിസ്കാരം കഴിയുമ്പോഴേക്കും സ്ത്രീകളും കുട്ടികളുമടങ്ങുന്ന വലിയൊരു കൂട്ടം ജനങ്ങൾ പള്ളിമുറ്റത്ത് കഞ്ഞിയും കാത്തുനിൽപ്പുണ്ടാകും.

ജാതിമതഭേദമന്യേ എല്ലാവരും കഞ്ഞി വാങ്ങാനെത്തും. വിശേഷ ഭക്ഷണമെന്ന നിലയിൽ തന്നെയാണവർ കഞ്ഞി വാങ്ങുന്നതും കുടിക്കുന്നതും. രുചിയൂറുന്ന റമളാൻകഞ്ഞിയെക്കുറിച്ച് അമുസ്‌ലിം സഹോദരങ്ങളും സംസാരിക്കാറുണ്ട്. ഇരുപത്തിയേഴാം രാവിൽ ഇറച്ചിയും മറ്റു മസാലകളും ചേർത്ത സ്പെഷ്യൽ കഞ്ഞിയായിരിക്കും തയ്യാറാക്കുക.

അസ്വ്ർനിസ്കാര ശേഷം കുട്ടികളും ചെറുപ്പക്കാരുമെല്ലാം പള്ളിയിലെ നോമ്പുതുറക്കെത്തിത്തുടങ്ങും. പല പള്ളികളിലും നോമ്പുതുറക്കായി പ്രത്യേക സ്ഥലം സജ്ജീകരിച്ചിട്ടുണ്ടാകും. അവിടെ പായ വിരിക്കും. ഒരു പാത്രം നിറയെ കഞ്ഞിയും വട, സമൂസ, ബജി തുടങ്ങിയ വറുത്ത വിഭവങ്ങളും ചില ദിവസങ്ങളിൽ ജ്യൂസും ഒരാൾക്ക് നോമ്പുതുറക്കാനുള്ള വിഭവങ്ങളായുണ്ടാവും.

ഇഫ്താർ വിരുന്നുകൾ

അസ്വ്ർനിസ്കാര ശേഷം കുട്ടികളും ചെറുപ്പക്കാരുമെല്ലാം പള്ളിയിലെ നോമ്പുതുറക്കെത്തിത്തുടങ്ങും. പല പള്ളികളിലും നോമ്പുതുറക്കായി പ്രത്യേക സ്ഥലം സജ്ജീകരിച്ചിട്ടുണ്ടാകും. അവിടെ പായ വിരിക്കും. ഒരു പാത്രം നിറയെ കഞ്ഞിയും വട, സമൂസ, ബജി തുടങ്ങിയ വറുത്ത വിഭവങ്ങളും ചില ദിവസങ്ങളിൽ ജ്യൂസും ഒരാൾക്ക് നോമ്പുതുറക്കാനുള്ള വിഭവങ്ങളായുണ്ടാവും. പത്തിരുനൂറു പേർക്കുള്ള വിഭവങ്ങൾ മഗ്‌രിബാകുമ്പോഴേക്കും നിശ്ചിത അകലം കണക്കാക്കി നിരത്തിവെക്കും. പുരുഷന്മാരാരും വീട്ടിൽ നിന്ന് നോമ്പുതുറക്കാറില്ല. ബാങ്കിനു സമയമായാൽ മൈക്കിലൂടെ 'അല്ലാഹുമ്മ ലകസുംതു...' എന്ന് തുടങ്ങുന്ന ദിക്റ് ചൊല്ലും. എല്ലാവരും അത് ഏറ്റുചൊല്ലി നോമ്പുതുറയാരംഭിക്കും. ഉമ്മമാരെല്ലാം വീട്ടുതിണ്ണയിൽ നോമ്പു തുറക്കാനുള്ള ദിക്റും പ്രതീക്ഷിച്ചിരിക്കുകയാ

യിരിക്കും. ഇതേ വിഭവങ്ങൾ തന്നെയാണ് ഏതാണ്ടെല്ലാ വീട്ടിലുമുണ്ടാവുക. എല്ലാവരും ദിക്ർ ഏറ്റുചൊല്ലും. നോമ്പു തുറന്നതിനു ശേഷമാണ് ബാങ്ക് വിളിക്കുക. ഈ ലഘുഭക്ഷണമാണ് നോമ്പു തുറ. വേറെ ഭക്ഷണമൊന്നുമില്ല. 'പകലിൽ ഭക്ഷിക്കാൻ കഴിയാത്തതിന് നോമ്പു തുറക്കുമ്പോൾ പകരം വീട്ടുകയാണെങ്കിൽ ആ നോമ്പിന് യാതൊരു ഫലവുമില്ല' എന്ന ഗസാലി(റ)വിന്റെ വാക്കുകൾ പ്രസിദ്ധമാണല്ലോ. വീടുകളിൽ അയൽവാസികളെയും കുടുംബക്കാരെയും വിളിച്ച് നോമ്പുതുറ സംഘടിപ്പിക്കുന്ന രീതി ഇവിടെയില്ല. ഒന്നോ രണ്ടോ പേർ നടത്തിയാലായി.

ആത്മീയ രാവുകൾ

റമളാൻ പ്രമാണിച്ച് പള്ളികളിലും മറ്റു മതസ്ഥാപനങ്ങളിലും നടക്കുന്ന ആത്മീയ സദസ്സുകൾ ശ്രദ്ധേയമാണ്. തമിഴ്നാട്ടിലെ തറാവീഹ് നിസ്കാരം വ്യത്യസ്തമായ അനുഭവമാണ്. റമളാൻ കഴിയുമ്പോഴേക്കും തറാവീഹിലായി ഖുർആൻ ഒരു ഖത്മ് പൂർത്തിയാക്കും. പ്രത്യേകം നിശ്ചയിക്കുന്ന ഇമാമുമാരാണ് തറാവീഹിന് നേതൃത്വം നൽകുക. ഈരണ്ട് റക്അത്തുകൾ കൂടുമ്പോഴുള്ള വ്യത്യസ്തമായ ദിക്റുകളും ദുആകളും തറാവീഹിന് ഒരു വിശേഷാനുഭൂതി സമ്മാനിക്കുന്നു. നിസ്കാരശേഷം കുറഞ്ഞ സമയം ബയാനും (ആത്മീയ പ്രഭാഷണം) നടക്കും. ചില പ്രഭാഷണങ്ങൾ മണിക്കൂറുകൾ നീളും. കുട്ടികളെല്ലാം ആവേശപൂർവ്വം തറാവീഹിൽ പങ്കെടുക്കാറുണ്ട്.

സഹർ സാപ്പാട്

തറാവീഹിനു ശേഷം ഹോട്ടലുകൾ സജീവമാകും. അധിക ഹോട്ടലുകളും അത്താഴസമയം വരെ പ്രവർത്തിക്കും. ഹോട്ടലുകളിൽ ബിരിയാണി വാങ്ങിക്കാനായി ആളുകൾ തിരക്കു കൂട്ടും. വാൻകോഴി (ടർക്കിക്കോഴി) ബിരിയാണിക്കാണ് പ്രിയമേറെ. നാട്ടിലെ അധികപേരും അത്താഴത്തിന് ബിരിയാണിയാണ് കഴിക്കാറ്. കാര്യമായി ഭക്ഷണം കഴിക്കുന്നത് അത്താഴസമയത്താണ്. 'സഹർ സാപ്പാട്' വയറു നിറച്ചു കഴിക്കണം. എങ്കിലേ പകൽ സമയം ആവേശത്തോടെ ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കാൻ കഴിയൂ എന്നാണ് നാട്ടുകാർ പറയാറ്. ഒരുപാട് ഹോട്ടലുകാർ സൗജന്യമായും ഭക്ഷണം കൊടുക്കാറുണ്ട്. നസീർഭായിയുടെ അലിഫ് ഹോട്ടലിൽ സൗജന്യമായി ബിരിയാണി ലഭിക്കും. ഹോട്ടലിൽ വരുന്നവർക്കെല്ലാം അത്താഴസമയത്ത് ഭക്ഷണം കഴിച്ചുമടങ്ങാം. ഇത് വർഷങ്ങളായി നടന്നു വരുന്നു. ഹോട്ടൽ നടത്തുന്ന ബാബുഭായി നോമ്പിന്റെ ഓർമ പങ്കുവെക്കുന്നതിങ്ങനെയാണ്: 'റമളാനെത്തിയാൽ കുട്ടികൾക്കും മുതിർന്നവർക്കുമെല്ലാം ആവേശമാണ്. ഞങ്ങൾക്കൊന്നും രാത്രി വിശ്രമമുണ്ടാകാറില്ല. ബിരിയാണിയുണ്ടാക്കി പാക്ക് ചെയ്യുന്ന ജോലിയായിരിക്കും.' വീടുകളിൽ അത്താഴത്തിനു ഭക്ഷണം പാകം ചെയ്യൽ നന്നേ കുറവാണ്. എല്ലാവരും ഇത്തരം ഹോട്ടലുകളെയാണ് ആശ്രയിക്കാറ്. ചില പള്ളികളിലും അത്താഴത്തിനുള്ള ഭക്ഷണമൊരുക്കാറുണ്ട്.

ആരോഗ്യം

ഫവാസ് പട്ടുവം

വ്രതകാലത്തെ ആരോഗ്യചിന്തകൾ

ആത്മീയ ചൈതന്യത്തിന്റെ മനോഹാരിതയും മാനസികവും ശാരീരികവുമായ ആരോഗ്യവുമാണല്ലോ ഓരോ നോമ്പുകാലവും വിശ്വാസികൾക്ക് സമ്മാനിക്കുന്നത്. സാധാരണ ജീവിതരീതിയിൽ നിന്ന് വ്യത്യസ്തമായൊരു ഘട്ടത്തിലേക്കാണ് നോമ്പുകാലത്ത് വിശ്വാസി എത്തിച്ചേരുന്നത്. മനസ്സും ശരീരവും ഒരുപോലെ പങ്കുചേരുന്ന ഒരു പ്രധാന കർമമായാണ് നോമ്പിനെ ഇസ്‌ലാം പരിചയപ്പെടുത്തിയത്. നോമ്പനുഷ്ഠിക്കുന്നതുകൊണ്ടുള്ള ആരോഗ്യഗുണങ്ങൾ ഏറെയാണ്. ശാരീരിക ശുദ്ധീകരണത്തിനും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും വ്രതാനുഷ്ഠാനം സഹായകമാകുന്നുണ്ട്. അതോടൊപ്പം നോമ്പുകാലത്ത് ആരോഗ്യം മെച്ചപ്പെടണമെങ്കിൽ വിശ്വാസികളുടെ ഭക്ഷണക്രമത്തിൽ ചില നിയന്ത്രണങ്ങൾ അനിവാര്യമാണ്. വേനൽക്കാലത്ത് പതിമൂന്നര മണിക്കൂറോളം നോമ്പനുഷ്ഠിക്കുന്ന വിശ്വാസികൾ ഏറെ മുൻകരുതലുകളെടുക്കേണ്ടതുണ്ട്.

ശരീരത്തിൽ നിന്ന് 25 ശതമാനത്തിലേറെ ജലാംശം അധികമായി നഷ്ടപ്പെട്ടാൽ മരണം വരെ സംഭവിച്ചേക്കാം. പ്രമേഹരോഗികളിലും പ്രായമായവരിലും നിർജ്ജലീകരണത്തിന് സാധ്യത കൂടുതലാണ്.

നിർജ്ജലീകരണം തടയാം

വേനൽക്കാലത്തുണ്ടാകുന്ന രോഗാവസ്ഥയാണ് നിർജ്ജലീകരണം. ശരീരത്തിലെ ജലത്തിന്റെ അളവ് കുറയുകയും ജീവൻ നിലനിർത്തുന്നതിനായുണ്ടാകുന്ന രാസമാറ്റങ്ങൾ തടസ്സപ്പെടുകയും ചെയ്യുന്നതാണ് നിർജ്ജലീകരണം (dehydration). ശരീരത്തിലേക്കെത്തുന്നതിനെക്കാൾ ജലം ശരീരത്തിൽ നിന്ന് നഷ്ടപ്പെടുന്നതിന്റെ ഫലമായാണ് നിർജലീകരണം സംഭവിക്കുന്നത്. ഇതു കാരണം ശക്തമായ തളർച്ചയും തലകറക്കവും അനുഭവപ്പെട്ടേക്കാം. ശരീരത്തിൽ നിന്ന് 25 ശതമാനത്തിലേറെ ജലാംശം അധികമായി നഷ്ടപ്പെട്ടാൽ മരണം വരെ സംഭവിച്ചേക്കാം. പ്രമേഹരോഗികളിലും പ്രായമായവരിലും നിർജ്ജലീകരണത്തിന് സാധ്യത കൂടുതലാണ്.

ധാരാളം ശുദ്ധജലം കുടിക്കുക എന്നതാണ് ഇതിനെ മറികടക്കാൻ ഏറ്റവും ഉത്തമമായ വഴി. നോമ്പുതുറയുടെയും അത്താഴത്തിന്റെയും സമയങ്ങളിൽ ധാരാളം വെള്ളം കുടിക്കുന്നതിലൂടെ ഒരു പരിധിവരെ ഇതു തടയാൻ സാധിക്കും. ഓരോ ശരീരത്തിനും ആവശ്യമായ ജലത്തിന്റെ അളവ് വ്യത്യസ്തമായിരിക്കും. ശരീരത്തിന്നാവശ്യമായ ജലാംശം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. പഴങ്ങളും പച്ചക്കറികളും കൂടുതലായി ഭക്ഷണങ്ങളിൽ ഉൾപ്പെടുത്തുന്നത് ശരീരത്തിന്റെ ജലാംശം നിലനിർത്തുന്നതിനും നിർജ്ജലീകരണം തടയുന്നതിനും സഹായകമാകും.

അത്താഴം (സുഹൂർ)

നോമ്പുകാർക്ക് അത്താഴം കഴിക്കൽ സുന്നത്തുണ്ട്. ലഘുവായ രീതിയിലെങ്കിലും അത്താഴം

കഴിക്കണമെന്നുള്ള നബിപാഠങ്ങൾ അത്താഴത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നുണ്ട്. പകൽ മുഴുവൻ അന്നപാനീയങ്ങൾ ഉപേക്ഷിക്കുന്ന വിശ്വാസികളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം സംഭരിക്കാൻ അത്താഴത്തിലൂടെ സാധിക്കും. ശരീരത്തിനാവശ്യമായ പോഷകങ്ങളടങ്ങിയ സാവധാനം ദഹിക്കുന്ന, ഫൈബർ ധാരാളമടങ്ങിയ ഭക്ഷണങ്ങളാണ് അത്താഴത്തിനുത്തമം. ഗോതമ്പ്, ഓട്സ്, തവിട് എന്നിവ ഇതിനുദാഹരണങ്ങളാണ്. പച്ചക്കറികളാണ് അത്താഴസമയത്ത് കറികൾക്ക് ഏറ്റവും അനുയോജ്യം. പയർവർഗ്ഗങ്ങളിലും പഴവർഗ്ഗങ്ങളിൽ നിന്ന് ആപ്പിൾ, അത്തിപ്പഴം, ഈത്തപ്പഴം, മാമ്പഴം, വാഴപ്പഴം എന്നിയവയിലും ധാരാളം ഫൈബർ അടങ്ങിയിട്ടുണ്ട്. വിശപ്പിനെ നിയന്ത്രിച്ചുനിർത്താനും ഇവയ്ക്ക് സാധിക്കുന്നു. വ്യത്യസ്ത തരത്തിലുള്ള പച്ചക്കറികൾ സാലഡുകളായും ഉപയോഗിക്കാം.

ദോശ, ഇഡലി പോലുള്ള പുളിപ്പിച്ച ഭക്ഷണങ്ങൾ പെട്ടെന്ന് ദഹിക്കുകയും പെട്ടെന്ന് വിശപ്പ് അനുഭവപ്പെടുന്നതിന് കാരണമാവുകയും ചെയ്യും. മാത്രമല്ല, ഇവ അസിഡിറ്റിക്കും നെഞ്ചെരിച്ചിലിനും കാരണമായേക്കാം. നിർജ്ജലീകരണത്തെ തടയുന്നതിന് ആവശ്യമായ വെള്ളം അത്താഴ സമയത്ത് കുടിക്കണം. അല്പം ഉപ്പുചേർത്ത ഇളംചൂടുവെള്ളവും കുടിക്കാവുന്നതാണ്.

ഇഫ്ത്വാർ (നോമ്പുതുറ)

നോമ്പുകാർക്ക് ഏറെ സന്തോഷകരമായ സമയമാണ് ഇഫ്ത്വാർ. മണിക്കൂറുകൾ നീണ്ട വ്രതാനുഷ്ഠാനത്തിനു പരിസമാപ്തി കുറിച്ച് വിശ്വാസികൾ അന്നപാനീയങ്ങൾ രുചിക്കുന്ന സമയം. വ്യത്യസ്ത പലഹാരങ്ങളും എണ്ണയിൽ പൊരിച്ച വിഭവങ്ങളുമെല്ലാം നിരത്തിവെച്ച തീൻമേശകളാണ് ഇന്നത്തെ നോമ്പുതുറ. ഇഫ്ത്വാർ സമയത്ത് വയറുനിറയെ ഭക്ഷിക്കുന്നതും നമ്മുടെ ശീലമായിമാറിയിരിക്കുന്നു. വിശ്വാസി എങ്ങനെയാണ് വ്രതം അവസാനിപ്പിക്കേണ്ടതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

നോമ്പുതുറക്കുമ്പോൾ നാരങ്ങാ വെള്ളം, ഓറഞ്ച് ജ്യൂസ് തുടങ്ങിയ സിട്രസ് ഇനങ്ങളിൽ പെട്ട പാനീയങ്ങൾ അനുയോജ്യമല്ലെന്ന് പറയാറുണ്ട്. അത് മേൽപറഞ്ഞ അസിഡിറ്റി പോലുള്ള ബുദ്ധിമുട്ടുള്ളവർക്കാണ്. അല്ലാത്തവർക്ക് ഇവ പ്രയാസം സൃഷ്ടിക്കുകയില്ല. മധുരത്തിനെക്കാൾ അല്പം ഉപ്പു ചേർത്തുപയോഗിക്കുന്നതാണുചിതം.

കാരക്ക, ഈത്തപ്പഴം എന്നിവ കൊണ്ട് നോമ്പു തുറക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായ രീതി. ശരീരത്തിനാവശ്യമായ ഊർജ്ജം നൽകാനും ഭക്ഷണങ്ങളെ എളുപ്പത്തിൽ ദഹിപ്പിക്കാനും ഈത്തപ്പഴങ്ങൾക്ക് സാധിക്കുമെന്ന് പഠനങ്ങൾ പറയുന്നു. ശേഷം അല്പാൽപമായി ശുദ്ധജലം കുടിക്കുന്നതാണ് നല്ലത്. അത് ശരീരത്തിനാവശ്യമായ ജലാംശം ലഭിക്കാൻ സഹായകമാണ്. വെള്ളം കുടിക്കുമ്പോൾ ഓരോ ഇറക്കുകളായാണ് കുടിക്കേണ്ടത്. ഒരു ഗ്ലാസ് വെള്ളം ഒറ്റ വലിയിൽ കുടിച്ച് തീർക്കുന്നത് നോമ്പുകാരന്റെ ശരീരത്തിലെ സോഡിയം, പൊട്ടാസ്യം പോലുള്ള ഇലക്ട്രോലൈറ്റുകളുടെ സമനിലയെ ദോഷകരമായി ബാധിച്ചേക്കാം. ഈത്തപ്പഴം, അതില്ലെങ്കിൽ കാരക്ക, അതുമില്ലെങ്കിൽ ശുദ്ധമായ വെള്ളമാണ് നോമ്പ് തുറയുടെ സുന്നത്തായി ഇസ്‌ലാം നിർദേശിക്കുന്ന ക്രമം. അതിനുശേഷം അസിഡിറ്റി, നെഞ്ചെരിച്ചിൽ പോലുള്ള ബുദ്ധിമുട്ടുകളില്ലാത്തവർക്ക് അധികം പുളിയില്ലാത്ത നാരങ്ങാവെള്ളം കുടിക്കാവുന്നതാണ്. നോമ്പുതുറക്കുമ്പോൾ നാരങ്ങാ വെള്ളം, ഓറഞ്ച് ജ്യൂസ് തുടങ്ങിയ സിട്രസ് ഇനങ്ങളിൽ പെട്ട പാനീയങ്ങൾ അനുയോജ്യമല്ലെന്ന് പറയാറുണ്ട്. അത് മേൽപറഞ്ഞ അസിഡിറ്റി പോലുള്ള ബുദ്ധിമുട്ടുള്ളവർക്കാണ്. അല്ലാത്തവർക്ക് ഇവ പ്രയാസം സൃഷ്ടിക്കുകയില്ല. മധുരത്തിനെക്കാൾ അല്പം ഉപ്പു ചേർത്തുപയോഗിക്കുന്നതാണുചിതം.

വ്യത്യസ്ത തരത്തിലുള്ള ജ്യൂസുകളും നോമ്പുതുറ വിഭവങ്ങളിൽ കാണാം. വെളുത്ത വിഷമെന്നറിയപ്പെടുന്ന പഞ്ചസാരയുടെ ഉപയോഗം കുറക്കുന്നത് പഴങ്ങളിലടങ്ങിയിട്ടുള്ള പ്രകൃതിദത്തമായ പോഷകങ്ങൾ പൂർണ്ണമായി ലഭിക്കാൻ പ്രയോജനപ്പെടും. ജ്യൂസുകളിലുള്ള പഞ്ചസാര ശരീരത്തിലെ ഷുഗറിന്റെ അളവ് പെട്ടെന്നു കൂടുന്നതിനു കാരണമായേക്കാം. പഴവർഗ്ഗങ്ങൾ ചെറുതായരിഞ്ഞ് കഴിക്കുന്നതാണ് ജ്യൂസാക്കി കഴിക്കുന്നതിനെക്കാൾ ഉത്തമം. ഓരോ ദിവസവും ഓരോയിനത്തിൽപ്പെട്ട പഴങ്ങൾ കഴിക്കുന്നതാണ് നല്ലത്.

എണ്ണയിൽ പൊരിച്ച പലഹാരങ്ങൾ ഇഫ്ത്വാർ സമയത്ത് കഴിയുന്നതും ഉപേക്ഷിക്കലാണുത്തമം. ഇവ സ്ഥിരമായി കഴിക്കുന്നത് കൊളസ്ട്രോൾ, അസിഡിറ്റി എന്നിവക്ക് കാരണമായേക്കാം. വയറിന്റെ മൂന്നിലൊരു ഭാഗം മാത്രം ഭക്ഷണം കഴിക്കുന്നതാണ് ഇസ്‌ലാം നിർദ്ദേശിക്കുന്ന ഉത്തമ ഭക്ഷണരീതി. നോമ്പു തുറന്ന് ഒരു മണിക്കൂർ സമയം കഴിഞ്ഞ് ഭക്ഷണം കഴിക്കുന്നതാണ് നല്ലത്. പെട്ടെന്ന് ദഹിക്കുന്ന ആഹാരങ്ങൾക്കാണ് നോമ്പുതുറ സമയത്ത് മുൻഗണന നൽകേണ്ട

ത്. പച്ചക്കറികളും പഴവർഗങ്ങളും ധാരാളമായി ഉൾക്കൊള്ളിക്കുന്നതും നല്ലതാണ്.

മാംസാഹാരങ്ങൾ കഴിക്കാമെങ്കിലും അമിതമാകരുത്. പൊരിച്ചതും എണ്ണയിൽ വറുത്തതുമായ മാംസാഹാരങ്ങൾ കഴിക്കുന്നത് കൊളസ്ട്രോൾ, ദഹനക്കേട്, ക്ഷീണം തുടങ്ങിയവക്ക് കാരണമായേക്കാം. കോളകൾ പോലുള്ള സോഫ്റ്റ് ഡ്രിങ്ക്സ്, ധാരാളമായി മധുരം ചേർത്ത ജ്യൂസുകൾ എന്നിവ കുടിച്ചയുടനെ കൂടുതൽ ഊർജസ്വലത തോന്നിപ്പിക്കുമെങ്കിലും പകൽ സമയങ്ങളിൽ ശരീരത്തിന് ക്ഷീണമുണ്ടാകാനിടവരുത്തും.

മുത്താഴം

ആവശ്യമാണെങ്കിൽ മാത്രം നേരിയ അളവിൽ മുത്താഴം കഴിക്കാം. മുത്താഴം കഴിച്ചയുടനെ ഉറങ്ങാതിരിക്കാനും ശ്രദ്ധിക്കണം. മുത്താഴഭക്ഷണം ഒട്ടും കഴിക്കാത്തവർക്ക് പഴവർഗങ്ങളോ കാരക്ക, ഈത്തപ്പഴം, അത്തിപ്പഴം പോലുള്ള ഡ്രൈഫ്രൂട്ടുകളോ കഴിക്കാം. ആവശ്യമായ വെള്ളം കുടിക്കുകയും വേണം. എനർജി സംഭരിക്കാനും നിർജലീകരണം തടയാനും ഇത് സഹായിക്കുന്നു.

ഈത്തപ്പഴത്തിന്റെ ഗുണങ്ങൾ

നോമ്പുകാലത്ത് കൂടുതലായി ഉപയോഗിക്കുന്ന വിഭവമാണ് ഡ്രൈ ഫ്രൂട്ട് ഇനത്തിൽ പെട്ട ഈത്തപ്പഴം. നിരവധി ആരോഗ്യഗുണങ്ങളുള്ള ഈത്തപ്പഴം സ്ഥിരമായി കഴിക്കുന്നത് ശരീരത്തിനാവശ്യമായ പോഷകങ്ങൾ ലഭിക്കാൻ സഹായകമാകും. വിറ്റാമിൻ സി, ബി 1, ബി 2, ബി 3, ബി 5, എ, കെ എന്നിവകളുടെ കലവറ കൂടിയാണിത്. കൂടാതെ പൊട്ടാസ്യം, മഗ്നീഷ്യം, കാൽസ്യം, ഫൈബർ തുടങ്ങിയവയും ഈത്തപ്പഴത്തിൽ ധാരാളം അടങ്ങിയിട്ടുണ്ട്. ദഹനപ്രശ്നങ്ങൾ, മലബന്ധം എന്നിവയകറ്റാൻ ഇത് സഹായിക്കുന്നു. ശരീരത്തിന് പെട്ടെന്ന് ഊർജ്ജം നൽകുന്ന ഫലങ്ങളിലൊന്നാണ് ഈത്തപ്പഴം. ഇതിൽ ഇരുമ്പിന്റെ അംശവും ധാരാളമായി അടങ്ങിയിട്ടുണ്ട്. ഇത് വിളർച്ചയെ തടയാൻ സഹായിക്കുന്നു. കാൽസ്യം ധാരാളമായി അടങ്ങിയതിനാൽ എല്ലുകളുടെ ആരോഗ്യത്തിനും ഗുണകരമാണ്. ഇവയിലെ മഗ്നീഷ്യം, പൊട്ടാസ്യം എന്നിവ രക്തസമ്മർദ്ദം നിയന്ത്രിക്കുകയും ഹൃദയാരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ആന്റിഓക്സിഡന്റ്സ് ധാരാളമായി അടങ്ങിയതിനാൽ ചർമ്മരോഗത്തിനും ഈത്തപ്പഴം ഉത്തമമായ പ്രതിവിധിയാണ്. ഗ്ലൈസമിക് ഘടകങ്ങൾ കുറവായതിനാൽ രക്തത്തിലെ ഷുഗറിന്റെ അളവിനെ നിയന്ത്രിക്കുകയും ഇതിലടങ്ങിയ പൊട്ടാസ്യം തലച്ചോറിന്റെ ആരോഗ്യത്തെ സംരക്ഷിക്കുകയും ചെയ്യുന്നു.

ശരീരത്തിന് പെട്ടെന്ന് ഊർജ്ജം നൽകുന്ന ഫലങ്ങളിലൊന്നാണ് ഈത്തപ്പഴം. ഇതിൽ ഇരുമ്പിന്റെ അംശവും ധാരാളമായി അടങ്ങിയിട്ടുണ്ട്. ഇത് വിളർച്ചയെ തടയാൻ സഹായിക്കുന്നു. കാൽസ്യം ധാരാളമായി അടങ്ങിയതിനാൽ എല്ലുകളുടെ ആരോഗ്യത്തിനും ഗുണകരമാണ്. ഇവയിലെ മഗ്നീഷ്യം, പൊട്ടാസ്യം എന്നിവ രക്തസമ്മർദ്ദം നിയന്ത്രിക്കുകയും ഹൃദയാരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

ആത്മികം

സൈനുദ്ദീൻ ശാമിൽ ഇർഫാനി

നോമ്പുകാലത്തെ ഖുർആൻ മധുരം

അല്ലാഹുവിന്റെ കലാമാണ് വിശുദ്ധ ഖുർആൻ. ഖുർആൻ ഓതുന്നത് ഉത്തമമായ ആരാധനയാണെന്നാണ് ഇസ്‌ലാമികാധ്യാപനം. നബി(സ) പറഞ്ഞു: 'ആരാധനകളിൽ ഏറ്റവും ഉത്തമം ഖുർആൻ പാരായണമാണ്.' (അബൂനുഐം) 'ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് നിങ്ങളിൽ ഉത്തമർ'(ബുഖാരി) എന്ന തിരുവചനം വിശുദ്ധ ഖുർആനിന്റെ മഹത്വം കൂടുതൽ വ്യക്തമാക്കുന്നു.

വിശുദ്ധ ഖുർആൻ അല്ലാഹുവിൽ നിന്നുള്ള പ്രകാശമാണ്. 'നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും നാം അവതരിപ്പിച്ച പ്രകാശത്തിലും വിശ്വസിക്കുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് സൂക്ഷ്മമായി അറിയുന്നവനാണ്.' (64/8) 'ജനങ്ങളേ, നിങ്ങൾക്ക് രക്ഷിതാവിൽ നിന്നുള്ള പ്രമാണം വന്നു കഴിഞ്ഞിരിക്കുന്നു. വ്യക്തമായ പ്രകാശം നാം നിങ്ങൾക്കവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.' (4/174) 'ആ പ്രവാചകനിൽ (മുഹമ്മദ്നബി(സ)യിൽ) വിശ്വസിക്കുകയും അവിടുത്തെ പിന്തുണക്കുകയും സഹായിക്കുകയും തിരുനബി(സ)ക്ക് അവതരിപ്പിക്കപ്പെട്ട പ്രകാശത്തെ പിൻപറ്റുകയും ചെയ്തവർ തന്നെയാണ് വിജയികൾ.' (7/157)

പ്രതിഫലം

വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ അല്ലാഹു വിശ്വാസികളെ പ്രേരിപ്പിക്കുകയും പാരായണം ചെയ്യുന്നവരെ പ്രശംസിക്കുകയും വലിയ പ്രതിഫലം വാഗ്ദാനം നൽകുകയും ചെയ്തിട്ടുണ്ട്. 'താങ്കൾക്കു ബോധനം നൽകപ്പെട്ട ഗ്രന്ഥം പാരായണം ചെയ്യുകയും നിസ്കാരം യഥാവിധി നിർവഹിക്കുകയും ചെയ്യുക.' (29/43) 'നിശ്ചയം, അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും നിസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവർ ഒരിക്കലും നഷ്ടം സംഭവിക്കാത്ത കച്ചവടമാണ് പ്രതീക്ഷിക്കുന്നത്. അവർക്ക് അവരുടെ

പൂർണ്ണ ശുദ്ധിയോടെയും അച്ചടക്കത്തോടെയുമാണ് ഖുർആൻ ഓതേണ്ടതും മുസ്ഹഫ് കയ്യിലെടുക്കേണ്ടതും. അശുദ്ധിയോടെ ഖുർആൻ തൊടൽ ഹറാമാണ്. മുസ്ഹഫിലെ എഴുത്തില്ലാത്ത സ്ഥലവും അശുദ്ധിയോടെ തൊടൽ ഹറാം തന്നെ. ശുദ്ധിയുള്ളവനല്ലാതെ ഖുർആൻ സ്പർശിക്കരുതെന്ന ഖുർആൻ സൂക്തവും ഹദീസുകളുമാണതിനുള്ള തെളിവ്.

പ്രതിഫലങ്ങൾ പൂർണമായി നൽകുവാനും അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്കവൻ വർദ്ധിപ്പിച്ചു കൊടുക്കുവാനും വേണ്ടിയാണത്. നിശ്ചയമായും, അവൻ അത്യധികം പൊറുക്കുന്നവനും ഏറെ പ്രതിഫലം നൽകുന്നവനുമാകുന്നു.' (35/29,30)

ഖുർആൻ പാരായണം മാലിന്യങ്ങളിൽ നിന്ന് മനസ്സിനെ ശുദ്ധീകരിക്കും. ഒരിക്കൽ നബി(സ) പറഞ്ഞു: 'ഇരുമ്പിന് കറ പിടിക്കുന്ന പോലെ ഹൃദയത്തിനും കറ പിടിക്കും.' അപ്പോൾ സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ആ കറ എങ്ങനെയാണ് നീക്കം ചെയ്യുക?' നബി(സ) പറഞ്ഞു: 'ഖുർആൻ പാരായണം, മരണസ്മരണ എന്നിവ കൊണ്ട്.' (ബൈഹഖി, ഇഹ്‌യാഉലൂമിദ്ദീൻ-1/323)

ശുദ്ധി വേണം

പൂർണ്ണ ശുദ്ധിയോടെയും അച്ചടക്കത്തോടെയുമാണ് ഖുർആൻ ഓതേണ്ടതും മുസ്ഹഫ് കയ്യിലെടുക്കേണ്ടതും. അശുദ്ധിയോടെ ഖുർആൻ തൊടൽ ഹറാമാണ്. മുസ്ഹഫിലെ എഴുത്തില്ലാത്ത സ്ഥലവും അശുദ്ധിയോടെ തൊടൽ ഹറാം തന്നെ. ശുദ്ധിയുള്ളവനല്ലാതെ ഖുർആൻ സ്പർശിക്കരുതെന്ന ഖുർആൻ സൂക്തവും ഹദീസുകളുമാണതിനുള്ള തെളിവ്.

സാധാരണ പുസ്തകങ്ങൾ മറിക്കുന്നതു പോലെ മുസ്ഹഫ് മറിക്കരുത്. പൂർണ്ണമായ മര്യാദ പാലിക്കണം. വിരലിൽ ഉമിനീരാക്കി മുസ്ഹഫ് മറിക്കൽ ഹറാമാണ്. കാരണം, തുപ്പുനീരിൽ നിന്നൊരൽപ്പം പോലും മുസ്ഹഫിലെത്തുന്നത് ഹറാമാണ്. (ശർവാനി-1/153)

ഖുർആനിന്റെ പവിത്രത ബോധ്യപ്പെടാത്ത കുട്ടികൾക്ക് ഖുർആൻ കൈകാര്യം ചെയ്യാൻ അവസരം നൽകരുത്. വകതിരിവാകാത്ത കുട്ടികൾക്ക് പഠിക്കാൻ പോലും മുസ്ഹഫെടുക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കരുത്. ഖുർആനിന്റെ പവിത്രത സൂക്ഷിക്കാതിരിക്കാനിടയുണ്ടെന്നതിനാലാണിത്. എന്നാൽ അശുദ്ധിയുള്ള വകതിരിവായ കുട്ടി പഠനത്തിനും പാരായണത്തിനും വേണ്ടി മുസ്ഹഫ് തൊടുന്നതും എടുക്കുന്നതും തടയേണ്ടതില്ല.

ഖുർആൻ പാഠശാലയിലേക്ക് ചുമന്നു കൊണ്ടുപോവുക, പഠിപ്പിക്കാൻ വേണ്ടി അധ്യാപകന്റെയടുക്കലേക്ക് മുസ്ഹഫ് കൊണ്ടുവരിക തുടങ്ങിയ കാര്യങ്ങളിൽ നിന്ന് കുട്ടിയെ തടയേണ്ടതില്ല. എപ്പോഴും ശുദ്ധി പാലിക്കുന്നതിൽ കുട്ടികൾക്കുണ്ടാകുന്ന വിഷമം പരിഗണിച്ചാണ് ഈ ആനുകൂല്യം നൽകിയിട്ടുള്ളത്. (തുഹ്ഫ 1/153)

മുസ്ഹഫിനെ ആദരിച്ചു എഴുന്നേറ്റു നിൽക്കലും മുസ്ഹഫ് ചുംബിക്കലും സുന്നത്താണ്. ഹജറുൽഅസ്‌വദ്, പണ്ഡിതരുടെയും സദ്‌വൃത്തരുടെയും മാതാപിതാക്കളുടെയും കരം എന്നിവ ചുംബിക്കുന്നതിനോട് തുലനം ചെയ്താണ് ഇമാം സുബ്കി മുസ്ഹഫ് ചുംബിക്കുന്നത് സുന്നത്താണെന്നു പറഞ്ഞത്. (ശർവാനി 1/155)

മുസ്ഹഫിനു നേരെ കാൽ നീട്ടൽ ഹറാമാണ്. ഇമാം സർകശി(റ) രേഖപ്പെടുത്തി: വിശുദ്ധ ഖുർആൻ, മതഗ്രന്ഥങ്ങൾ എന്നിവയിലേക്ക് കാൽ നീട്ടൽ ഹറാമാണ്. കാൽ നീട്ടൽ മുസ്ഹഫിലേക്കാവുകയും അതിനോടുള്ള ആദരവിന് ഭംഗം വരുത്തിയതായി ഗണിക്കപ്പെടുകയും ചെയ്യുന്ന വിധത്തിലാകുമ്പോഴാണത് ഹറാമാകുന്നത്. (ഫതാവാഹദീസിയ്യ 232)

വിശ്വാസത്തിന്റെ അളവുകോൽ

ഖുർആൻ പാരായണം വിശ്വാസത്തിന്റെ അളവുകോലാണ്. ഇബ്നു മസ്ഊദ്(റ) പറയുന്നു: 'ഒരാളെക്കുറിച്ച് മനസ്സിലാക്കാൻ അയാളുടെ ഖുർആനുമായുള്ള ബന്ധം വിലയിരുത്തിയാൽ മതി. അയാൾ ഖുർആനിനെ സ്നേഹിക്കുന്നുവെങ്കിൽ അല്ലാഹുവി

നെയും അവന്റെ ദൂതനെയും ഇഷ്ടപ്പെടുന്നവനായിരിക്കും. ഖുർആനിനെ വെറുക്കുന്നവനാണെങ്കിൽ അല്ലാഹുവിനെയും തിരുദൂതരെയും വെറുക്കുന്നവനായിരിക്കും.’

അംറുബ്നു മൈമൂൻ(റ) പറയുന്നു: ‘സുബ്ഹി നിസ്കാരത്തിനു ശേഷം മുസ്ഹഫ് തുറന്ന് നൂറ് ആയത്ത് ഓതുന്നവർക്ക് അല്ലാഹു ഇഹലോകത്തുള്ള സകല ജനങ്ങളുടെയും സൽകർമ്മങ്ങൾക്കു സമാനമായ പ്രതിഫലം നൽകും.’ (ഇഹ്യാഉലൂമിദ്ദീൻ 1/323)

ഖുർആനിന്റെ കാര്യത്തിൽ ഏറെ ശ്രദ്ധ വേണമെന്ന നിർദ്ദേശമാണ് തിരുനബി (സ) നൽകിയത്. അബൂമൂസാ(റ) നിവേദനം. നബി(സ) പറഞ്ഞു: ‘നിങ്ങൾ ഖുർആന്റെ കാര്യത്തിൽ ശ്രദ്ധ പുലർത്തുക. എന്റെ ആത്മാവ് നിയന്ത്രിക്കുന്ന അല്ലാഹുവാണ് സത്യം, ഒട്ടകം കയർ പൊട്ടിച്ചു പോകുന്നതിനെക്കാൾ വേഗത്തിൽ ഖുർആൻ (ഹൃദയത്തിൽ നിന്ന്) അകന്നുപോകുന്നതാണ്.’ (ബുഖാരി: 5033)

‘ഖുർആൻ ഓതുമ്പോൾ മനസ്സിൽ മറ്റെന്തെങ്കിലും കാര്യം കടന്നുവരാറുണ്ടോ’ എന്ന് ചോദിച്ചപ്പോൾ ഒരു ജ്ഞാനി മറുപടി നൽകിയത് ‘അതിന് ഖുർആനിനെക്കാൾ പ്രിയപ്പെട്ട മറ്റു വല്ലതും എന്റെ മനസ്സിൽ വേണ്ടേ’ എന്നാണ്. പൂർവസൂരികളിൽ പലരും ഒരു സൂക്തം ഓതുമ്പോൾ ഹൃദയസാന്നിധ്യം ലഭിച്ചില്ലെങ്കിൽ അത് ആവർത്തിച്ച് ഓതാറുണ്ടായിരുന്നുവെന്ന് ഇമാം ഗസാലി(റ) രേഖപ്പെടുത്തിയിട്ടുണ്ട്.

ഖുർആൻ ഓതാൻ തുടങ്ങുമ്പോൾ അല്ലാഹുവിന്റെ ഔന്നത്യം മനസ്സിൽ കരുതണം. ഓതുന്നത് സൃഷ്ടിവചനങ്ങളല്ല, അല്ലാഹുവിന്റെ കലാമാണെന്നും അവ ഏറ്റവും ഗൗരവമേറിയതാണെന്നും വിചാരിക്കണം. ഹൃദയസാന്നിധ്യത്തോടെ, മനസ്സിലെ മറ്റുവിചാരങ്ങൾ ഒഴിവാക്കി ഖുർആൻ പാരായണം ചെയ്യണം. ‘ഖുർആൻ ഓതുമ്പോൾ മനസ്സിൽ മറ്റെന്തെങ്കിലും കാര്യം കടന്നുവരാറുണ്ടോ’ എന്ന് ചോദിച്ചപ്പോൾ ഒരു ജ്ഞാനി മറുപടി നൽകിയത് ‘അതിന് ഖുർആനിനെക്കാൾ പ്രിയപ്പെട്ട മറ്റു വല്ലതും എന്റെ മനസ്സിൽ വേണ്ടേ’ എന്നാണ്. പൂർവസൂരികളിൽ പലരും ഒരു സൂക്തം ഓതുമ്പോൾ ഹൃദയസാന്നിധ്യം ലഭിച്ചില്ലെങ്കിൽ അത് ആവർത്തിച്ച് ഓതാറുണ്ടായിരുന്നുവെന്ന് ഇമാം ഗസാലി(റ) രേഖപ്പെടുത്തിയിട്ടുണ്ട്. (ഇഹ്യ 1/332)

ഓത്തിലെ അദബുകൾ

മുസ്ഹഫ് നോക്കി ഓതലാണ് ഉത്തമം. മുസ്ഹഫിലേക്ക് നോക്കൽ തന്നെ ആരാധനയാണല്ലോ. മുസ്ഹഫിൽ നോക്കി ധാരാളം ഓതിയതു നിമിത്തം ഉസ്മാൻ(റ)വിന്റെ രണ്ട് മുസ്ഹഫുകൾ കീറിപ്പോയിരുന്നുവെന്ന് ചരിത്രത്തിൽ കാണാം. മിക്ക സ്വഹാബികളും മുസ്ഹഫിൽ നോക്കിയാണ് ഓതിയിരുന്നത്. മുസ്ഹഫ് നോക്കാതെ ഒരു ദിവസം പോലും കഴിഞ്ഞുപോകുന്നത് സ്വഹാബികൾ ഇഷ്ടപ്പെട്ടിരുന്നില്ല. (ഇഹ്യ 1/329)

ഖുർആൻ ഭംഗിയിൽ, സാവകാശമാണ് ഓതേണ്ടത്. ഖുർആൻ ഓതുന്നത് ചിന്തിക്കാൻ വേണ്ടിയാണെന്നും സാവകാശം ഓതുന്നത് അതിന് സഹായകമാണെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇബ്നുഅബ്ബാസ്(റ)

ഏറെ പ്രതിഫലാർഹമായ കർമമായതു കൊണ്ട് പൂർവ്വസൂരികൾ വിശുദ്ധ ഖുർആൻ പാരായണത്തിന് കൂടുതൽ പ്രാധാന്യം നൽകുമായിരുന്നു. ഒരു രാപകലിലായി ഒരു തവണയും രണ്ടു തവണയും മൂന്നു തവ ണയുമൊക്കെ ഖുർആൻ ഖത്മ് തീർത്തവർ മുൻഗാമികളിലുണ്ടായിരുന്നു. ഒരു വിഭാഗം സ്വഹാബികൾ എല്ലാ വെള്ളിയാഴ്ചയും ഖുർആൻ ഖത്മ് ചെയ്യാറുണ്ടായിരുന്നു.

പറഞ്ഞു: 'ഖുർആൻ മുഴുവൻ വേഗത്തിൽ ഓതിത്തീർക്കുന്നതി നെക്കാൾ എനിക്കിഷ്ടം അൽബ ഖറയും ആലുഇംറാനും ചിന്തിച്ച് സാവകാശം ഓതലാണ്. വേഗ ത്തിൽ അൽബഖറയും ആലു ഇംറാനും ഓതുന്നതിനെക്കാൾ എനിക്കിഷ്ടം സൽസലയും ഖാരി അയും ചിന്തിച്ച് ഓതുന്നതാണ്.' (ഇഹ്‌യ 1/326)

ശബ്ദമാധുര്യത്തോടെയാണ് ഖുർആൻ പാരായണം ചെയ്യേണ്ട ത്. ഖുർആനിന്റെ കോർവ്വയിൽ മാറ്റം വരുത്താത്ത വിധം കണ ക്കിലധികം നീട്ടാതെയും ശ്രവണ മാധുര്യത്തോടെയും ഓതൽ സു ന്നത്താണ്. നബി(സ) പറഞ്ഞു: 'നിങ്ങൾ നല്ല സ്വരത്തിൽ ഖുർആൻ പാരായണം ചെയ്യുക.' (അബൂദാവൂദ് 1468)

കേൾക്കുന്നതും പുണ്യം

ഖുർആൻ ഓതുന്നതു പോലെ ശ്രവിക്കുന്നതും പുണ്യകർമ്മമാ ണ്. നബി(സ) ഇബ്നുമസ്ഊ ദ്(റ)വിനോട് ചോദിച്ചു: 'എനിക്ക് താങ്കൾ ഖുർആൻ ഓതിക്കേൾപ്പി ക്കുമോ?' അപ്പോൾ ഇബ്നുമസ് ഊദ്(റ) ചോദിച്ചു: 'അല്ലാഹുവി ന്റെ ദൂതരേ, അങ്ങേക്കാണല്ലോ ഖുർആൻ അവതീർണ്ണമായത്. ഞാൻ അങ്ങേക്കത് ഓതിത്ത രികയോ?' അപ്പോൾ നബി(സ) പറഞ്ഞു: 'അതേ, മറ്റൊരാളിൽ നിന്ന് ഖുർആൻ കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.' തുടർ ന്ന് അദ്ദേഹം ഖുർആൻ ഓതാൻ തുടങ്ങി. അപ്പോൾ നബി(സ) യുടെ ഇരുകണ്ണുകളും നിറഞ്ഞൊ ഴുകി.' (മുസ്‌ലിം: 800) നബി(സ) പറഞ്ഞു: 'ആരെങ്കിലും അല്ലാഹു വിന്റെ ഗ്രന്ഥത്തിലെ ഒരു സൂക്തം ശ്രവിച്ചാൽ അതയാൾക്ക് അന്ത്യ നാളിൽ പ്രകാശമായിത്തീരും.' (മറ്റൊരു ഹദീസിൽ) 'അയാൾക്കു പത്ത് നന്മകൾ രേഖപ്പെടുത്തും.' (ഇഹ്‌യ 1/329,330)

ഖുർആൻ പാരായണം ചെയ്യു മ്പോൾ കരയലും സുന്നത്താണ്. നബി(സ) പറഞ്ഞു: 'ഖുർആൻ ഓതിക്കൊണ്ട് നിങ്ങൾ കരയുക. കരച്ചിൽ വരുന്നില്ലെങ്കിൽ ഉണ്ടാ ക്കിക്കരയുക.' (ഇബ്നുമാജ). സ്വാലിഹുൽ മുർറി(റ) പറയുന്നു: 'ഞാനൊരിക്കൽ സ്വപ്നത്തിൽ നബി(സ)ക്ക് ഖുർആൻ ഓതി ക്കൊടുത്തു. അപ്പോൾ എന്നോട് നബി(സ) ചോദിച്ചു: 'സ്വാലിഹേ, ഇത് ഖുർആൻ പാരായണം മാ ത്രമാണല്ലോ. എന്താണ് കരയാ ത്തത്?'

ഇബ്നു അബ്ബാസ്(റ) പറയു ന്നു: 'നിങ്ങൾ സജ്ദയുടെ ആയത്ത് ഓതുമ്പോൾ കരച്ചിൽ വരാതെ സുജൂദ് ചെയ്യരുത്. നിങ്ങളുടെ കണ്ണുകൾ കരയു ന്നില്ലെങ്കിൽ ഹൃദയം കരയട്ടെ. കരച്ചിൽ വരാനുള്ള മാർഗം ഹൃ ദയത്തിലേക്ക് സങ്കടം കടത്തിവി ടലാണ്. സങ്കടമുണ്ടാകുമ്പോൾ കരച്ചിൽ വരും.' (ഇഹ്‌യ 1/327)

ഖത്മുകൾ തീർക്കണം

ഏറെ പ്രതിഫലാർഹമായ കർമമായതുകൊണ്ട് പൂർവ്വസൂരി

കൾ വിശുദ്ധ ഖുർആൻ പാരായണത്തിന് കൂടുതൽ പ്രാധാന്യം നൽകുമായിരുന്നു. ഒരു രാപകലിലായി ഒരു തവണയും രണ്ടു തവണയും മൂന്നു തവണയുമൊക്കെ ഖുർആൻ ഖത്മ് തീർത്തവർ മുൻഗാമികളിലുണ്ടായിരുന്നു. ഒരു വിഭാഗം സ്വഹാബികൾ എല്ലാ വെള്ളിയാഴ്ചയും ഖുർആൻ ഖത്മ് ചെയ്യാറുണ്ടായിരുന്നു. ഉസ്മാൻ(റ), സൈദുബ്നുസാബിത്(റ), ഇബ്നുമസ്ഊദ്(റ), ഉബയ്യുബ്നു കഅ്ബ്(റ) തുടങ്ങിയവർ ഈ ഗണത്തിൽ പെട്ടവരാണ്.

ഖുർആൻ ഖത്മ് ചെയ്യാൻ നാലു രൂപമുണ്ടെന്ന് മഹാന്മാർ പഠിപ്പിക്കുന്നു: ഒന്ന്, ഒരു രാപകലിലായി ഖത്മ് തീർക്കുക. രണ്ട്, ഓരോ ദിവസവും ഓരോ ജുസ്അ് വീതം ഓതി ഒരു മാസം കൊണ്ട് മുപ്പത് ജുസ്അ് പൂർത്തിയാക്കുക. മൂന്ന്, എല്ലാ ആഴ്ചയും ഒരു തവണ പൂർത്തിയാക്കുക. നാല്, ആഴ്ചയിൽ രണ്ടു തവണ പൂർത്തിയാക്കുക. (ഇഹ്‌യാ 1/325)

പലരും പല രൂപമാണ് ഖുർആൻ ഖത്മിന് സ്വീകരിച്ചിരുന്നത്. ഉസ്മാൻ(റ) വെള്ളിയാഴ്ച രാവിൽ 'അൽബഖറ' മുതൽ 'മാഇദ' വരെയും ശനിയാഴ്ച രാവിൽ 'അൻആം' മുതൽ 'ഹൂദ്' വരെയും ഞായറാഴ്ച രാത്രിയിൽ 'യൂസുഫ്' മുതൽ 'മർയം' വരെയും തിങ്കളാഴ്ച രാവിൽ 'ത്വാഹാ' മുതൽ 'ഖസ്വസ്' വരെയും ചൊവ്വാഴ്ചരാവിൽ 'അൻകബൂത്' മുതൽ 'സ്വാദ്' വരെയും ബുധനാഴ്ച രാവിൽ 'തൻസീൽ' മുതൽ 'അർറഹ്മാൻ' വരെയും വ്യാഴാഴ്ച രാവിൽ ബാക്കി ഭാഗവും ഓതി ഖത്മ് ചെയ്യാറുണ്ടായിരുന്നു.

ഇബ്നുമസ്ഊദ് (റ) മറ്റൊരു ക്രമമാണ് സ്വീകരിച്ചത്. ഖുർആൻ ഏഴ് ഹിസ്ബാണെന്ന് പറയപ്പെടുന്നു. ആദ്യത്തേതിൽ മൂന്ന് സൂറതുകൾ, രണ്ടിൽ അഞ്ച്, മൂന്നിൽ ഏഴ്, നാലിൽ ഒമ്പത്, അഞ്ചിൽ പതിനൊന്ന്, ആറിൽ പതിമൂന്ന്, ഏഴിൽ ഖാഫ് മുതൽ അവസാനം വരെ എന്നിങ്ങനെയാണീ വിഭജനം. (ഇഹ്‌യ 1/326)

ഖുർആൻ ഏഴ് ഹിസ്ബാണെന്ന് പറയപ്പെടുന്നു. ആദ്യത്തേതിൽ മൂന്ന് സൂറതുകൾ, രണ്ടിൽ അഞ്ച്, മൂന്നിൽ ഏഴ്, നാലിൽ ഒമ്പത്, അഞ്ചിൽ പതിനൊന്ന്, ആറിൽ പതിമൂന്ന്, ഏഴിൽ ഖാഫ് മുതൽ അവസാനം വരെ എന്നിങ്ങനെയാണീ വിഭജനം.

തിരുനബി(സ) ഓരോ ഏഴു ദിവസം കൂടുമ്പോഴും ഖുർആൻ ഖത്മ് ചെയ്യാൻ അബ്ദുല്ലാഹിബ്നുഅംറ്(റ)വിനോട് കൽപ്പിച്ചിരുന്നു. മഹാനവർകൾ പറയുന്നു: 'നല്ല തറവാട്ടുകാരിയായ ഒരു പെണ്ണിനെ ഉപ്പ എനിക്കു വിവാഹം കഴിപ്പിച്ചു തന്നു. അദ്ദേഹം മരുമകളുടെ കാര്യങ്ങളിലെല്ലാം ശ്രദ്ധ പുലർത്തുകയും അവളോടു തന്റെ ഭർത്താവിനെക്കുറിച്ച് എപ്പോഴും ചോദിക്കുകയും ചെയ്തിരുന്നു. അപ്പോൾ അവൾ പറയും: 'അദ്ദേഹം വളരെ നല്ല വ്യക്തിയാണ്. ഞാൻ വന്നതു മുതൽ ഞങ്ങളുടെ വിരിപ്പിൽ അദ്ദേഹം ചവിട്ടിയിട്ടില്ല. ഞങ്ങളുടെ മറ പരിശോധിച്ചിട്ടുമില്ല.' (കിടപ്പറ പങ്കിട്ടിട്ടില്ലെന്നർത്ഥം)

ഇതിങ്ങനെ നീണ്ടു പോയപ്പോൾ പിതാവ് നബി(സ)യോടു കാര്യം പറഞ്ഞു. നബി(സ) പറഞ്ഞു: 'അവനോട് എന്റെയടുത്തു വരാൻ പറയൂ.' അതനുസരിച്ചു ഞാൻ ചെന്നു നബി(സ)യെ കണ്ടു. അവിടുന്നു ചോദിച്ചു:

'നീ എങ്ങനെയാണു നോമ്പനുഷ്ഠിക്കുന്നത്?'

ഞാൻ പറഞ്ഞു: 'എല്ലാ ദിവസവും ഞാൻ നോമ്പനുഷ്ഠിക്കുന്നുണ്ട്.'

അവിടുന്നു ചോദിച്ചു: 'ഖുർആൻ ഓതിത്തീർക്കുന്നതെങ്ങനെ?'

ഞാൻ പറഞ്ഞു: 'എല്ലാ രാത്രിയിലും.'

നബി(സ) പറഞ്ഞു: 'നീ എല്ലാ മാസവും മൂന്നു നോമ്പനുഷ്ഠിക്കുക, എല്ലാ മാസവും ഒരു തവണ ഖുർആൻ ഓതിത്തീർക്കുക.'

അബ്ദുല്ലാഹ് പറയുന്നു: ഞാൻ പറഞ്ഞു: 'എനിക്ക് അതിലേറെ കഴിയും.'

നബി പറഞ്ഞു: 'എങ്കിൽ ആഴ്ചയിൽ മൂന്നു നോമ്പനുഷ്ഠിക്കുക.'

ഞാൻ പറഞ്ഞു: 'എനിക്ക് അതിലേറെ കഴിയും.'

നബി(സ) പറഞ്ഞു: 'എങ്കിൽ രണ്ടു ദിവസം നോമ്പ് ഒഴിവാക്കുകയും ഒരു ദിവസം നോമ്പനുഷ്ഠിക്കുകയും ചെയ്തോളൂ.'

ഞാൻ പറഞ്ഞു: 'എനിക്ക് അതിലേറെ കഴിയും.'

നബി(സ) പറഞ്ഞു: 'എന്നാൽ നീ ശ്രേഷ്ഠമായ ദാവൂദിന്റെ നോമ്പനുഷ്ഠിക്കുക. ഒരു ദിവസം നോമ്പ്, അടുത്ത ദിവസം ഒഴിവ്. ഏഴു രാത്രികളിലായി ഒരു തവണ ഖുർആൻ ഓതിത്തീർക്കുക.' (ബുഖാരി 5052, മുസ്‌ലിം: 1963)

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

തറാവീഹ്: പ്രമാണവും കർമ്മശാസ്ത്ര വിധികളും

വിശുദ്ധ റമളാൻ സത്യ വിശ്വാസികൾക്ക് പുണ്യങ്ങൾ വാരിക്കൂട്ടാനുള്ള അനുഗൃഹീത മാസമാണ്. പകൽ വ്രതാനുഷ്ഠാനവും രാത്രി ദൈർഘ്യമേറിയ നിസ്കാരങ്ങളുമായി വിശ്വാസി റമളാനിനെ ധന്യമാക്കുന്നു. അടിമകളുടെ സദ്കർമ്മങ്ങൾക്ക് അല്ലാഹു ധാരാളം പ്രതിഫലം ഔദാര്യമായി വർഷിക്കുന്ന പ്രത്യേക രാവിരവുകളാണ് റമളാൻ.

റമളാനിലെ വളരെ മഹത്വമേറിയ ഒരു ആരാധനയാണ് തറാവീഹ് നിസ്കാരം. അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: 'റമളാനിൽ വിശ്വാസത്തോടെയും പ്രതിഫലം കാംക്ഷിച്ചുകൊണ്ടും നിസ്കരിച്ചാൽ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.' (ബുഖാരി, മുസ്‌ലിം)

ഈ ഹദീസിന്റെ വിശദീകരണത്തിൽ ഇമാംനവവി(റ) എഴുതുന്നു: റമളാനിലെ നിസ്കാരം എന്നാൽ തറാവീഹ് നിസ്കാരമാണ്. ഇത് സുന്നത്താണെന്ന വിഷയത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. (ശറഹുമുസ്‌ലിം 3/101)

തറാവീഹിന്റെ തുടക്കം

നബി(സ) ഹിജ്റ രണ്ടാം വർഷത്തിൽ തറാവീഹ് നിസ്കരിച്ചതായി വ്യത്യസ്ത ഹദീസുകളിൽ കാണാം.

ഇമാം ബുഖാരി(റ) ഉദ്ധരിക്കുന്നു: 'നബി(സ) ഒരു രാത്രി പള്ളിയിൽ വന്ന് നിസ്കരിച്ചു. അപ്പോൾ സ്വഹാബത്തും അവിടുത്തെ പിന്തുടർന്ന് നിസ്കരിച്ചു. അവർ ഈ നിസ്കാരത്തെക്കുറിച്ച് മറ്റുള്ളവരോട് പറഞ്ഞപ്പോൾ രണ്ടാം ദിവസം കൂടുതൽ സ്വഹാബികൾ പങ്കെടുത്തു. മൂന്നാം ദിവസം അതിലും കൂടുതൽ ആളുകൾ വന്നെത്തി. നാലാം രാത്രി പള്ളിയിൽ ഉൾക്കൊള്ളാനാകാത്തത്ര സ്വഹാബികൾ ഒരുമിച്ചുകൂടി.

എന്നാൽ, അന്ന് നബി(സ) ഈ നിസ്കാരം നിർവ്വഹിക്കാനെത്തിയില്ല. സുബ്ഹ് നിസ്കരിക്കാൻ വന്ന നബി(സ) നിസ്കാരശേഷം സ്വഹാബികളോട് പറഞ്ഞു: 'നിങ്ങൾ പള്ളിയിൽ വന്ന കാര്യം ഞാൻ അറിഞ്ഞിരുന്നു. ഈ നിസ്കാരം നിങ്ങളുടെമേൽ നിർബന്ധമാകുമോ എന്ന് ഞാൻ ഭയപ്പെട്ടു. നിർബന്ധമായാൽ നിങ്ങൾക്കിത് നിർവഹിക്കൽ പ്രയാസമാകും.' (ബുഖാരി 872) ഹിജ്റ രണ്ടാം വർഷമായിരുന്നു ഈ സംഭവം. (ഹാശിയത്തുജമൽ 1/489) ഇമാം ഹാകിം(റ) നുഅ്മാനുബ്നു ബശീർ(റ) ഉദ്ധരിച്ച ഹദീസിൽ പ്രസ്തുത സംഭവം റമളാൻ 23, 24, 25 ദിവസങ്ങളിലായിരുന്നെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (അൽമുസ്തദ്റക് 4/151)

തറാവീഹ് നിസ്കാരം നിർബന്ധമാക്കപ്പെടുമോ എന്ന പേടിയാൽ നബി(സ) പിന്നീട് നിസ്കരിക്കാൻ വന്നില്ല. ജമാഅത്തായുള്ള നിസ്കാരം നിർത്തലാക്കിയെങ്കിലും ജനങ്ങൾ ഒറ്റയ്ക്ക് വീടുകളിലും പള്ളിയിലും തറാവീഹ് നിസ്കരിച്ചിരുന്നു. ഇബ്നുശിഹാബ്(റ) പറഞ്ഞു: 'ഈ അവസ്ഥ തുടർന്നുകൊണ്ടിരിക്കെ നബി(സ) വഫാത്തായി. അബൂബക്കർ(റ)വിന്റെ ഭരണകാലത്തും ഉമർ(റ)വിന്റെ ഭരണകാലത്തിന്റെ തുടക്കത്തിലും ഇതേ അവസ്ഥ തന്നെ തുടർന്നു.' (ബുഖാരി 1870)

ഉമർ(റ)വിന്റെ ഭരണകാലത്തിന്റെ അവസാനത്തിൽ ഒരു ഇമാമിനു കീഴിൽ മുഴുവൻ സ്വഹാബത്തിന്റെയും ഏകോപനത്തോടെ ഈ നിസ്കാരം ജമാഅത്തായി നടപ്പിൽ വരുത്തി.

അബ്ദുറഹ്മാനുബ്നു ഖാരിഅ്(റ) പറയുന്നു: 'റമളാനിലെ ഒരു രാത്രി ഉമർ(റ)വിന്റെ കൂടെ ഞാൻ പള്ളിയിലേക്ക് പുറപ്പെട്ടു. ജനങ്ങൾ ഒറ്റക്കും ചെറിയ സംഘങ്ങളായും പള്ളിയിൽ പലയിടത്തായി തറാവീഹ് നിസ്കരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. അപ്പോൾ ഉമർ(റ) പറഞ്ഞു: 'ഇവരെയെല്ലാം ഒരു ഇമാമിന്റെ കീഴിൽ സംഘടിപ്പിക്കുകയാണെങ്കിൽ അത് കൂടുതൽ നല്ലതാകുമല്ലോ.' അങ്ങനെ ഉബയ്യുബ്നു കഅ്ബ്(റ)വിനു കീഴിൽ ജനങ്ങളെ സംഘടിപ്പിക്കുകയും ചെയ്തു. മറ്റൊരു രാത്രിയിൽ ഉമർ(റ)വിനു കൂടെ പള്ളിയിലേക്ക് പുറപ്പെട്ടപ്പോൾ ഉബയ്യുബ്നുകഅ്ബ്(റ)വിനു കീഴിൽ ജനങ്ങൾ നിസ്കരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇത് ഉത്തമമായ ബിദ്അത്താണല്ലോ. അവർ നിസ്കരിക്കാൻ ഉപയോഗപ്പെടുത്തുന്ന സമയത്തെക്കാൾ നല്ലത് ഉറങ്ങുന്ന സമയമാണ്.' (ബുഖാരി 1871)

ഇവിടെ ബിദ്അത്ത് എന്ന പ്രയോഗം തറാവീഹ് നിസ്കാ

രത്തെ സംബന്ധിച്ചോ വലിയ ജമാഅത്തിനെപ്പറ്റിയോ അല്ല. കാരണം അത് നബി(സ)യുടെ കാലഘട്ടത്തിലും നിർവ്വഹിച്ചിരുന്നല്ലോ. മറിച്ച് ഒരു ഇമാമിനു കീഴിൽ റമളാൻ മുഴുവനും തറാവീഹ് നിസ്കരിക്കുന്നതിനെക്കുറിച്ചാണ്. ഇക്കാര്യം ധാരാളം പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുമുണ്ട്.

അഹ്മദുബ്നുഗുനൈം(റ) പറയുന്നു: 'ഉമർ(റ) 'ഇത് നല്ല ബിദ്അത്താണല്ലോ' എന്നതുകൊണ്ട് ഉദ്ദേശിച്ചത് ഇമാമോടുകൂടെ പള്ളിയിൽ വച്ച് സ്ഥിരമായി തറാവീഹ് നിസ്കരിക്കുന്നതു സംബന്ധിച്ചാണ്. ഇത് ബിദ്അത്തിനോട് സാദൃശ്യമാണ്. അല്ലാതെ തറാവീഹ് നിസ്കാരം ബിദ്അത്താണ് എന്നല്ല. നബി(സ) ഇത് നിസ്കരിച്ചിട്ടുണ്ടെന്നത് നാം അറിഞ്ഞതാണല്ലോ. (അൽഫവാകിഹു ദവ്വാനി 8/32)

എന്താണ് തറാവീഹ്?

റമളാനിലെ രാത്രികളിൽ പത്തു തവണ സലാം വീട്ടിക്കൊണ്ടുള്ള ഇരുപത് റക്അത് നിസ്കാരമാണ് തറാവീഹ്. തർവീഹത്ത് എന്ന പദത്തിന്റെ ബഹുവചനമാണ് തറാവീഹ്. സ്വഹാബത്ത് ദീർഘനേരം നിന്നുകൊണ്ടായിരുന്നു ഈ നിസ്കാരം നിർവഹിച്ചിരുന്നത്. അതിനാൽ രണ്ട് സലാം വീട്ടിക്കഴിഞ്ഞാൽ (നാല് റക്അത്തുകൾക്കു ശേഷം) അവർ അല്പസമയം വിശ്രമിക്കാറുണ്ടായിരുന്നു. ഇതാണ് ഈ നിസ്കാരത്തിന് വിശ്രമം എന്നർത്ഥമുള്ള പേരു ലഭിക്കാൻ കാരണം. (ഫത്ഹുൽമുഈൻ)

വിശ്രമം എങ്ങനെ?

മക്കയിലുള്ളവർ ഓരോ നാലു റക്അത്തുകൾക്കിടയിലുമുള്ള വിശ്രമസമയത്ത് പൂർണ്ണമായ ത്വവാഫ് ചെയ്യുമായിരുന്നു. എന്നാൽ മദീനയിലുള്ള സ്വഹാബികൾക്ക് ത്വവാഫ് ചെയ്യാൻ കഴിയില്ലല്ലോ. അതിനാൽ ത്വവാഫ് ചെയ്യുന്നതിനു പകരം അവർ നാല് റക്അത്തുകൾ വീതം നിസ്ക

തർവീഹത്ത് എന്ന പദത്തിന്റെ ബഹുവചനമാണ് തറാവീഹ്. സ്വഹാബത്ത് ദീർഘനേരം നിന്നുകൊണ്ടായിരുന്നു ഈ നിസ്കാരം നിർവഹിച്ചിരുന്നത്. അതിനാൽ രണ്ട് സലാം വീട്ടിക്കഴിഞ്ഞാൽ (നാല് റക്അത്തുകൾക്കു ശേഷം) അവർ അല്പസമയം വിശ്രമിക്കാറുണ്ടായിരുന്നു. ഇതാണ് ഈ നിസ്കാരത്തിന് വിശ്രമം എന്നർത്ഥമുള്ള പേരു ലഭിക്കാൻ കാരണം. (ഫത്ഹുൽമുഈൻ)

ശാഫിഈ പണ്ഡിതരിൽ പ്രധാനിയായ ഇമാം നവവി(റ) ശറഹുൽമുഹദ്ദബിൽ രേഖപ്പെടുത്തുന്നു: തറാവീഹ് നമ്മുടെ മദ്ഹബിൽ പത്തു സലാം വീട്ടിക്കൊണ്ടുള്ള 20 റക്അത്ത് നിസ്കാരമാണ്. ഇതിനു പുറമെയാണ് വിത്ർ നിസ്കാരം. 5 തർവീഹത്തുകളാണതിലുള്ളത്. രണ്ട് പ്രാവശ്യം സലാം വീട്ടിയുള്ള നാല് റക്അത്തുകളാണ് ഒരു തർവീഹത്ത്. അബൂഹനീഫ(റ)വും അസ്ഹാബും അഹ്മദ്, ദാവൂദ്(റ) എന്നിവരും മറ്റുള്ളവരും ഇതേ അഭിപ്രായക്കാരാണ്.

രിക്കാറുണ്ടായിരുന്നു. അപ്പോൾ ഒരു തറാവീഹ് നിസ്കാരത്തിനിടക്ക് 16 റക്അത്തുകൾ കൂടി നാല് തർവീഹത്തുകളിലായി അവർ നിസ്കരിച്ചു. അങ്ങനെ വരുമ്പോൾ തറാവീഹ് നിസ്കാരം മൊത്തത്തിൽ മുപ്പത്തി ആറ് റക്അത്തായി. ഈ മുപ്പത്തി ആറ് റക്അത്തുകളും അവർ തറാവീഹ് നിസ്കാരമായാണ് ഗണിച്ചിരുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണിങ്ങനെ തുടങ്ങിയത്. അന്നുണ്ടായിരുന്ന ഒരു പണ്ഡിതന്റെയും ആക്ഷേപമില്ലാത്തതിനാൽ ഇത് ഇജ്മാആയിത്തീർന്നു. (മഹല്ലി 1/217) തറാവീഹിന്റെ റക്അത്തുകൾ ഇരുപതാണെന്നതിൽ നാല് മദ്ഹബിന്റെ ഇമാമുകളും ഏകാഭിപ്രായക്കാരാണ്.

ശാഫിഈ പണ്ഡിതരിൽ പ്രധാനിയായ ഇമാം നവവി(റ) ശറഹുൽമുഹദ്ദബിൽ രേഖപ്പെടുത്തുന്നു: തറാവീഹ് നമ്മുടെ മദ്ഹബിൽ പത്തു സലാം വീട്ടിക്കൊണ്ടുള്ള 20 റക്അത്ത് നിസ്കാരമാണ്. ഇതിനു പുറമെയാണ് വിത്ർ നിസ്കാരം. 5 തർവീഹത്തുകളാണതിലുള്ളത്. രണ്ട് പ്രാവശ്യം സലാം വീട്ടിയുള്ള നാല് റക്അത്തുകളാണ് ഒരു തർവീഹത്ത്. അബൂഹനീഫ(റ)വും അസ്ഹാബും അഹ്മദ്, ദാവൂദ്(റ) എന്നിവരും മറ്റുള്ളവരും ഇതേ അഭിപ്രായക്കാരാണ്. ഖാളി ഇയാള്(റ) ഭൂരിഭാഗം പണ്ഡിതരെ ഉദ്ധരിച്ച് ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. (ശറഹുൽ മുഹദ്ദബ് 4/33)

ഇമാം മാലിക്(റ)വിനെ ഉദ്ധരിച്ച് ഇബ്നുൽഖാസിം(റ) തറാവീഹ് മുപ്പത്തിആറാണ് നല്ലതെന്ന അഭിപ്രായപ്പെട്ടിട്ടുണ്ട്. (ബിദായത്തുൽ മുജ്തഹിദ് 1/167) ഇങ്ങനെ ഒരു അഭിപ്രായം വന്നത് മദീനക്കാരുടെ നിസ്കാരമനുസരിച്ചാണ്. മാലികി മദ്ഹബിലെ പ്രബലമായ അഭിപ്രായം 20 റക്അത്ത് തന്നെയാണെന്നാണ്. മാലികി മദ്ഹബുകാരനായ അല്ലാമാ സ്വാവി(റ), അഹ്മദ് ദർദീർ(റ) തുടങ്ങിയവർ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

മുപ്പത്തിയാറ് ആകാമോ?

തർവീഹത്തുകളിൽ മക്കക്കാരായ സ്വഹാബത്ത് ചെയ്തതുപോലെ ത്വവാഫ് ചെയ്യാൻ നമുക്ക് കഴിയില്ല. എന്നാൽ, മദീനയിലുള്ള സ്വഹാബത്ത് ചെയ്തതുപോലെ 36 റക്അത്ത് നമുക്ക് നിസ്കരിക്കാൻ പറ്റുമോ?

ഇതു സംബന്ധമായി ഇമാം ശാഫിഈ(റ) പറയുന്നു: 'മദീനക്കാരായ സ്വഹാബികൾ ഇങ്ങനെ ചെയ്തത് ഞാൻ ഇഷ്ടപ്പെടുന്നു. അവരല്ലാത്തവർക്ക് ഈ വർദ്ധനവ് പാടില്ല. കാരണം, നബി(സ) ഹിജ്റ ചെയ്തെത്തിയ ദേശം, അവിടുന്ന് അന്ത്യവിശ്രമം കൊ

ള്ളുന്ന ദേശം എന്നതുകൊണ്ടെല്ലാം മദീനക്കാർ മഹത്വമുള്ളവരാണ്. (ഖൽയൂബി 1/217)

ഇന്ന് നമ്മുടെ നാടുകളിൽ നാല് റക്അത്തുകൾ കഴിഞ്ഞാൽ അല്പസമയം ഇരിക്കുകയും ദിക്ർ, സ്വലാത്തുകൾ ചൊല്ലുകയും ചെയ്യാറുണ്ട്. തർവീഹത്തിന്റെ സമയങ്ങളിൽ മുൻഗാമികൾ വിശ്രമമെടുത്തതിനു പകരമായി പണ്ഡിതർ കാണിച്ചുതന്ന ഒരു ചര്യയാണിത്.

സലാം വീട്ടൽ

എല്ലാ ഈരണ്ടു റക്അതിലും നിയ്യത്ത് ചെയ്യലും സലാം വീട്ടലും നിർബന്ധമാണ്. അപ്പോൾ ഒരാൾ നാല് റക്അത്ത് ഒരു സലാം കൊണ്ട് മനപ്പൂർവ്വം നിർവഹിച്ചാൽ സ്വഹീഹാവുകയില്ല. മനപ്പൂർവമല്ലെങ്കിൽ മുത്വ്ലഖായ സുന്നത്ത് നിസ്കാരമായി പരിഗണിക്കപ്പെടും. (ഇആനത്തുത്വാലിബീൻ 1/423)

നിയ്യത്ത്

നിയ്യത്തുകളിൽ പരിഗണിക്കപ്പെടേണ്ട കാര്യങ്ങളെല്ലാം തറാവീഹിലെ നിയ്യത്തിലും ബാധകമാണ്. ഞാൻ നിസ്കരിക്കുന്നുവെന്നും ഏതു നിസ്കാരമാണെന്നും കരുതലാണല്ലോ സുന്നത്ത് നിസ്കാരത്തിൽ നിർബന്ധമുള്ളത്. തറാവീഹ് നിസ്കാരം എന്നോ ഖിയാമുറമളാൻ എന്നോ കരുതാം. മുത്വ്ലഖായ സുന്നത്ത് നിസ്കാരം എന്ന് കരുതിയാൽ മതിയാവില്ല. (റൗള)

നിയ്യത്തിൽ സുന്നത്തായ മറ്റു കാര്യങ്ങളെല്ലാം ഇവിടെയും സുന്നത്താകും. അല്ലാഹുവിനു വേണ്ടി എന്നും അദാഓ ഖളാഓ എന്നും ഖിബിലക്ക് മുന്നിടുന്നു എന്നും റക്അത്തുകളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കലാണത്. രണ്ട് റക്അത്ത് എന്നാണ് കരുതേണ്ടത്. എണ്ണം കരുതണമെന്ന് നിർബന്ധമില്ല.

റക്അത്തുകളുടെ എണ്ണം കരുതുന്നതിനെക്കുറിച്ച് ഇമാം ഇബ്നുഹജർ(റ) പറയുന്നു: ‘തറാവീഹ് നിസ്കരിക്കുന്നു’ എന്നു കരുതിയാൽ മതി. തറാവീഹിൽ നിന്നുള്ള രണ്ട് റക്അത്ത്

നിയ്യത്തുകളിൽ പരിഗണിക്കപ്പെടേണ്ട കാര്യങ്ങളെല്ലാം തറാവീഹിലെ നിയ്യത്തിലും ബാധകമാണ്. ഞാൻ നിസ്കരിക്കുന്നുവെന്നും ഏതു നിസ്കാരമാണെന്നും കരുതലാണല്ലോ സുന്നത്ത് നിസ്കാരത്തിൽ നിർബന്ധമുള്ളത്. തറാവീഹ് നിസ്കാരം എന്നോ ഖിയാമുറമളാൻ എന്നോ കരുതാം. മുത്വ്ലഖായ സുന്നത്ത് നിസ്കാരം എന്ന് കരുതിയാൽ മതിയാവില്ല. (റൗള) നിയ്യത്തിൽ സുന്നത്തായ മറ്റു കാര്യങ്ങളെല്ലാം ഇവിടെയും സുന്നത്താകും.



തറാവീഹ്നിസ്കാരം സ്ത്രീകൾക്കും സുന്നത്താണ്. വീട്ടിൽ വച്ച് ജമാഅത്തായി നിസ്കരിക്കലാണ് ഏറ്റവും ഉത്തമം. ജമാഅത്ത് സുന്നത്താണെങ്കിലും പുരുഷന്മാർക്കുള്ളതുപോലെ ശക്തമായ സുന്നത്തില്ല. ഇമാം ഇബ്നുഹജർ(റ) ജമാഅത്തിന്റെ അധ്യായത്തിൽ പറയുന്നു: 'സ്ത്രീകൾ വീട്ടിൽ വച്ച് ജമാഅത്തായി നിർവഹിക്കുന്നതാണ് കൂടുതൽ നല്ലത്.' (തുഹ്ഫ 2/252)

എന്ന് കരുതൽ നിർബന്ധമില്ല.' (തുഹ്ഫ 2/241)

കരുതുന്നതിനെ തക്ബീറിന്റെ തൊട്ടുമുമ്പ് പറയലും സുന്നത്താണ്. തറാവീഹ് 20 റക്അത്ത് നിസ്കരിക്കലാണ് പൂർണ്ണത. എന്നാൽ നിയ്യത്തോടു കൂടെ 20 ൽ കുറവ് നിസ്കരിച്ചാലും അതിന്റെ പ്രതിഫലം കിട്ടും.

8 നിസ്കരിച്ചാലും അതിന്റെ പ്രതിഫലം ലഭിക്കും. എന്നാൽ ബിദ്അത്തുകാരോട് സാദൃശ്യമാകാതിരിക്കാൻ 8 റക്അത്ത് നിസ്കരിക്കാതിരിക്കുന്നതാണ് ഉത്തമം.

ഖളാഅ് വീട്ടാമോ?

സമയം നിശ്ചയിക്കപ്പെട്ട ജമാഅത്ത് സുന്നത്തുള്ള നിസ്കാരത്തിൽ പെട്ടതാണ് തറാവീഹ് നിസ്കാരം. (നിഹായതു സൈൻ 114) സമയം നിശ്ചയിക്കപ്പെട്ട സുന്നത്ത് നിസ്കാരങ്ങൾ നഷ്ടപ്പെട്ടാൽ ഖളാഅ് വീട്ടൽ സുന്നത്താണ്. (ഫത്ഹുൽമുഈൻ)

ഇരുത്തം

തറാവീഹിൽ ഓരോ രണ്ട് റക്അത്തുകളിലും തവർറുക്കിന്റെ ഇരുത്തമാണ് ഇരിക്കേണ്ടത്. സലാം വീട്ടുന്ന എല്ലാ അത്തഹിയ്യാത്തിലും ഈ ഇരുത്തമാണ് ഇരിക്കേണ്ടത്. അവസാനത്തെ റക്അത്ത് എന്നതല്ല പരിഗണന.

ഇഫ്തിറാശിന്റെ ഇരുത്തം പോലെ (ഇടത് കാൽപാദം മലർത്തിവെച്ച് അതിന്റെ മടമ്പിൽ ഇരിക്കുക) ആണെങ്കിലും തവർറുക്കിന്റെ ഇരുത്തത്തിൽ മടക്കി വെച്ച വലതുകാലിനടിയിലൂടെ ഇടതു കാൽ കടത്തി പൃഷ്ഠം നിലത്തു ചേർത്തിരിക്കുകയാണ് വേണ്ടത്. (ഫത്ഹുൽമുഈൻ)

കൈകൾ കാൽമുട്ടിനടുത്ത് വിരലുകൾ നിവർത്തി വെക്കൽ സുന്നത്താണ്. കാൽമുട്ടുകൾ മുൻകൈ കൊണ്ട് കൂട്ടിപ്പിടിക്കുന്ന ശൈലി സുന്നത്തിനെതിരാണ്. ഇടതു കൈവിരലുകൾ ചേർത്തു നിവർത്തിയും വലതു കയ്യിലെ ചൂണ്ടുവിരൽ ഒഴികെയുള്ളവ കൂട്ടിപ്പിടിച്ചുമാണ് വെക്കേണ്ടത്. ചൂണ്ടുവിരൽ മടക്കിപ്പിടിക്കരുത്. അത്തഹിയ്യാത്തിൽ 'ഇല്ലല്ലാഹ്' എന്ന് പറയാൻ തുടങ്ങുമ്പോൾ ചൂണ്ടുവിരൽ ഖിബ്‌ലയുടെ ഭാഗത്തേക്ക് അല്പം ചരിവോടെ ഉയർത്തലും സുന്നത്താണ്. സലാം വീട്ടുന്നതു വരെ ആ വിരൽ ഉയർത്തിപ്പിടിക്കണം. ഉള്ളംകയ്യിന്റെ അഗ്രത്തിൽ ചൂണ്ടുവിരലിന് താഴെയായി പെരുവിരലിന്റെ അറ്റം വെച്ചുപിടിക്കലാണ് ഉത്തമം. (ഫത്ഹുൽമുഈൻ) വിരൽ ഉയർത്തിയതു മുതൽ സലാം വീട്ടുന്നതു വരെ അതിലേക്കു തന്നെ നോക്കൽ സുന്നത്താണ്.

ഉത്തമ സമയം

റമളാനിലെ എല്ലാ രാത്രികളിലും ഇശാഅ് നിസ്കരിച്ചതിനു ശേഷം ഫജ്റ് വെളിവാവുന്നതു വരെയാണ് തറാവീഹ് നിസ്കാരത്തിന്റെ സമയം. (മഹല്ലി 1/217) ഇശാഇന്റെ സമയം ആകാശത്തിലെ ചുവപ്പ് ശോഭ മാഞ്ഞതു മുതൽ ഫജ്റുസ്സ്വാദിഖ് തെളിയും വരെയാണല്ലോ. ചുവപ്പു ശോഭ മാഞ്ഞശേഷം കാണപ്പെടുന്ന മഞ്ഞയും വെള്ളയും വർണ്ണങ്ങൾ കൂടി മായുന്നതു വരെ ഇശാഇനെ പിന്തിക്കൽ സുന്നത്താണെന്ന് ശൈഖുനാ ഇബ്നുഹജർ(റ) പറഞ്ഞിട്ടുണ്ട്. അത് നിർബന്ധമാണെന്ന് ചിലർ പറഞ്ഞതിനെ പരിഗണിച്ചാണ് ഇങ്ങനെ പറഞ്ഞത്. ആയതിനാൽ ഇശാഅ് നിസ്കാരം ബാങ്ക് കൊടുത്തയുടൻ നിർവഹിക്കുന്നതിനെക്കാൾ നല്ലത് അല്പസമയം പിന്തിപ്പിക്കലാണ്. ഉറങ്ങിയതിന്നു ശേഷം രാത്രിയിൽ ഉണർന്ന് നിസ്കരിക്കുന്നതിനെക്കാൾ ഉത്തമം രാത്രിയുടെ ആദ്യ സമയത്തു തന്നെ നിർവഹിക്കലാണ്. ഇമാം ഹലീമി(റ)ന്റെ ധാരണക്ക് വിരുദ്ധമാണിത്. (ഫത്ഹുൽമുഈൻ 1/423)

തറാവീഹും സ്ത്രീകളും

തറാവീഹ്നിസ്കാരം സ്ത്രീകൾക്കും സുന്നത്താണ്. വീട്ടിൽ വച്ച് ജമാഅത്തായി നിസ്കരിക്കലാണ് ഏറ്റവും ഉത്തമം. ജമാഅത്ത് സുന്നത്താണെങ്കിലും പുരുഷന്മാർക്കുള്ളതുപോലെ ശക്തമായ സുന്നത്തില്ല. ഇമാം ഇബ്നുഹജർ(റ) ജമാഅത്തിന്റെ അധ്യായത്തിൽ പറയുന്നു: 'സ്ത്രീകൾ വീട്ടിൽ വച്ച് ജമാഅത്തായി നിർവഹിക്കുന്നതാണ് കൂടുതൽ നല്ലത്.' (തുഹ്ഫ 2/252)

പള്ളിയിലോ മറ്റു സ്ഥലങ്ങളിലോ തറാവീഹ് നിസ്കരിക്കാൻ സ്ത്രീകൾ വീടുവിട്ടിറങ്ങാൻ പാടില്ല.

സുലൈമാൻ ജമൽ(റ) പറയുന്നു: 'ആകർഷിക്കപ്പെടുന്ന സ്ത്രീകൾ ഫിത്നയുണ്ടായേക്കാമെന്ന കാരണത്താൽ പുരുഷന്മാരുള്ള ജമാഅത്തിൽ പങ്കെടുക്കാനായി പള്ളിയിൽ ഹാജരാവൽ കറാഹത്താണ്.' (ജമൽ 1/503)

കറാഹത്താണെന്നു പറഞ്ഞത് ഫിത്നയുണ്ടാവാനുള്ള സാധ്യതയുള്ളപ്പോഴാണ്. അതേസമയം, ഫിത്നയുണ്ടാകുമെന്ന് ഉറപ്പാണെങ്കിൽ പുറത്തിറങ്ങൽ നിഷിദ്ധമാകും. ഇബ്നുഹജർ(റ) പറയുന്നു: 'രക്ഷിതാവ്, ഭർത്താവ്, യജമാനൻ തുടങ്ങിയവരുടെ അനുവാദമില്ലാതെയോ ഫിത്നയുണ്ടാകുന്ന അവസ്ഥയുണ്ടെങ്കിലോ സ്ത്രീകൾ പള്ളിയിൽ പോകൽ നിഷിദ്ധമാണ്. അവർക്ക് പോകാൻ അനുവാദം നൽകുന്നതിനും പോകുന്നതിന്റെ വിധി തന്നെയാണുള്ളത്.' (തുഹ്ഫ 2/252)

ഫിത്നയുടെ വിവക്ഷ വിശദീകരിച്ച് ഇബ്നുഹജർ(റ) പറയുന്നു: സ്ത്രീയെ സ്പർശിക്കൽ പോലുള്ളതിന്നോ അവളുമായി തനിച്ചാവുന്നതിന്നോ മനസ്സിൽ വരുന്ന പ്രേരണയാണ് ഫിത്ന. (തുഹ്ഫ) ആകയാൽ ഈ കാലത്ത് ഫിത്ന ഉണ്ടാകുമെന്നതിൽ ഒരു സംശയവുമില്ല. അതിനാൽ, സ്ത്രീകൾ ജുമുഅ ജമാഅത്തുകൾക്ക് പോവൽ നിഷിദ്ധമായതുപോലെ തറാവീഹ് നിസ്കാരത്തിനു പോകലും നിഷിദ്ധമാണ്. അതിനാൽ വീട്ടിൽ വച്ച് ജമാഅത്ത് സാധ്യമാകുമെങ്കിൽ ജമാഅത്തായിട്ടും അതിനു കഴിയില്ലെങ്കിൽ ഒറ്റയ്ക്കുമാണ് സ്ത്രീ നിസ്കരിക്കേണ്ടത്.

മുൻഗാമികളുടെ തറാവീഹ് നിസ്കാരം വളരെ ദൈർഘ്യമേറിയതായിരുന്നു. ഇന്ന് പല സ്ഥലങ്ങളിലും തറാവീഹ് നിസ്കാരം ഹൈസ്പീഡ് നിസ്കാരമായി മാറിയിട്ടുണ്ട്. സുന്നത്തുകൾ പാലിക്കാതെയും ഫർളുകളിൽ തന്നെ ഭംഗം വരുത്തിയും ചെയ്യുന്ന ഇത്തരം നിസ്കാരങ്ങളെ പണ്ഡിതന്മാർ ശക്തമായി എതിർത്തിട്ടുണ്ട്. എല്ലാ നിബന്ധനകളും പാലിച്ച്, സുന്നത്തുകളെല്ലാം പൂർണ്ണമായി പാലിക്കാൻ കഴിയുന്നവർ അങ്ങനെ തന്നെ നിസ്കരിക്കണം.

കറാഹത്തുകൾ ഒഴിവാക്കാം

മുൻഗാമികളുടെ തറാവീഹ് നിസ്കാരം വളരെ ദൈർഘ്യമേറിയതായിരുന്നു. ഇന്ന് പല സ്ഥലങ്ങളിലും തറാവീഹ് നിസ്കാരം ഹൈസ്പീഡ് നിസ്കാരമായി മാറിയിട്ടുണ്ട്. സുന്നത്തുകൾ പാലിക്കാതെയും ഫർളുകളിൽ തന്നെ ഭംഗം വരുത്തിയും ചെയ്യുന്ന ഇത്തരം നിസ്കാരങ്ങളെ പണ്ഡിതന്മാർ ശക്തമായി എതിർത്തിട്ടുണ്ട്. എല്ലാ നിബന്ധനകളും പാലിച്ച്, സുന്നത്തുകളെല്ലാം പൂർണ്ണമായി പാലിക്കാൻ കഴിയുന്നവർ അങ്ങനെ തന്നെ നിസ്കരിക്കണം. പല കാരണങ്ങളാൽ ചുരുക്കി നിസ്കരിക്കുന്നവർ സുന്നത്തുകൾ പൂർണമായി പാലിച്ചില്ലെങ്കിലും കറാഹത്തുകൾ വരാതെ സൂക്ഷിക്കേണ്ടതാണ്.

സുന്നത്ത് ഒഴിവാക്കിയാൽ തന്നെ കറാഹത്ത് വരുമെന്നു പറഞ്ഞ പണ്ഡിതന്മാരുമുണ്ട്. എന്നാൽ ശൈഖുനാ ഇബ്നുഹജർ(റ) രേഖപ്പെടുത്തുന്നു: ന്യായമായി തോന്നുന്നത്, നിരോധമുള്ളതോ നിർബന്ധമാണോ അല്ലെയോ എന്നതിൽ അഭിപ്രായവ്യത്യാസമുള്ളതോ ഒഴിവാക്കിയാലാണ് കറാഹത്ത് വരുന്നതെന്നാണ്. (തുഹ്ഫ)

നിർബന്ധമാണോ അല്ലേ എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ള ചില സുന്നത്തുകൾ പരിശോധിക്കാം.

1. പ്രാരംഭ പ്രാർത്ഥന. (ദുആഉൽ ഇഫ്തിതാഹ്) മയ്യിത്ത് നിസ്കാരമല്ലാത്ത ഫർളും സുന്നത്തുമായ എല്ലാ നിസ്കാരത്തിലും തക്ബീറതുൽഇഹ്റാമിനു ശേഷം ദുആഉൽ ഇഫ്തിതാഹ് സുന്നത്താണ്. ഇത് നിർബന്ധമാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുമുണ്ട്. (ഫത്ഹുൽമുഈൻ 1/235) ധാരാളം ദുആകൾ പ്രാരംഭ പ്രാർത്ഥനയായി വന്നിട്ടുണ്ട്. അതിൽ ഏറ്റവും ശ്രേഷ്ഠം ഇമാം മുസ്ലിം(റ) റിപ്പോർട്ട് ചെയ്ത 'വജ്ജഹ്തു വജ്ഹിയ ലില്ലദീ....' എന്നു തുടങ്ങുന്ന ദുആ ആണ്. സാധിക്കുന്നവർ അതുതന്നെ ചൊല്ലണം. അതിനു കഴിയാത്തവർ കറാഹത്തിൽ നിന്ന് ഒഴിവാകാനും അടിസ്ഥാന സുന്നത്ത് ലഭിക്കാനും ദുആഉൽ ഇഫ്തിതാഹിന്റെ ചുരുങ്ങിയ രൂപമായ 'അൽഹംദുലില്ലാഹി ഹംദൻ കസീറൻ ത്വയ്യിബൻ മുബാറകൻ ഫീഹി' എന്ന ദിക്റ് ചൊല്ലിയാലും മതിയാവും. (നിഹായത്തുൽ മുഹ്താജ്)

2. ഫാതിഹയിലെ ബിസ്മിക്കു മുമ്പ് അഊദു ഓതൽ. ഇത് എല്ലാ നിസ്കാരങ്ങളിലും സുന്നത്തും ഉപേക്ഷിക്കൽ കറാഹത്തുമാണ്. മയ്യിത്ത് നിസ്കാരത്തിലും ഇത് സുന്നത്താണ്. ഉറക്കെ ഓതുന്ന നിസ്കാരമാണെങ്കിലും ശബ്ദമുയർത്താതെയാണ് അഊദു ഓതേണ്ടത്. (ഫത്ഹുൽമുഈൻ)

3. അവസാനത്തിലെ അത്തഹിയ്യാത്തിലെ ദുആ. തറാവീഹ് നിസ്കാരത്തിൽ ഈരണ്ടു റക്അത്തുകൾ കഴിഞ്ഞുവരുന്ന അത്തഹിയ്യാത്ത് അവസാന അത്തഹിയ്യാത്തായാണ് പരിഗണിക്കുക. ഏതു ദുആഉം മതിയാവുമെങ്കിലും ഹദീസിൽ വന്ന ദുആ ആണ് നല്ലത്. നിർബന്ധമാണെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെട്ട ദുആ നിർവഹിക്കലാണ് അതിശ്രേഷ്ഠം. (അല്ലാഹുമ്മ ഇന്നീ അഊദു ബിക....എന്നു തുടങ്ങി ഫിത്നത്തിൽ മസീഹിദ്ദജ്ജാൽ വരെ) (ഫത്ഹുൽമുഈൻ)

? ചോദ്യോത്തരം/ ശാഫിഇൗ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

സകാത്തും കമ്മിറ്റികളും

ചോദ്യം: 'സകാത്തിന് വേണ്ടി പ്രവർത്തിക്കുന്നവർ' എന്ന് ഖുർആൻ പറഞ്ഞ അവകാശികളിൽ ഇന്നത്തെ സകാത്ത് കമ്മിറ്റിയുടെ പ്രവർത്തകർ ഉൾപ്പെടുമോ? ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം: ഉൾപ്പെടുകയില്ല. കാരണം, വിശുദ്ധ ഖുർആൻ 'ആമിലുകൾ' എന്നു പറഞ്ഞതിന്റെ വിവക്ഷ കേവലം സകാത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ എന്നല്ല. പ്രത്യുത, ഇസ്‌ലാമിക ഭരണാധികാരിയായ 'ഇമാമുൽ അഅ്ളം' സകാത്തിന്റെ ശേഖരണത്തിനും വിതരണത്തിനും അധികാരപ്പെടുത്തിയവർ എന്നാണ്. സകാത്ത് വസൂലാക്കാൻ വേണ്ടി കമ്മിറ്റിയുണ്ടാക്കി പ്രവർത്തിക്കുന്നവർ ഇസ്‌ലാമിക ഭരണാധികാരിയായ ഇമാം അധികാരപ്പെടുത്തിയവരോ സകാത്ത് ശേഖരണ - വിതരണത്തിന് അധികാരമുള്ളവരോ അല്ലെന്ന് വ്യക്തമാണല്ലോ.

പ്രമുഖ ഖുർആൻ വ്യാഖ്യാതാവ് ഇമാം റാസി(റ) എഴുതുന്നു: ആമിൽ എന്നാൽ സകാത്ത് ശേഖരണത്തിനു വേണ്ടി ഇമാം നിശ്ചയിച്ച വ്യക്തിയാകുന്നു. (തഫ്സീർ റാസി 16/88)

ചോദ്യം: ദരിദ്രർക്കും കടബാധ്യതയുള്ളവർക്കും ഫിത്വ്ർ സകാത്ത് നിർബന്ധമാകുമോ?

ഉത്തരം: അനുയോജ്യമായ വീട്, ആവശ്യമായ പരിചാരകൻ, പെരുന്നാൾ ദിവസത്തിൽ തനിക്കും താൻ ചെലവ് നൽകൽ നിർബന്ധമുള്ളവർക്കുമുള്ള ഭക്ഷണം, വസ്ത്രം, കടമുണ്ടെങ്കിൽ കടം വീട്ടാനുള്ള ധനം എന്നീ ആവശ്യങ്ങൾക്കു ശേഷം സമ്പത്തുള്ളവർക്ക് ഫിത്വർ സകാത്ത് നിർബന്ധമാകുന്നതാണ്.

റമളാനിന്റെ ഏറ്റവും അവസാനത്തെ നിമിഷമാണല്ലോ ഫിത്വർ സകാത്ത് നിർബന്ധമാകുന്നത്. പ്രസ്തുത സമയം മേൽപ്പറഞ്ഞ വിധം സാമ്പത്തികശേഷിയുള്ളവർക്ക് തന്റെയും താൻ ചെലവ് നൽകൽ നിർബന്ധമുള്ളവരുടെയും ഫിത്വർ സകാത്ത് നിർബന്ധമാകുന്നതാണ്.

ഫിത്വർ സകാത്ത് ധനികർക്ക് മാത്രമല്ല നിർബന്ധമാവുക എന്ന് മേൽ പറഞ്ഞതിൽ നിന്ന് വ്യക്തമാണല്ലോ.

കടബാധ്യതയുണ്ടെങ്കിലും മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കും കടം വീട്ടാനും ആവശ്യമായതിലേറെ സാമ്പത്തികശേഷിയുണ്ടെങ്കിൽ ഫിത്വർ സകാത്ത് നിർബന്ധം തന്നെയാണ്. കടം വീട്ടാനാവശ്യമായ ധനമില്ല, അല്ലെങ്കിൽ മേൽപ്പറഞ്ഞ ചെലവുകൾക്കും കടം വീട്ടാനും ആവശ്യമായത് മാത്രമേയുള്ളൂ എങ്കിൽ ഫിത്വർ സകാത്ത് നിർബന്ധമില്ല.

ചോദ്യം: ഫിത്വർ സകാത്ത് വിതരണം ചെയ്യാൻ കുട്ടികളെ ഏൽപ്പിക്കാമോ?

ഉത്തരം: അവകാശികളിൽ പെട്ട നിശ്ചിത വ്യക്തിയിലേക്ക് എത്തിച്ചുകൊടുക്കാൻ കുട്ടികളെ ഏൽപ്പിക്കാവുന്നതാണ്. ഏത് വ്യക്തിക്കാണ് നൽകേണ്ടത് എന്ന് നിർണയിച്ചു കൊടുക്കാതെ സകാത്ത് വിതരണത്തിന് കുട്ടികളെ ഏൽപ്പിക്കാൻ പറ്റില്ല. അപ്രകാരം തന്നെ നിയ്യത്തും കുട്ടികളെ ഏൽപ്പിക്കാവുന്നതല്ല. (ഫത്ഹുൽ മുഈൻ)

ചോദ്യം: ഭ്രാന്തന്മാർ, അബോധാവസ്ഥയിലുള്ളവർ, കുട്ടികൾ തുടങ്ങിയവർക്ക് സകാത്ത് നൽകാമോ?

ഉത്തരം: സകാത്തിന്റെ അവകാശികളിൽ ഉൾപ്പെട്ട ഭ്രാന്തൻ, കുട്ടികൾ തുടങ്ങിയവരുടെ കൈവശം സകാത്ത് നൽകാവുന്നതല്ല. അവർക്കു വേണ്ടി അവരുടെ രക്ഷിതാവിനെ ഏൽപ്പിക്കുകയാണ് വേണ്ടത്. (ഫത്ഹുൽ മുഈൻ)

ചോദ്യം: സകാത്ത് കൊടുക്കുമ്പോൾ ഇസ്‌ലാമിക ചിട്ടയിൽ ജീവിക്കുന്നവർക്ക് തന്നെ നൽകൽ നിർബന്ധമാണോ? കൃത്യമായി നിസ്കാരം നിർവഹിക്കാത്തവരോ മദ്യപാനം പോലെയുള്ള പാപങ്ങൾ ചെയ്യുന്നവരോ ആയ ഫഖീർ - മിസ്കീനുകൾക്ക് കൊടുത്താൽ സകാത്ത് വീടുമോ?

ഉത്തരം: ഇസ്‌ലാമിക ചിട്ടയിൽ ജീവിക്കുന്നവർക്ക് തന്നെ നൽകണമെന്ന് നിർബന്ധമില്ല. ചോദ്യത്തിൽ പറഞ്ഞതുപോലെയുള്ള തെറ്റുകൾ ചെയ്യുന്നവരായ അവകാശികൾക്ക് (ഫാസിഖുകൾക്ക്) നൽകിയാലും സകാത്ത് വീടുന്നതാണ്. നാം നൽകുന്ന സകാത്ത് അവർ ഹറാമിന് ഉപയോഗിക്കുമെന്ന് ബോധ്യമുണ്ടെങ്കിൽ നൽകൽ ഹറാമാണ്.

എന്നാലും സകാത്ത് വീടാതിരിക്കുകയില്ല. (ഫത്ഹുൽ മുഈൻ)

ചോദ്യം: ഫിത്വർ സകാത്തിൽ നിയ്യത്ത് അനിവാര്യമാണല്ലോ. എങ്ങനെയാണ് നിയ്യത്ത് ചെയ്യേണ്ടത്? ആരാണ് നിയ്യത്ത് ചെയ്യേണ്ടത്?

ഉത്തരം: സകാത്തിൽ നിയ്യത്ത് നിർബന്ധമാണ്. 'ഇത് എന്റെ സകാത്താകുന്നു', 'ഇത് എന്റെ നിർബന്ധ സ്വദഖയാകുന്നു', 'ഇതെന്റെ ഫിത്വർ സകാത്താകുന്നു' തുടങ്ങിയ രൂപത്തിലെല്ലാം നിയ്യത്ത് ചെയ്യാവുന്നതാണ്.

ഓരോ അവകാശിയിലേക്കും കൈമാറുന്ന സമയം തന്നെ നിയ്യത്ത് ചെയ്യണമെന്ന് നിർബന്ധമില്ല. സകാത്തിന്റെ വിഹിതം വേർതിരിച്ച് വെക്കുന്ന സമയത്തോ വേർതിരിച്ച് മാറ്റി വെച്ചതിനുശേഷം അവകാശികൾക്ക് നൽകുന്നതിനു മുമ്പ് ഏതെങ്കിലും സമയത്തോ നിയ്യത്ത് ചെയ്താൽ മതിയാകുന്നതാണ്.

സകാത്ത് നിർബന്ധ ബാധ്യതയുള്ള സകാത്ത് ദായകനോ അദ്ദേഹം ഏൽപ്പിച്ചവരോ നിയ്യത്ത് ചെയ്യണം. (ഫത്ഹുൽ മുഈൻ, തുഹ്ഫ 3/346)

ചോദ്യം: കച്ചവടത്തിന്റെയും മറ്റും സകാത്തുകൾ പലരും റമളാൻ മാസത്തിലാണ് നൽകുന്നത്. അത്തരം സകാത്ത് റമളാൻ മാസത്തിൽ നൽകുന്നതിന് പ്രത്യേക പുണ്യമുണ്ടോ?

ഉത്തരം: ഫിത്വർ സകാത്ത് മാത്രമാണ് റമളാനുമായി നേരിട്ട് ബന്ധമുള്ള സകാത്ത്. മറ്റു സകാത്തുക്കൾക്ക് റമളാൻ എന്ന പ്രത്യേകതയില്ല. ഉദാഹരണമായി കച്ചവട സകാത്ത് കച്ചവടം തുടങ്ങി ഒരു വർഷം പൂർത്തിയാകുമ്പോഴാണ് നിർബന്ധമാകുന്നത്. കൊടുക്കാനുള്ള ധനവും അവകാശികളും ലഭ്യമാണെങ്കിൽ ഉടനെ നൽകൽ നിർബന്ധമാണ്. പിന്തിക്കാൻ പാടില്ല.

ചോദ്യം: ശവ്വാൽ മാസപ്പിറവി കാണുന്നതോടെയാണല്ലോ ഫിത്വർ സകാത്ത് നിർബന്ധമാകുന്നത്. എന്നാൽ ചിലർ റമളാൻ തുടക്കത്തിൽ തന്നെ ഫിത്വർ സകാത്ത് നൽകാറുണ്ട്. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് സ്വഹാബികളിൽ ചിലർ ഫിത്വർ സകാത്ത് നൽകിയിട്ടുണ്ടെന്നും അതിനുമുമ്പ് പറ്റില്ലെന്നും ഒരു പ്രസംഗത്തിൽ കേട്ടു. ശരിയാണോ?



സകാത്ത് നിർബന്ധമാക്കുകയും അതിന്റെ അവകാശികളെ നിശ്ചയിക്കുകയും ചെയ്ത അല്ലാഹുവിന്റെ നിയമങ്ങളും നിശ്ചയങ്ങളും അനുസരിച്ചാണ് സകാത്ത് നൽകേണ്ടത്. അതിലപ്പുറമുള്ള ന്യായങ്ങളും വാദങ്ങളും സ്വീകാര്യമല്ല. സകാത്തായി നൽകാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഏതാണോ, അതുതന്നെ അവകാശികളിലേക്ക് എത്തിക്കണം.

ഉത്തരം: ശവ്വാൽ മാസപ്പിറവിയോടെയാണ് ഫിത്വർ സകാത്ത് നിർബന്ധമാകുന്നതെങ്കിലും റമളാൻ ആരംഭിച്ചതു മുതൽ മുൻകൂറായി ഫിത്വർ സകാത്ത് നൽകൽ അനുവദനീയമാണ്. റമളാനിനു മുമ്പ് നൽകാൻ പറ്റില്ല. പെരുന്നാളിന്റെ രണ്ടു ദിവസം മുമ്പ് മാത്രമേ ഫിത്വർ സകാത്ത് നൽകാവൂ എന്നില്ല. എന്നാൽ, പെരുന്നാൾ ദിനത്തിൽ പെരുന്നാൾ നിസ്കാരത്തിനു മുമ്പായി നൽകലാണ് ഏറ്റവും ഉത്തമം. (ഫത്ഹുൽമുഈൻ, തുഹ്ഫ)

ചോദ്യം: നാട്ടിലെ മുഖ്യാഹാരമായ ധാന്യമാണല്ലോ സകാത്തായി നൽകേണ്ടത്. എന്നാൽ ചിലർ ഫിത്വർ സകാത്തായി പണം നൽകുന്നു. നമ്മുടെ മദ്ഹബിൽ ഇതിന് എന്തെങ്കിലും വകുപ്പുണ്ടോ?

ഉത്തരം: ഇല്ല. ഫിത്വർ സകാത്ത് ധാന്യം തന്നെ നൽകൽ നിർബന്ധമാണ്. പണം നൽകിയാൽ മതിയാവുകയില്ല. ശാഫിഈ മദ്ഹബിൽ ഇതിൽ രണ്ടഭിപ്രായമില്ല. (മുഗ്നി 2/119, നിഹായ 3/123, തുഹ്ഫ 3/324)

ചോദ്യം: സകാത്ത് നിർബന്ധമുള്ള വ്യക്തിയോ അവനിൽ നിന്ന് വകാലത്ത് സ്വീകരിച്ചവരോ സകാത്തിന്റെ പണംകൊണ്ട് അവശ്യവസ്തുക്കൾ വാങ്ങി അവകാശികൾക്ക് നൽകുന്നതിന്റെ വിധിയെന്താണ്? ഉദാഹരണമായി, പലരിൽ നിന്ന് വകാലത്ത് മുഖേന സകാത്തിന്റെ പണം സ്വീകരിച്ച ഒരു വ്യക്തി ആ പണം ഉപയോഗിച്ച് ഒരു ഓട്ടോറിക്ഷയോ ഏതെങ്കിലും ഉപകരണങ്ങളോ വാങ്ങി അവകാശികൾക്ക് നൽകുകയാണെങ്കിൽ അതല്ലേ കൂടുതൽ നല്ലത്?

ഉത്തരം: സകാത്ത് നിർബന്ധമാക്കുകയും അതിന്റെ അവകാശികളെ നിശ്ചയിക്കുകയും ചെയ്ത അല്ലാഹുവിന്റെ നിയമങ്ങളും നിശ്ചയങ്ങളും അനുസരിച്ചാണ് സകാത്ത് നൽകേണ്ടത്. അതിലപ്പുറമുള്ള ന്യായങ്ങളും വാദങ്ങളും സ്വീകാര്യമല്ല.

സകാത്തായി നൽകാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഏതാണോ, അതുതന്നെ അവകാശികളിലേക്ക് എത്തിക്കണം. ഉദാഹരണമായി പണത്തിന്റെയും കച്ചവടത്തിന്റെയും സകാത്ത് പണമായിത്തന്നെ അവകാശികൾക്ക് നൽകണം. സകാത്ത് നിർബന്ധമുള്ള വ്യക്തിയോ അവനിൽ നിന്ന് വകാലത്ത് സ്വീകരിച്ചവരോ സകാത്തിന്റെ പണം കൊണ്ട് ഉപകരണങ്ങളോ മറ്റു അവശ്യവസ്തുക്കളോ വാങ്ങി നൽകാൻ പറ്റില്ല. പണം കൈപ്പറ്റിയ അവകാശികൾക്ക് പ്രസ്തുത പണംകൊണ്ട് അവശ്യവസ്തുക്കൾ വാങ്ങാൻ കഴിയുമല്ലോ.

സകാത്ത് നൽകാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്താണോ, അതുതന്നെ നൽകണമെന്നും സകാത്ത് ദായകരോ അവരുടെ വകീലുകളോ അതിൽ മറ്റൊന്ന് പകരമാക്കൽ അനുവദനീയമല്ലെന്നും കർമ്മശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുള്ളതാണ്. (തുഹ്ഫ 7/167, നിഹായ 6/163, മുഗ്നി 4/187)

സകാത്ത് പാവപ്പെട്ടവരുടെ അവകാശമാണെന്ന് പറഞ്ഞുകൊണ്ട്, പാവങ്ങൾക്ക് വേണ്ടിയാണെന്ന് അവകാശപ്പെട്ട് സകാത്തിന്റെ പണം കൈവശപ്പെടുത്തി തന്നിഷ്ടപ്രകാരം അത് കൈകാര്യം ചെയ്യുന്നത് ന്യായീകരിക്കാവുന്നതല്ല.

ചോദ്യം: ഒരാളുടെ സകാത്ത് വിതരണത്തിനു വേണ്ടി മറ്റൊരാൾ വാങ്ങുകയും അത് പെട്ടെന്ന് വിതരണം ചെയ്യാതെ മാസങ്ങളോളം/വർഷങ്ങളോളം വിതരണത്തിന് ഏറ്റെടുത്തവൻ കൈവശം വയ്ക്കുകയും ചെയ്യുന്നത് ശരിയാണോ? അങ്ങനെ ചെയ്താൽ ഏൽപ്പിച്ചവന്റെ സകാത്ത് വീടുമോ?

ഉത്തരം: ശരിയല്ല. സകാത്തിന്റെ അവകാശികളിലേക്ക് എത്താതെ വിതരണത്തിന് ഏൽപ്പിക്കപ്പെട്ടവരുടെ കൈവശമിരിക്കുന്ന കാലത്തോളം ഏൽപ്പിച്ചവന്റെ സകാത്ത് വീടുകയില്ല.

ഇമാം നവവി(റ) എഴുതുന്നു: ഉടമസ്ഥൻ വകാലത്ത് ഏൽപ്പിച്ചവന്റെ കൈവശമിരിക്കുന്നത് ഉടമസ്ഥന്റെ കൈവശമിരിക്കുന്നതുപോലെ തന്നെയാണ്. അതിനാൽ അവകാശികളിലേക്ക് എത്താതിരിക്കുമ്പോൾ ഉടമസ്ഥന്റെ സകാത്ത് വീടുകയില്ല. (ശറഹുൽ മുഹദ്ദബ് 6/165, തുഹ്ഫ 3/350, നിഹായ 3/136)

ആരോഗ്യം

ഉമൈർ പള്ളിക്കൽ

വ്രതവും രോഗശമനവും

റമളാൻ വ്രതം ഇസ്‌ലാമിന്റെ അടിസ്ഥാനശിലകളിലൊന്നാണ്. അത്താഴസമയം മുതൽ സൂര്യാസ്തമയം വരെ ഒരു തരം ഭക്ഷണപാനീയവും കഴിക്കാതെയാണ് ഇസ്‌ലാമിലെ നോമ്പ്. ദിക്റിലും ഖുർആൻ പാരായണത്തിലും പ്രാർത്ഥനകളിലും മുഴുകി വിശ്വാസികൾ ആനന്ദം കണ്ടെത്തുന്നു. മനുഷ്യരുടെ ആരോഗ്യകരമായ നിലനിൽപ്പിന് ഭക്ഷണനിയന്ത്രണം അനിവാര്യമാണ്. നല്ല ഭക്ഷണങ്ങൾ കഴിക്കുന്നത് ആരോഗ്യനിലവാരം കൂടുതൽ മെച്ചപ്പെടുത്തും. ഭക്ഷണക്രമത്തിലെ പൊരുത്തക്കേട് കാരണം ഉണ്ടാവുന്ന പല ജീവിതശൈലീ രോഗങ്ങൾക്കും നോമ്പ് ശമനം നൽകും. വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദഹനേന്ദ്രിയങ്ങൾക്ക് നോമ്പുകാലത്ത് വിശ്രമം ലഭിക്കുന്നു. അതുകാരണമായി വയറുവേദനയും കുടൽ സംബന്ധമായ രോഗങ്ങളും ഇല്ലാതാകുന്നു.

അമിതവണ്ണം

ഫാസ്റ്റ്ഫുഡ് സംസ്കാരം വ്യാപകമായതോടെ പുതുതലമുറ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ആരോഗ്യപ്രശ്നമാണ് അമിതവണ്ണം. നോമ്പുകാലത്ത് ഭക്ഷണകാര്യത്തിൽ സ്വാഭാവികമായും കുറവുവരുന്നതിനാൽ ശരീരഭാരവും കൊഴുപ്പും ഗണ്യമായി കുറയുന്നതായി കാണാം.

പ്രമേഹം

പ്രായം കൂടിയവരിൽ കാണപ്പെടുന്ന പ്രമേഹത്തെ പ്രതിരോധിക്കാൻ ഭക്ഷണക്രമത്തിൽ ഉചിതമായ മാറ്റം വരുത്തുക തന്നെയാണ് പ്രധാന മാർഗം. നോമ്പുസമയത്ത് രക്തത്തിലെ ഷുഗറിന്റെ അളവ് കുറയുന്നു. ഇൻസുലിൻ ഉത്പാദനം കുറയുമ്പോൾ പാൻക്രിയാസ്ഗ്രന്ഥിക്ക് ആവശ്യമായ വിശ്രമം ലഭിക്കുന്നു. ഇത് ഇൻസുലിൻ സെൻസിറ്റിവിറ്റി വർദ്ധിപ്പിക്കുകയും ടൈപ്പ് ടു ഡയബറ്റീസ് എന്നറിയപ്പെടുന്ന സാധാരണ പ്രമേഹം വരാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുന്നു.

രക്തവാദം

മാംസം അധികമായികഴിക്കുന്നതു മൂലമുണ്ടാകുന്ന ഒരു രോഗമാണ് രക്തവാദം. മാംസാഹാരശീലം നിയന്ത്രിക്കുകയോ താൽക്കാലികമായി നിർത്തുകയോ ചെയ്യുന്നത് നോമ്പുകാലത്ത് ഇരട്ടി ഫലം ചെയ്യും.

അറ്റാക്ക്

ദീർഘനേരത്തെ നോമ്പ് ഹൃദയം, കരൾ, കിഡ്നി എന്നിവയിലടങ്ങിയ കൊഴുപ്പ് ഇല്ലാതെയാക്കുന്നു. ചീത്ത കൊളസ്ട്രോൾ (LDL,TG) കുറയ്ക്കുകയും നല്ല കൊളസ്ട്രോൾ (HDL) വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ ഹൃദയത്തിന്റെ സംരക്ഷണത്തിനായുള്ള മഗ്നീഷ്യത്തിന്റെ അളവും കൂടുന്നു. അതുമൂലം ഹാർട്ട്അറ്റാക്ക്, സ്ട്രോക്ക് പോലുള്ള ഹൃദയസംബന്ധമായ രോഗങ്ങളിൽ നിന്ന് രക്ഷനേടാം.

അൽഷിമേഴ്സ്

ദീർഘനേരത്തെ നോമ്പ് തലച്ചോറിൽ അബ്രിനെയൂറിൻ നിർമിക്കുന്നു. പുതിയ നാഡീ കോശങ്ങളുടെ നിർമ്മാണത്തിനും ക്രമീകരണത്തിനും ഇത് സഹായിക്കുന്നു. അങ്ങനെ തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത നൽകുകയും പാർക്കിൻസൺസ് പോലുള്ള രോഗങ്ങളുടെ സാധ്യത കുറയ്ക്കുകയും ചെയ്യുന്നു.

പുകവലി

ദീർഘനേരത്തെ നോമ്പ് നിക്കോട്ടിൻ, ആൽക്കഹോൾ, കഫീൻ തുടങ്ങിയവയോടുള്ള ശരീരത്തിന്റെ താത്പര്യം കുറയ്ക്കുകയും പുകവലിശീലം നിർത്താൻ സഹായിക്കുകയും ചെയ്യുന്നു.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

ഫിത്വ്ർ സകാത്ത് കൊടുക്കേണ്ടതെപ്പോൾ

***ചോദ്യം:** ഫിത്വ്ർ സകാത്ത് റമളാൻ ഇരുപത്തിയേഴിന് കൊടുത്താൽ മതിയാകുമോ? അതല്ല പെരുന്നാൾ ദിവസം തന്നെ നൽകണമെന്നുണ്ടോ?*

ഉമ്മു ജമീല, ശാസ്താംകോട്ട

ഉത്തരം: ചെറിയ പെരുന്നാൾ ദിവസത്തിനു മുമ്പുതന്നെ ഫിത്വ്ർ സകാത്ത് കൊടുത്ത് വീട്ടൽ അനുവദനീയമാണ്. റമളാൻ മാസം ആരംഭിക്കുന്നതിനു മുമ്പും ഫിത്വ്ർ സകാത്ത് കൊടുക്കാവുന്നതാണ്. (അല്ലുബാബ്: 82)

***ചോദ്യം:** സ്ത്രീകൾക്ക് പെരുന്നാൾ നിസ്കാരം വാജിബുണ്ടോ? ഉണ്ടെങ്കിൽ ജമാഅത്തായി നിസ്കരിക്കുന്നതാണോ ഒറ്റയ്ക്ക് നിസ്കരിക്കുന്നതാണോ ഉത്തമം?*

സ്വാലിഹ, മാന്നാർ

ഉത്തരം: ഇല്ല. ജുമുഅ നിസ്കാരം നിർബന്ധമുള്ളവർക്കാണ് പെരുന്നാൾ നിസ്കാരവും നിർബന്ധമുള്ളത്. (അല്ലുബാബ് പേ: 127) സ്ത്രീകൾക്ക് ജുമുഅ നിസ്കാരം നിർബന്ധമില്ല. (അല്ലുബാബ് പേ: 125)

***ചോദ്യം:** നോമ്പിന് എല്ലാ ദിവസവും നിയ്യത്ത് ചെയ്യൽ നിർബന്ധമാണോ? എല്ലാ ദിവസത്തേക്കും കൂടി ഒറ്റ നിയ്യത്ത് മതിയാകുമോ?*

നുസൈഫ കാമിലി, വണ്ടിപ്പെരിയാർ

ഉത്തരം: നോമ്പ് സ്വഹീഹാകാൻ ഓരോ ദിവസവും നിയ്യത്ത് ചെയ്യൽ ശർത്വാണ്. (മറാഖിൽ ഫലാഹ് പേ: 635)

***ചോദ്യം:** നോമ്പിന്റെ പകൽ മിസ്വാക്ക് ചെയ്യുക, കുളിക്കുക എന്നിവ ചെയ്യുന്നതിൽ തെറ്റുണ്ടോ?*

ത്വാഹാ, ചങ്ങനാശേരി

ഉത്തരം: പകൽ സമയത്തിന്റെ തുടക്കത്തിലോ അവസാനത്തിലോ (ഉച്ചക്ക് ശേഷമോ) മിസ്വാക്ക് ചെയ്യുന്നത് നോമ്പുകാരന് കറാഹത്തില്ലെന്നു മാത്രമല്ല, നോമ്പുകാരൻ ഉച്ചയ്ക്കു ശേഷം വുളൂഅ് ചെയ്യുമ്പോഴും നിസ്കരിക്കുമ്പോഴും മിസ്വാക്ക് ചെയ്യൽ പുണ്യമുള്ള കാര്യവുമാണ്. (ഹാശിയതു ത്വഹ്താവി പേ: 281) നോമ്പുകാരൻ പകൽ സമയത്ത് കുളിക്കുന്നതും കറാഹത്തില്ല. (ഹാശിയതു ത്വഹ്താവി പേ: 282)

നോവൽ – 4

മുജ്തബ നസ്വീഫ്

അസർമുല്ലപ്പൂക്കൾ

ബാല്യചാപല്യങ്ങളോർക്കുമ്പോൾ

അസർമുല്ലച്ചെടികൾ എത്ര പെട്ടെന്നാണ് വളർന്നത്! എന്നും രാവിലെ എഴുന്നേറ്റാൽ അവയ്ക്കടുത്തു ചെന്നു നോക്കും. വൈകുന്നേരം സ്കൂൾ വിട്ടു വന്നാലും അവയെ ഒന്ന് നോക്കിയേ അകത്തേക്കു കയറൂ. ഒഴിവുസമയം കിട്ടുമ്പോഴൊക്കെ ഏറെനേരം അവയെത്തന്നെ നോക്കി നിൽക്കും. എന്നും കുടിനീരു നൽകും. ഇടയ്ക്കിടെ വളം നൽകും. കുടിനീരു നൽകുമ്പോൾ ആ ഇലകൾ തന്നെ നോക്കി കണ്ണിറുക്കുന്നതു പോലെ തോന്നും. എന്തു രസമാണെന്നോ അവയോടൊപ്പം സമയം ചെലവഴിക്കാൻ! അവയിൽ വിരിയുന്ന ഓരോ ഇലയും മനസ്സിൽ ആനന്ദത്തിന്റെ പൂത്തിരി കത്തിക്കുന്നുണ്ടാവും. ആ ഇലകൾ സ്വന്തം മനസ്സിലാണു വിരിയുന്നതെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

ചെടികൾക്കരികെ അങ്ങനെ സ്വയം മറന്നു നിൽക്കുമ്പോഴായിരിക്കും ഉമ്മ വിളിക്കുന്നത്: 'റസിയാ, നമ്മളെ മോനുട്ടിനെ ഒന്നങ്ങോട്ടു കൂട്ട്യേ. അവനിവിടെ ഒന്നിനും സമ്മതിക്കുന്നില്ല.'

'എടീ പെണ്ണേ, അടുക്കളേൽക്ക് രണ്ടു വിറകുകൊള്ളി എടുത്തോണ്ടു വന്നേ.'

'മോളേ, ഈ പാനീല് രണ്ട് പാള വെള്ളം കോരിക്കൊണ്ടു വന്നേ..'

'നേരം മോന്ത്യായല്ലോ, ഞ്ഞി എന്തെടക്കാണവടെ? കോഴികളെ കൂട്ടിലാക്കിയോ?'

'ആടിനെ ഇനിയും കയ്ച്ചോണ്ടു വന്നില്ലേ? അത് എത്ര നേരായി നെലവിളിക്ക്ണ്.'

ഇങ്ങനെ നൂറുകൂട്ടം പണികളുണ്ടാവുമല്ലോ എന്നും ചെയ്തുതീർക്കാൻ. ഉമ്മ ഊരവേദനയുമായി കിടക്കുകയായിരിക്കും. അല്ലെങ്കിൽ മീൻ മുറിക്കുകയോ അടുപ്പിലൂതുകയോ ആയിരിക്കും. അതിന്നിടയിലാണീ വിളികൾ. വിളി കേൾക്കുമ്പോൾ ഓരോ പണിയും ചെയ്തുതീർക്കാനായി ഓടും.

> **പാവം ഉമ്മ! എന്തുമാത്രം പണികളാണീ വീട്ടിൽ. ഞാനൊന്നും ചെയ്തില്ലെങ്കിൽ എല്ലാം ഉമ്മ തന്നെ ചെയ്തുതീർക്കണമല്ലോ. വാപ്പയ്ക്ക് ഉമ്മയെ സഹായിക്കാനൊന്നും നേരമുണ്ടാവില്ല.**

പാവം ഉമ്മ! എന്തുമാത്രം പണികളാണീ വീട്ടിൽ. ഞാനൊന്നും ചെയ്തില്ലെങ്കിൽ എല്ലാം ഉമ്മ തന്നെ ചെയ്തുതീർക്കണമല്ലോ. വാപ്പയ്ക്ക് ഉമ്മയെ സഹായിക്കാനൊന്നും നേരമുണ്ടാവില്ല. നേരമുണ്ടായാൽ തന്നെ ഇത്തരമൊരു പണിയും വാപ്പയ്ക്കറിയില്ല എന്നാണുമ്മ പറയാറ്. ഉമ്മയ്ക്കെന്നും ആഫിയത്തുണ്ടാവണേ, സുഖക്കേടുകൾ വേഗം മാറണേ എന്ന് എപ്പോഴും ദുആ ഇരക്കാറുണ്ട്. സുഖക്കേടായാൽ പിന്നെ എല്ലാ പണിയും ഈ റസിയ തന്നെ ചെയ്യണമല്ലോ. സ്കൂളിലെയും മദ്റസയിലെയും ഹോംവർക്കുകളും അതിന്നിടയിൽ ചെയ്തു തീർക്കണം. ഇല്ലെങ്കിൽ ഉസ്താദിന്റെയും ടീച്ചറുടെയും അടി വാങ്ങിക്കേണ്ടി വരും. ഞാനൊരു പെൺകുട്ടിയായിപ്പോയതുകൊണ്ടല്ലേ ഇങ്ങനെയൊക്കെ എന്ന് പലപ്പോഴും തോന്നിപ്പോകാറുണ്ട്.

ഇങ്ങനെ ദിവസങ്ങൾ എത്രയാണ് കടന്നുപോകുന്നത്! ക്ലാസിലെത്തുമ്പോൾ ഇടയ്ക്കിടെ ജമീല ചോദിക്കും: 'റസിയക്കുട്ട്യേ, അന്റെ അസർമുല്ലയിൽ പൂക്കളുണ്ടായോ?'

ഉണ്ടായിട്ടില്ല എന്ന് പറയുമ്പോൾ അവൾ പറയും: 'ഒന്നു രണ്ടു മാസമെങ്കിലുമെടുക്കും പൂവുകളുണ്ടാവാൻ. ഉണ്ടായാൽ പറയണേ. പിന്നേയ്... നീയെന്നും അവൾക്കു വെള്ളം കൊടുക്കാറി

ല്ലേ? വളം ചേർക്കാറില്ലേ?’

അന്നൊരു ദിവസം അവൾ ചിരിച്ചുകൊണ്ട് തുടർന്നു: ‘എടീ, അനക്കൊരു രസം കേൾക്കണോ, ഇന്നലെ ഞാനേയ് സ്കൂൾ വിട്ടു പോകുമ്പോ റോഡില് കുറെ ചാണകം കണ്ടു. ഏതോ പൈക്കൾ ഇട്ടേച്ചു പോയതാ. ഞാൻ വേഗം വീട്ടീ ചെന്ന് ഒരു പാളയെടുത്തു കൊണ്ട് ആ ചാണകമൊക്കെ അതിൽ കോരിയിട്ടു. ചെടികൾക്കൊക്കെ വളം കൊടുക്കാൻ എന്റെ വീട്ടിൽ ആടും പശുവുമൊന്നും ഇല്ലല്ലോ. ഞാനങ്ങനെ ചാണകം കോരിക്കൊണ്ടോവ്ണത് കണ്ട് ആരൊക്കെയോ ന്നെ കളിയാക്കി. അപ്പോ അയലത്തെ മജീദിക്ക വന്നു പറയാണേ: ‘എന്തിനാ നിങ്ങള് അക്കുട്ടീനെ കളിയാക്കണത്? ഒരു നല്ല കാര്യല്ലേ ഓള് ചെയ്തത്? റോഡിലിങ്ങനെ ചാണകം കിടന്നാൽ ആരെങ്കിലുമൊക്കെ അതില് ചവിട്ടിപ്പോകില്ലേ? ഓള് നമ്മുടെ റോഡ് വൃത്തിയാക്കല്ലേ ചെയ്തത്? അതെത്ര നല്ല കാര്യാന്നറിയോ! പിന്നെ, ആ ചാണകം അവളുടെ ചെടിക്ക് വളമായി കൊടുക്കുകയും ചെയ്യാം. നിങ്ങളാരെങ്കിലും കണ്ടിട്ടുണ്ടോ അക്കുട്ടിണ്ടാക്യ പൂന്തോട്ടം! അതൊന്നു കാണേണ്ടതു തന്ന്യാ. എന്തു ഭംഗ്യാണെന്നോ!’

അപ്പോ എനിക്ക് സന്തോഷമായി. കളിയാക്കിയോർ ഇളിഭ്യരായി.’

ജമീലയുടെ വർത്തമാനം കേട്ട് കൂട്ടുകാരികളൊക്കെ ചിരിയോടു ചിരി. അതിനിടയിൽ ആസ്യ ചോദിച്ചു: ‘ജമീലേ, ചാണകം നജസല്ലേ? ഞ്ഞി അത് കൈയോണ്ടു വാര്യോ?’

‘നജസായാലെന്താ, കഴുകിയാ ശുദ്ധിയാവില്ലേ?’ ജമീലയുടെ പ്രതികരണം പെട്ടെന്നു വന്നു. പിന്നെ ആരും ഒന്നും മിണ്ടിയില്ല.

ആസ്യ പിന്നെയും ചോദിച്ചു: ‘ചാണകത്തിന് വല്ലാത്ത നാറ്റമല്ലേ?’

‘അങ്ങനത്തെ നാറ്റമൊന്നുമില്ല’ എന്നുപറഞ്ഞ് ജമീല ആ വർത്തമാനം ഇഷ്ടപ്പെടാത്ത മട്ടിൽ തിരിഞ്ഞുനിന്നു. ആസ്യക്ക് എന്നിട്ടും മതിയായില്ല. അവൾ ചെന്നു ജമീലയുടെ കൈപിടിച്ച് മണത്തു നോക്കി. എന്നിട്ടു ചിരിച്ചുകൊണ്ടു പറഞ്ഞു: ‘ഹായ്, നെന്റെ കൈക്ക് എരഞ്ഞിപ്പൂവിന്റെ മണമാണല്ലോ!’

അതു കേട്ടപ്പോൾ കൂട്ടുകാരികളെല്ലാം ജമീലയുടെ കൈ പിടിച്ചു മണത്തു. നല്ല മണം! അവളുടെ വീട്ടിൽ വലിയൊരു എരഞ്ഞിമരമുണ്ട്. അതിന്റെ ചുവട്ടിൽ നിന്നവൾ എരഞ്ഞിപ്പൂ പെറുക്കിക്കൊണ്ടുവരും. കൂട്ടുകാരികൾ ഒഴിവുസമയത്ത് ഒന്നിച്ചിരുന്ന് എരഞ്ഞിപ്പൂ മാല കോർക്കും. അത് കൈകളിൽ ചുറ്റും. എന്തൊരു സുഗന്ധമാണെന്നോ എരഞ്ഞിപ്പൂവിന്! ഇപ്പോഴും അതിന്റെ സുഗന്ധം മൂക്കിലടിക്കുന്ന പോലെ!

ഒരു ദിവസം രാവിലെ എഴുന്നേറ്റ് കാണാൻ ചെന്നപ്പോഴുണ്ട് അസർമുല്ലച്ചെടിയുടെ പുതിയ ഇലകൾക്കുള്ളിൽ ഒരു പൂമൊട്ട്! ആഹ്ലാദത്താൽ തുള്ളിക്കളിച്ചുകൊണ്ട് ഉമ്മയുടെ അടുത്തേക്കോടി ഉറക്കെ വിളിച്ചുപറഞ്ഞു: ‘ഉമ്മാ.. ഉമ്മാ.. ഇങ്ങോട്ടോടി വരിൻ. ദാ.. നോക്ക്.. ഉമ്മക്ക് കാണണോ?’

ഉമ്മ എന്തോ ഭയങ്കരമായത് സംഭവിച്ച പോലെ അടുക്കളയിൽ നിന്നോടി വന്ന് വെപ്രാളത്തോടെ ചോദിച്ചു: ‘എന്തേ....? എന്തേണ്ടായത് പെണ്ണേ?’

‘ദാ, നോക്കി... ന്റെ അസർമുല്ലച്ചെടിയിൽ പൂമൊട്ടുണ്ടായി.’

‘ഓ... ഇതാണോ ഇത്ര വല്ല്യ കാര്യം? ഞാൻ പേടിച്ചു പോയല്ലോ അന്റെ ഒച്ച കേട്ടിട്ട്... ഓളെ ഒരു അസർമുല്ല... അടുപ്പുമ്മല് ചട്ടീല് പത്തിരിയുണ്ട്, കരിഞ്ഞുപോകുമിപ്പോ. ഞാൻ പോവാ..’

ഉമ്മ ദേഷ്യത്തോടെ അടുക്കളയിലേക്കു തന്നെ പോയി. അപ്പോൾ വല്ലാത്ത സങ്കടം തോന്നി. ഉമ്മ ചിലപ്പോ അങ്ങനെയാ... കൂട്ടുകാരിയെപ്പോലെ കൂടെ കളിക്കാനും കളിപറയാനുമൊക്കെ കൂടുമെങ്കിലും ചിലപ്പോ വല്യ ഗൗരവത്തിലാ... ഉമ്മ അങ്ങനെ പെരുമാറിയതിൽ എന്തിനാ സങ്കടപ്പെടുന്നത്... മദ്റസയില് പോകാറാകുമ്പോഴേക്കും എനിക്ക് പത്തിരിയും ചായയും തരാനുള്ള തിരക്കിലായിരിക്കുമല്ലോ ഉമ്മ. പാവം ഉമ്മ. ഉമ്മയുടെ കഷ്ടപ്പാട് മനസ്സിലാക്കാതെ ചിലപ്പോഴെല്ലാം ദേഷ്യം തോന്നിപ്പോകും. ഉമ്മയോട് അങ്ങനെയൊന്നും തോന്നിപ്പോകരുതെന്ന് ഇന്നലെയും ഉസ്താദ് പഠിപ്പിച്ചതാണല്ലോ. പടച്ചോനേ, പൊറുത്തുതരണേ...

വീണ്ടും അസർമുല്ലച്ചെടിയുടെ അടുത്തുചെന്ന് കുറെ നേരം ആ പൂമൊട്ടിനെത്തന്നെ നോക്കിയിരുന്നു; ഒരു കുഞ്ഞാണല്ലോ അത്. തൊട്ടു നോക്കാൻ പൂതിയുണ്ട്; തൊട്ടാൽ അതിനെന്തെങ്കിലും പറ്റിയാലോ? നോക്കിനോക്കിയോമനിച്ച് എത്ര നേരമിരുന്നു പോയെന്നറിയില്ല; ഉമ്മയുടെ വിളിയാണ് ഉണർത്തിയത്; ‘റസിയാ, അനക്കിന്ന് മദ്റസയിൽ പോകണ്ടേ?’

ഞെട്ടിയുണർന്ന് എഴുന്നേറ്റോടി. നേരം വൈകിയാല് ഉസ്താദ് അടിക്കുകയൊന്നുമില്ലെങ്കിലും

“ അസർമുല്ലച്ചെടിയുടെ അടുത്തുചെന്ന് കുറെ നേരം ആ പൂമൊട്ടിനെത്തന്നെ നോക്കിയിരുന്നു; ഒരു കുഞ്ഞാണല്ലോ അത്. തൊട്ടു നോക്കാൻ പൂതിയുണ്ട്; തൊട്ടാൽ അതിനെന്തെങ്കിലും പറ്റിയാലോ? നോക്കിനോക്കിയോമനിച്ച് എത്ര നേരമിരുന്നു പോയെന്നറിയില്ല; ഉമ്മയുടെ വിളിയാണ് ഉണർത്തിയത്; ‘റസിയാ, അനക്കിന്ന് മദ്റസയിൽ പോകണ്ടേ?’

വൈകിപ്പോകാൻ പേടിയാണ്.

അന്നെന്തൊരു സന്തോഷമായിരുന്നു! ജമീലയോടും കൂട്ടുകാരികളോടും വിവരം പറഞ്ഞപ്പോൾ സന്തോഷത്തിനുമേൽ സന്തോഷം! അങ്ങനെയാണല്ലോ; സന്തോഷം പങ്കിട്ടാൽ ഇരട്ടിക്കും. ദുഃഖം പങ്കിട്ടാൽ പകുതിയായി കുറയും!

അങ്ങനെ സന്തോഷത്തിൽ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കെ ആസ്യ മുഖം വീർപ്പിച്ചുകൊണ്ടിടപെട്ടു: 'ഓ... അതിലെന്താപ്പോ ്ത്ര സന്തോഷിക്കാൻ; എന്റെ വീട്ടിലെ റോസ്ചെടിയിൽ എന്നും പൂമൊട്ടുകൾ ഉണ്ടാവാറുണ്ടല്ലോ. എന്നും പൂക്കൾ വിരിയാറുമുണ്ട്.'

അന്നെന്തൊരു സന്തോഷമായിരുന്നു! ജമീലയോടും കൂട്ടുകാരികളോടും വിവരം പറഞ്ഞപ്പോൾ സന്തോഷത്തിനുമേൽ സന്തോഷം! അങ്ങനെയാണല്ലോ; സന്തോഷം പങ്കിട്ടാൽ ഇരട്ടിക്കും. ദുഃഖം പങ്കിട്ടാൽ പകുതിയായി കുറയും!

പക്ഷേ, അതാരും അത്ര ഗൗനിച്ചില്ല. അവൾ അങ്ങനെയാണ്. ആരെന്തു പറഞ്ഞാലും അവൾക്കെന്തെങ്കിലും മറുവാക്കോ കുത്തുവാക്കോ പറയാനുണ്ടാവും. വല്യ ആളാണെന്നാ വിചാരം. അവളുടെ സ്വഭാവം അറിയാവുന്നതുകൊണ്ട് അവൾ പറയുന്നതൊന്നും ആരും അത്ര കാര്യമാക്കാറില്ല. അവൾ മുഖം വീർപ്പിച്ചുകൊണ്ട് കൂട്ടത്തിൽ നിന്നല്പം മാറിയിരുന്നു.

(തുടരും)

ചരിത്രാഖ്യായിക സൗദ(റ) - 4

മുഹമ്മദ് പാറന്നൂർ

തിരുനബി(സ)യുടെ കൂട്ടുകാരിയായ്

വാർത്ത മക്കയിലാകെ പരന്നു: 'മുഹമ്മദ്(സ) സക്റാന്റെ വിധവയായ സൗദയെ വിവാഹം ചെയ്തിരിക്കുന്നു!'

കേട്ടവർ അത്ഭുതം കൂറി നിന്നു. മക്കയിലെ പ്രസിദ്ധ സുന്ദരിയായ ഖദീജയുടെ ഭർതൃ പദവിയിലിരുന്ന ഒരാൾ ഒട്ടും സൗന്ദര്യമില്ലാത്ത, വാർദ്ധക്യത്തിന്റെ പടി കയറിത്തുടങ്ങിയ ഒരു ദരിദ്രയെ വിവാഹം കഴിക്കുകയോ? മക്കയിൽ മുഹമ്മദിനു പറ്റിയ യുവ സുന്ദരികളെ കിട്ടാതെ പോയോ?

ചിലരിങ്ങനെ സംശയം പ്രകടിപ്പിച്ചപ്പോൾ മറ്റു ചിലർ അവരുടെ ധാരണ തിരുത്തി: 'മുഹമ്മദ്(സ) ചെയ്തത് വലിയ കാര്യമാണ്. സമാനതകളില്ലാത്ത ഔദാര്യമാണ്. മുസ്‌ലിമായതു കാരണമാണല്ലോ സൗദ ഒറ്റപ്പെട്ടതും ദരിദ്രയായതും. ആലംബഹീനയായ ആ വിധവയെ സംരക്ഷിക്കാൻ അവരുടെ നേതാവു തന്നെ തയ്യാറാവുകയെന്നത് മഹത്തായ മാതൃകയാണ്. മാന്യമായ പദവി നൽകിയാണല്ലോ സൗദയെ ആദരിച്ചിരിക്കുന്നത്!'

തിരുനബി(സ)യുടെ ഓരോ വിവാഹത്തിനും അതിമഹത്തായ ചില ലക്ഷ്യങ്ങളും കാരണങ്ങളും ഉണ്ടായിരുന്നല്ലോ. കേവല ശാരീരിക താല്പര്യങ്ങളായിരുന്നില്ലല്ലോ അവയ്ക്കു പിന്നിലുണ്ടായിരുന്നത്. ജഢിക താല്പര്യമായിരുന്നെങ്കിൽ പലരും സംശയിച്ച പോലെ ഒരു സൂചന നൽകിയാൽ മതിയായിരുന്നു, ഏതു പെണ്ണും തിരുനബി(സ)യെ വേൾക്കാൻ സന്നദ്ധയാകും.

തിരുനബി(സ)യുടെ ഓരോ വിവാഹത്തിനും അതിമഹത്തായ ചില ലക്ഷ്യങ്ങളും കാരണങ്ങളും ഉണ്ടായിരുന്നല്ലോ. കേവല ശാരീരിക താല്പര്യങ്ങളായിരുന്നില്ലല്ലോ അവയ്ക്കു പിന്നിലുണ്ടായിരുന്നത്. ജഢിക താല്പര്യമായിരുന്നെങ്കിൽ പലരും സംശയിച്ച പോലെ ഒരു സൂചന നൽകിയാൽ മതിയായിരുന്നു, ഏതു പെണ്ണും തിരുനബി(സ)യെ വേൾക്കാൻ സന്നദ്ധയാകും. അത്രയും സൗന്ദര്യവും ശാരീരിക കരുത്തും ആകാരഭംഗിയും കൊണ്ട് അനുഗൃഹീതരായിരുന്നു അവിടുന്ന്. തിരുനബി(സ)യുടെ അനുയായികളാവട്ടെ, തങ്ങളുടെ പുത്രിമാരെ വിവാഹം ചെയ്തുകൊടുത്ത് അവിടുത്തെ സാമീപ്യവും പ്രീതിയും നേടാൻ കൊതിക്കുന്നവരുമായിരുന്നു. അത്തരമൊരു കാര്യവും ഈ വിവാഹ

ത്തിലുണ്ടായിരുന്നില്ല; ദുർബല യായ ഒരു വിധവയെ കൈപിടി ച്ചു കണ്ണീരൊപ്പുകയല്ലാതെ!

*** *** ***

എങ്ങനെയായിരിക്കും അല്ലാ ഹുവിന്റെ തിരുദൂതരെ പരിച രിക്കേണ്ടത്? തിരുസവിധത്തി ലിരിക്കാനും വർത്തമാനങ്ങൾ പറയാനും ഈ സൗദക്ക് അവ കാശമുണ്ടോ? ജിബ്‌രീൽ എന്ന മാലാഖ ഇടയ്ക്കിടെ സന്ദർശിച്ചു കൊണ്ടിരിക്കുന്ന പ്രവാചകനാണ്. ഉറക്കിലും ഉണർവിലുമൊക്കെ അല്ലാഹുവിൽ നിന്ന് അവിടുത്തേ ക്ക് സന്ദേശങ്ങൾ ലഭിച്ചുകൊണ്ടി രിക്കുന്നുണ്ടാവാം. അതിനിടയിൽ കയറിച്ചെന്ന് ഈ സൗദ അവി ടുത്തേക്കൊരു ശല്യമായിത്തീരു മോ? ഇലാഹീ സന്നിധിയിലേക്ക് വിരുന്നു പോകുന്ന തിരുമനസ്സി നു വിഘാതം സൃഷ്ടിച്ചേക്കുമോ ഈ പെണ്ണ്? ഒന്നുമറിയില്ല. ഇത്ത രമൊരു മഹാത്മാവിനെ എങ്ങനെ സമീപിക്കണമെന്ന് ഒരു പാഠവും ലഭിച്ചിട്ടില്ല. അവിടുത്തെ പ്രിയ പത്നിയായിരുന്ന ഖദീജയുമായി സഹവസിച്ചിരുന്നെങ്കിൽ... അവർ ക്കറിയാമായിരുന്നു അവരുടെ പ്രിയതമന്റെ എല്ലാ സ്വഭാവങ്ങളും ഇഷ്ടങ്ങളും അനിഷ്ടങ്ങളും; പ്രവാ ചകത്വത്തിന്റെ മുമ്പും ശേഷവു മുള്ള എല്ലാ രീതികളും... പക്ഷേ, അതിന്നുള്ള അവസരവും ഈ സൗദക്ക് ലഭിച്ചിരുന്നില്ലല്ലോ.

ആശങ്കയോടെ, ഭയത്തോടെ, പിടയ്ക്കുന്ന ഹൃദയത്തോടെ യാണ് സൗദ(റ) തിരുനബി(സ) യുടെ ഭവനത്തിലേക്കു കാൽവച്ച ത്. അവിടെ തിരുനബി(സ)യുടെ മൂന്നു പെൺമക്കളുണ്ട്; കൗമാര ത്തിലേക്കു കടക്കുന്ന റുഖിയ്യയും ഉമ്മുകുൽസൂമും, ബാല്യം പിന്നി ട്ടിട്ടില്ലാത്ത ഫാത്വിമയും. പിന്നെ രണ്ടാൺകുട്ടികളുമുണ്ട്; തിരുന ബി(സ)യുടെ പിതൃവ്യപുത്രനായ അലി(റ)യും വളർത്തു പുത്രനായ സൈദും. സ്നേഹവും സൗഹൃദ വും ആദരവും വഴിഞ്ഞൊഴുകുന്ന അന്തരീക്ഷം.

വത്സലനും സ്നേഹസമ്പന്ന നുമായ മുഹമ്മദ് റസൂൽ(സ). എത്ര നിർമലവും ഹൃദ്യവുമായ സമീപനം! എത്ര വിനയാന്വിതനാ യാണവിടത്തെ നടപ്പും ഇരിപ്പും കിടപ്പും. അവിടുത്തേക്കായി ഒരു സേവനവും ആവശ്യപ്പെടുന്നില്ല; അതിന്നവസരവും ലഭിക്കുന്നില്ല. തന്റെ കാര്യങ്ങളെല്ലാം അവിടുന്ന് തന്നെ സ്വയം ചെയ്യുന്നുവല്ലോ. ആജ്ഞകളില്ല, കർക്കശ നിർദ്ദേശ ങ്ങളില്ല, പരിഭവമില്ല, ദേഷ്യപ്പെട ലില്ല. വീട്ടിലെ ഏതു ജോലിയും ചെയ്തു തീർക്കേണ്ടത് സ്വന്തം ബാധ്യത കൂടിയാണെന്ന മട്ടിലാ ണ് ഓരോ പ്രവർത്തനവും. മക്ക ളോടുള്ള ആ സമീപനം എത്ര ആർദ്രമാണ്! പത്നിയോടുള്ള സംസാരം പോലും എത്ര ലളിത വും ഹൃദ്യവുമാണ്!

വത്സലനും സ്നേഹസമ്പന്ന നുമായ മുഹമ്മദ് റസൂൽ(സ). എത്ര നിർമലവും ഹൃദ്യവുമായ സമീപനം! എത്ര വിനയാന്വി തനായാണവിടത്തെ നടപ്പും ഇരിപ്പും കിടപ്പും. അവിടു ത്തേക്കായി ഒരു സേവനവും ആവശ്യപ്പെടുന്നില്ല; അതിന്നവ സരവും ലഭിക്കുന്നില്ല. തന്റെ കാര്യങ്ങളെല്ലാം അവിടുന്ന് തന്നെ സ്വയം ചെയ്യുന്നുവല്ലോ.

സൗദ(റ)യുടെ എല്ലാ അപരി ചിതത്വവും ആശങ്കയും അകന്നു പോയി. പ്രിയതമന്റെ സമീപനം ഒരു കൂട്ടുകാരന്റേതു പോലെ യാണല്ലോ; പുഞ്ചിരിച്ചും തമാശ കൾ പറഞ്ഞും സമാശ്വസിപ്പിച്ചും ഏതു പ്രതിസന്ധികളും അവി ടുന്ന് തരണം ചെയ്യുന്നുവല്ലോ. എങ്കിലും സൗദ ആ ഭവനത്തിൽ കർമ്മനിരതയായി. തന്നാലാവുന്ന കാര്യങ്ങളെല്ലാം യഥാവിധി നിറ

വേറ്റി.

കരളുരുക്കുന്ന കാഴ്ചകൾ കണ്ടു തപിക്കുന്ന ഹൃദയവുമായിട്ടായിരിക്കും അവിടുന്ന് അധികദിവസവും വീടണയുന്നത്. മനസ്സുനിറയെ നൊമ്പരങ്ങളാണ്. അനുയായികൾ അനുഭവിക്കുന്ന പീഡനങ്ങൾ നേരിൽ കണ്ടും പറഞ്ഞു കേട്ടും ഹൃദയം നുറുങ്ങുന്നു. പടച്ചവനോട് രക്ഷക്കായി കേണു പറഞ്ഞു കൊണ്ടായിരിക്കും പടി കയറുന്നത്. സൗദ(റ) ഓടിച്ചെന്ന് അവിടുത്തെ സ്വീകരിക്കും. ആവശ്യമായ പരിചരണങ്ങൾ ചെയ്തുകൊടുക്കും. അതിനിടെ വിശേഷങ്ങളാരായും. അവിടുന്ന് മനോവ്യഥകൾ തുറന്നു പറയും. അതു കേട്ട് നൊമ്പരത്തിലാണ്ടു പോകുമെങ്കിലും സമാശ്വാസ വചനങ്ങൾ ചൊരിഞ്ഞ് ആശ്വസിപ്പിക്കും. പ്രിയതമന്റെ വിഷമങ്ങൾ അകറ്റാൻ ആവുന്നതൊക്കെ ചെയ്യും. തിരുമനസ്സിനെ സന്തോഷിപ്പിക്കും.

ഊഷ്മളമായ സ്നേഹം ചൊരിഞ്ഞ് സൗദ(റ)യെ തിരുനബി(സ)യും സന്തോഷിപ്പിക്കും. തമാശകൾ പറഞ്ഞു ചിരിപ്പിക്കും. തടിച്ച ശരീരമാണ് സൗദയുടേത്. കാര്യങ്ങൾ ഓരോന്നും പെട്ടെന്ന് ചെയ്തു തീർക്കാനുള്ള വ്യഗ്രതയിൽ അവർ ധൃതിയിൽ കുലുങ്ങിക്കുലുങ്ങി നടക്കുന്നതു കാണുമ്പോൾ തിരുനബി(സ) ചിരിച്ചു പോകും. അവിടുത്തെ ചിരി കാണാൻ സൗദ(റ)ക്ക് വലിയ ഇഷ്ടമാണ്. അങ്ങനെ നടക്കുന്നതു കണ്ടിട്ടെങ്കിലും തിരുമനസ്സിൽ ആഹ്ലാദം നിറയട്ടെ, അവിടുന്ന് ഒന്നുകൂടി ചിരിക്കട്ടെ എന്നു കരുതി അവർ പിന്നെയും ധൃതിയിൽ നടക്കും.

തമാശകൾ പറഞ്ഞു തിരുദൂതരെ ചിരിപ്പിക്കാനും ശ്രമിക്കാറുണ്ടവർ. താൻ ഭയന്നതുപോലെ തിരുനബി(സ) അത്ര ഗൗരവക്കാരനൊന്നുമല്ല എന്നറിഞ്ഞതോടെ അവരുടെ എല്ലാ ആശങ്കയുമകന്നു. അവരാ വീട്ടിലെ അംഗമായി, കുടുംബനാഥയായി.

പ്രിയതമനിൽ നിന്നവർ ഇസ്‌ലാമിലെ പുതിയ പാഠങ്ങൾ പലതും പഠിച്ചു. അവിടുന്ന് പറയുന്നതെല്ലാം ഹൃദയത്തിൽ പകർത്തി. അവിടുത്തെ പ്രവർത്തനങ്ങളെല്ലാം സൂക്ഷ്മമായി നിരീക്ഷിച്ച് അനുകരിക്കാൻ ശ്രമിച്ചു. രാത്രികളിൽ അവിടുന്ന് എഴുന്നേറ്റു നിസ്കരിക്കാൻ തുടങ്ങും. സൗദ(റ)യുമെണീറ്റ് കൂടെക്കൂടും. പലപ്പോഴും ദീർഘമായ നിസ്കാരമായിരിക്കുമത്. എന്നാലും മടുപ്പില്ലാതെ അവരും പങ്കാളിയാവും.

നർമ്മ സല്ലാപത്തിനിടയിൽ ഒരു ദിവസം അവർ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഇന്നലെ രാത്രി ഞാൻ അങ്ങയുടെ പിന്നിൽ നിസ്കരിക്കാൻ നിന്നില്ലേ?'

'അതേ, എന്നിട്ട് എന്തുണ്ടായി?'

സന്തോഷകരമായിരുന്നു തിരുനബിയോടൊത്തുള്ള സൗദ(റ)യുടെ ദാമ്പത്യജീവിതം. അനുരാഗ പൂർണ്ണമായ, സ്നേഹമസൃണമായ തിരുസമീപനത്തിൽ അവർ തന്റെ ദുഃഖങ്ങളെല്ലാം മറന്നു. തിരുനബി(സ)യുമായി കൂടുതൽ ഇണങ്ങിച്ചേർന്നു.

'അങ്ങ് റുകൂഅ് ചെയ്തപ്പോൾ ഞാനും റുകൂഅ് ചെയ്തു.'

'എന്നിട്ട്?'

'മൂക്കിലൂടെ ചോര ഒലിച്ചിറങ്ങുമെന്നു പേടിച്ച് ഞാൻ മൂക്കു പൊത്തിപ്പിടിച്ചു.'

അത്രയും ദീർഘമായിരുന്നു ആ റുകൂഅ് എന്നാണവർ സൂചിപ്പിച്ചത്. അതുകേട്ട് തിരുനബി(സ) ചിരിച്ചുപോയി.

സന്തോഷകരമായിരുന്നു തിരുനബിയോടൊത്തുള്ള സൗദ(റ)യുടെ ദാമ്പത്യജീവിതം. അനുരാഗ പൂർണ്ണമായ, സ്നേഹമസൃണമായ തിരുസമീപനത്തിൽ അവർ തന്റെ ദുഃഖങ്ങളെല്ലാം മറന്നു. തിരുനബി(സ)യുമായി കൂടുതൽ ഇണങ്ങിച്ചേർന്നു.

*** *** ***

മക്കയിലെ അവസ്ഥ പ്രശ്നസങ്കീർണമായി തുടരുകയാണ്. കൊടും മർദ്ദനത്തിന്റെയും പീഡനത്തിന്റെയും കഥകൾ കേൾക്കാത്ത, അനുഭവിക്കാത്ത ഒരു ദിനം പോലും കടന്നു പോകുന്നില്ല. തിരുനബി(സ)യും സഹാബികളും ഏറെ പ്രയാസത്തിലാണ്. ഈ ദുരിതത്തിൽ നിന്ന് ഞങ്ങൾക്കു മോചനമില്ലേ എന്ന അനുയായികളുടെ ചോദ്യത്തിനു മുമ്പിൽ തിരുനബി(സ) സങ്കടപ്പെടുകയാണ്. അല്ലാഹു വിമോചനത്തിന്റെ വഴി തുറന്നു തരാത്തതെന്താണെന്ന് ആശങ്കപ്പെടുകയാണ്.

അതിനിടെയാണ് യസ്‌രിബിലേക്കൊരു കവാടം തുറക്കപ്പെട്ടത്. പതിവുപോലെ മക്കയിലെ തീർത്ഥാടനക്കാലത്ത് സത്യസന്ദേശ പ്രചാരണവുമായി ഇറങ്ങിയതാണ് തിരുനബി(സ). അതിനിടെ യസ്‌രിബുകാരായ ഒരു സംഘവുമായി കണ്ടുമുട്ടി. അവരെ പരിചയപ്പെട്ട ശേഷം അവിടുന്ന് തന്റെ ദൗത്യമറിയിച്ചു. ഇസ്‌ലാമിനെ പരിചയപ്പെടുത്തി. സത്യസരണിയിലേക്ക് അവരെ ക്ഷണിച്ചു. തേടിയവള്ളി കാലിൽ ചുറ്റിയ അനുഭൂതിയായിരുന്നു അപ്പോഴാ ആറംഗസംഘത്തിന്. ആഭ്യന്തര കലാപത്തിലും തീർത്താൽ തീരാത്ത പകയിലും വെന്തുരുകുന്ന, ജൂതന്മാരുടെ ഭീഷണിയിൽ വിഹ്വലമായ യസ്‌രിബിന്റെ മോചനവഴിയാണിതെന്നവർ തിരിച്ചറിഞ്ഞു. തിരുനബി(സ)യിൽ വിശ്വാസമർപ്പിച്ച്, ഇസ്‌ലാമിൽ അംഗമായി എല്ലാ നിലയ്ക്കും സഹകരിക്കാമെന്ന് വാഗ്ദാനം നൽകിക്കൊണ്ടാണവർ യസ്‌രിബിലേക്ക് തിരിച്ചുപോയത്.

യസ്‌രിബിൽ ആ ആറംഗ സംഘം കൊളുത്തിയ വിളക്ക് പ്രകാശം പരത്താൻ തുടങ്ങി. അവരുടെ അഭ്യർത്ഥനപ്രകാരം ഇസ്‌ലാമിക പ്രചാരണത്തിനു തിരുനബി(സ) അയച്ചുകൊടുത്ത മുസ്അബുബ്നു ഉമൈർ(റ) ആ പ്രകാശത്തെ ഊതിപ്പെരുപ്പിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ ആ വെളിച്ചം യസ്‌രിബിലെ മിക്ക വീടുകളിലേക്കും കടന്നുചെന്നു. (തുടരും)

എസ്.ജെ.എം

സുലൈമാൻ സഖാഫി കുഞ്ഞുകുളം

നേതാവിന്റെ സമീപനങ്ങൾ



ഉത്തരവാദിത്തബോധം, ആലോചന, തവക്കുൽ, വിനയം, മുതിർന്നവരെ അനുസരിക്കൽ, ജനങ്ങളോട് കരുണ കാണിക്കൽ, അനുയായികളോടൊപ്പം നിൽക്കൽ, ലക്ഷ്യബോധം, മുഖപ്രസന്നത, ആത്മാർത്ഥത, തഖ്‌വ, നീതി, വിശ്വാസ്യത, മൂല്യങ്ങൾ നിലനിർത്തൽ, മാതൃകാജീവിതം, അനിശ്ചിതാവസ്ഥയിലും നല്ല ഭാവി സ്വപ്നം കാണൽ, അവസരങ്ങൾ കണ്ടെത്തൽ, പ്രശ്ന പരിഹാരശേഷി, മറ്റുള്ളവരെ ശാക്തീകരിക്കൽ തുടങ്ങിയവയെല്ലാം ഏതു നേതാവിനും അത്യാവശ്യമുള്ള നേതൃഗുണങ്ങളാണ്.

വിട്ടുവീഴ്ച നേതാവിന്റെ ശക്തി വർധിപ്പിക്കും. വിട്ടുവീഴ്ചയിലൂടെ നല്ല ബന്ധങ്ങളുണ്ടാകുന്നു. സംസാരത്തിനു മൂന്ന് ഭാവങ്ങളുണ്ട്, അധികാരഭാവം, പക്വഭാവം, വിനയഭാവം. നേതാവ് അധികാരഭാവത്തിൽ സംസാരിക്കരുത്.

മാനുഷികവിഭവങ്ങളുടെയും ഭൗതിക വിഭവങ്ങളുടെയും കൂട്ടായ്മയാണ് വിദ്യാലയനേതൃത്വത്തിനു വേണ്ടത്. ഭൂമുഖത്തെ ഏറ്റവും പ്രബലവും തേജസ്സുറ്റതുമായ സ്ഥലം ക്ലാസ് റൂമാണ്. കൃത്യമായ ലക്ഷ്യവും ശരിയായ ആസൂത്രണവുമില്ലാത്ത അധ്യാപകരുടെ ക്ലാസ്മുറികൾ നിർഗുണങ്ങളായിത്തീരുമെന്ന കാര്യം അധ്യാപകനേതൃത്വത്തിന്റെ ആലോചനയിൽ വരേണ്ടതാണ്.

ഒരു വ്യക്തി ഒന്നുമല്ലാതായിത്തീരുന്നത് പ്രശ്നങ്ങളെകുറിച്ച് മാത്രം ചിന്തിക്കുന്നതുകൊണ്ടാണ്. പ്രശ്നപരിഹാരത്തെക്കുറിച്ചും ചിന്തിക്കണം. നേതാവ് എപ്പോഴും പ്രശ്നങ്ങളിൽ ഇടപെടുന്നയാളാവണം. പരിഹാരത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കണം. പ്രശ്നം ചെറുതും പരിഹാരം വലുതുമാകണം. പരിഹാരം ചെറുതും പ്രശ്നം വലുതുമായാൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന അറിവ് നേതാവിനുണ്ടാകണം. ചില പ്രശ്നങ്ങൾക്ക് പരിഹാരം പ്രശ്നത്തിൽ തന്നെയുണ്ടാകും.

നേതാവിന്റെ സമീപനരീതി അതിപ്രധാനമാണ്. ഒരു വിഷയം കേട്ടാൽ ചാടിക്കയറി മറുപടി പറയുന്ന രീതി നേതാവിന് ചേർന്നതല്ല. Stop - Think - Action എന്ന രീതിയാണ് സ്വീകരിക്കേണ്ടത്. ആദ്യം മൗനം പാലിക്കുക. ശേഷം ചിന്തിക്കുക. തുടർന്ന് വേണമെങ്കിൽ മറുപടി പറയാം.

ഇമാം ശാഫി(റ)വിനോട് ഒരു കാര്യം അന്വേഷിച്ചപ്പോൾ മറുപടി പറയാൻ താമസിച്ചു. മറുപടി പറയലാണോ പറയാതിരിക്കലാണോ ഗുണകരമെന്ന് ആലോചിക്കുകയായിരുന്നു എന്നായിരുന്നു മറുപടി നൽകിയത്. നമ്മുടെ പെരുമാറ്റങ്ങൾ ചിന്തകളിൽ നിന്നാണുണ്ടാവുന്നത്. ചിന്തകൾ വാക്കുകളാകുന്നു. വാക്കുകൾ പ്രവൃത്തികളാകുന്നു. പ്രവൃത്തികൾ പെരുമാറ്റങ്ങളായി രൂപാന്തരപ്പെടുന്നു. അപ്പോൾ നമ്മുടെ എല്ലാ പെരുമാറ്റങ്ങളും ചിന്തയുടെ ഭാഗമാണെന്ന് മനസ്സിലാക്കാം.

ശരി ചെയ്യാനുള്ള നിങ്ങളുടെ ദൃഢനിശ്ചയത്തിന് തടസ്സമാകുന്നത് നിങ്ങളിലുള്ള ബലഹീനമായ വശങ്ങളാണ്. ആലസ്യത്തെക്കാൾ വലിയ ബലഹീനതയില്ല. വിജയിക്കുന്നതിനെക്കാൾ പ്രധാനമാണ്



നേതൃത്വം ഒരവസരമാണ്. അവസരങ്ങൾ ആരെയും കാത്തുനിൽക്കാറില്ല. ഇങ്ങോട്ട് തേടിയെത്താറുമില്ല. അവസരങ്ങൾ ഗുണകരമായി ഉപയോഗപ്പെടുത്തുന്നവനാണ് യഥാർത്ഥ നേതാവ്.

ജീവിതത്തിൽ പരാജയപ്പെടാതിരിക്കുക എന്നത്. ആലസ്യം കൊണ്ടുണ്ടാകുന്ന തെറ്റായ ഒരു തീരുമാനം തീർച്ചയായും തെറ്റായ പ്രവൃത്തിയിലേക്കും അതുവഴി തോൽവിയിലേക്കും നയിക്കും. പരാജിതൻ ശീലങ്ങളുടെ അടിമയാകും. താഴെ വീഴുന്നതല്ല, വീണിടത്തു കിടക്കുന്നതാണ് പരാജയം.

നല്ല അഭിപ്രായം പറയുന്നയാളാണ് നല്ല നേതാവ്. നല്ല അഭിപ്രായം പറയുന്നതിന് നല്ല ചിന്തയും നല്ല നയവും നല്ല അറിവും വേണം. എന്തിനും ഏതിനും ആലോചിക്കാതെ അഭിപ്രായം പറയുന്നത് നേതൃഗുണമല്ല. ഒരാളുടെ അഭിപ്രായം പരിശോധിച്ചാൽ അയാളുടെ വ്യക്തിത്വം മനസ്സിലാവും. ഒരു വിഷയത്തിന്റെ സാധ്യതകൾ പരിശോധിച്ച് അഭിപ്രായം പറയുമ്പോഴാണ് നല്ല അഭിപ്രായങ്ങളുണ്ടാകുന്നത്.

നേതൃത്വം ഒരവസരമാണ്. അവസരങ്ങൾ ആരെയും കാത്തുനിൽക്കാറില്ല. ഇങ്ങോട്ട് തേടിയെത്താറുമില്ല. അവസരങ്ങൾ ഗുണകരമായി ഉപയോഗപ്പെടുത്തുന്നവനാണ് യഥാർത്ഥ നേതാവ്. സന്തോഷത്തിന്റെ ഒരു വാതിൽ അടയുമ്പോൾ മറ്റൊന്ന് തുറക്കുന്നു. അടഞ്ഞ വാതിലിൽതന്നെ നോക്കി നിൽക്കുന്നതുകൊണ്ടാണ് തുറന്ന വാതിൽ നമ്മൾ കാണാത്തത്. പ്രബോധകനായ നേതാവ് പരലോക ചിന്തയോടെ നേതൃസ്ഥാനം ഒരവസരമായി ഉപയോഗപ്പെടുത്തണം.

നേതാവ് തന്റെ ശക്തിയും ദൗർബല്യവും തിരിച്ചറിയണം. ദൗർബല്യത്തെ ശക്തിയായി പരിവർത്തിപ്പിക്കാൻ ശ്രമിക്കണം. ശക്തി ആവശ്യത്തിന്റെ തോതനുസരിച്ച് ഉപയോഗപ്പെടുത്തണം. അവസരങ്ങളൊന്നും നഷ്ടപ്പെടുത്തരുത്. അതേസമയം, ഭീഷണികളെ അവസരങ്ങളാക്കി മാറ്റുകയും വേണം. അസത്യത്തിന് ഭാരം കൂടുതലായതിനാൽ അത് വായുവിലൂടെ വേഗം പകരുന്നില്ല. എന്നാൽ നുണകൾക്ക് ഭാരം കുറവായതിനാൽ പെട്ടെന്ന് വായുവിലൂടെ പകരും. സത്യം ചെരുപ്പ് ധരിക്കുമ്പോഴേക്കും നുണ ലോകം മുഴുവൻ സഞ്ചരിച്ച് തിരിച്ചുവരുമെന്നാണല്ലോ.

ഒരു പ്രശ്നത്തെ ശരിയായി മനസ്സിലാക്കുകയും അതിനെ അവധാനത്തോടെ നേരിടുകയും ചെയ്യുമ്പോഴാണ് ഒരാളിൽ ആത്മവിശ്വാസമുണ്ടെന്ന് പറയാൻ കഴിയുക

ജീവിത സാഹചര്യങ്ങൾ, സംസ്കാരം, സ്വഭാവം, ഉയർത്തുന്ന മുദ്രാവാക്യങ്ങൾ എന്നിവയെല്ലാം ഒരു വ്യക്തിയിൽ ആത്മവിശ്വാസമുണ്ടാക്കുന്ന ഘടകങ്ങളാണ്. ആത്മവിശ്വാസം വിജയം കൊണ്ടുവരണമെന്നില്ല. മറിച്ച്, അത് ഏതൊരു വെല്ലുവിളിയെയും നേരിടാനുള്ള ശക്തി പകരുന്നു. സ്വപ്നം കാണുന്നതിന് പ്രായപരിധിയില്ല. എല്ലാ പ്രതീക്ഷകളും ചലിക്കുന്ന സ്വപ്നങ്ങളാണ്. എല്ലാ വിഷമങ്ങളും ഉള്ളിലൊതുക്കി ചിരിക്കുന്നവനാണ് നേതാവ്. ആരൊക്കെ തളർത്തിയാലും ഈ ചിരി മായ്ക്കാൻ കഴിയില്ലെന്ന് ജീവിതത്തിൽ തെളിയിക്കുന്നവനാണ് ഉത്തമ നേതാവ്. ഒരാളുടെ വിജയം മാത്രം ആളുകൾ കാണുന്നു. എന്നാൽ അയാൾ അതിന് വേണ്ടി നടത്തുന്ന പരിശ്രമം കാണുന്നില്ല. നമ്മെ മറ്റുള്ളവർ എങ്ങനെ കാണുന്നു എന്നതല്ല, മറ്റുള്ളവരെ നമ്മൾ എങ്ങനെ കാണുന്നു എന്നതാണ് പ്രധാനം. മൂന്നു കാര്യങ്ങൾ നിങ്ങളുടെ സമയം വെറുതെ നഷ്ടപ്പെടുത്തുമെന്ന് ശൈഖ് ജീലാനി(റ) പറയുന്നു: ‘ഒന്ന്, നഷ്ടപ്പെട്ട കാര്യത്തെക്കുറിച്ച് ദുഃഖിച്ചിരിക്കുക. രണ്ട്, തന്നെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുക. മൂന്ന്, എല്ലാ ജനങ്ങളെയും തൃപ്തിപ്പെടുത്താൻ ശ്രമിക്കുക.’

അജ്ഞത എപ്പോഴും മാറ്റത്തെ ഭയപ്പെടുന്നു എന്നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത്. അജ്ഞതയെ ജ്ഞാനംകൊണ്ട് നേരിടുന്നതാണ് നേതൃശേഷി. നിങ്ങളുടെ മനസ്സ് തകർന്നുവെന്ന് മറ്റുള്ളവർക്ക് മനസ്സിലാകരുത്. കാരണം തകർന്ന വീടിന്റെ ഇഷ്ടികയെടുത്തുമാറ്റാനാണ് എല്ലാവരും ആഗ്രഹിക്കുക. വിജയം

ജീവിതത്തിൽ യാദൃച്ഛികമായി സംഭവിക്കുന്നതല്ല. അറിവും കഠിനാധ്വാനവും നിരന്തര പരിശ്രമവും ആത്മവിശ്വാസവുമുണ്ടാകുമ്പോൾ കൈവരുന്ന നേട്ടമാണത്. ആരുടെയും സങ്കടങ്ങളെ തമാശയായി കാണരുത്. മറ്റുള്ളവരുടെ സങ്കടങ്ങളിൽ അലിഞ്ഞു ചേരുന്നവനാണ് നേതാവ്. കോഴിമുട്ട ഉള്ളിൽനിന്നു പൊട്ടുമ്പോൾ ജീവനുണ്ടാകുന്നു. പുറത്ത് നിന്ന് പൊട്ടുമ്പോൾ ജീവനില്ലാതാകുന്നു. അതുപോലെ മഹത്തായ ഏതൊരു കാര്യവും ഉള്ളിൽ നിന്നാണ് തുടങ്ങുന്നത്. വിമർശനങ്ങൾ നേരിടുക എന്നത് ചിലർക്ക് വലിയ പ്രശ്നമാണ്. നേതാവ് വിമർശനങ്ങളെ സ്വാഗതം ചെയ്യണം. വിമർശനങ്ങൾ ഇല്ലാതിരിക്കാൻ 3 കാര്യങ്ങൾ വേണമെന്ന് അരിസ്റ്റോട്ടിൽ പറയുന്നു: ഒന്ന്, ഒന്നും പറയാതിരിക്കുക. രണ്ട്, ഒന്നും ചെയ്യാതിരിക്കുക. മൂന്ന്, ജീവിതത്തിൽ ഒന്നും ആവാതിരിക്കുക.

മാറണമെങ്കിൽ നമുക്ക് ഈ നിമിഷം ഇവിടെ വെച്ച് മാറാം. ആർക്കും നമ്മെ തടയാനാവില്ല. അതാണ് നേതാവിന്റെ മഹത്വം.

അലസത വളരെ സാവധാനത്തിലാണ് സഞ്ചരിക്കുന്നത്. ഇടുങ്ങിയ ചിന്താഗതിയിൽ സ്വന്തം സ്വപ്നങ്ങളെ തളച്ചിടാതെ ചിറകുകൾ വിടർത്തി പറക്കുക. പുതിയ ആകാശങ്ങൾ നിങ്ങൾക്കായി തുറക്കും. '25 വർഷം ജയിലിൽ കിടന്നപ്പോൾ പോലും എനിക്ക് എന്റെ സ്വപ്നത്തിൽ അവിശ്വാസമുണ്ടായിരുന്നില്ല' എന്ന് നെൽസൺ മണ്ടേല പറഞ്ഞിട്ടുണ്ടല്ലോ.

വെല്ലുവിളികൾക്കു മുന്നിൽ പകച്ചുനിന്ന് എനിക്കിതിന് കഴിയില്ലെന്ന് വിധിയെഴുതി പിൻവാങ്ങുന്നത് വിഡ്ഢിത്തമാണ്. സത്യസന്ധമായ വാക്കുകൾ ഒരിക്കലും മനോഹരമായിരിക്കില്ല. മനോഹരമായ വാക്കുകൾ സത്യവുമല്ല. ഒരു ബന്ധത്തിൽ ഒരിക്കലും വഴക്കില്ലെങ്കിൽ ആ ബന്ധം നിലനിർത്തുന്നത് മനസ്സുകൊണ്ടല്ല, ബുദ്ധികൊണ്ടാണെന്ന് വിലയിരുത്താം.

ബുദ്ധിയുള്ള മനുഷ്യൻ എപ്പോഴും സ്വന്തം മനസ്സിനെ മാറ്റം വരുത്താൻ ശ്രമിക്കും. എന്നാൽ ബുദ്ധിശൂന്യർ അങ്ങനെയായിരിക്കില്ല. 24 മണിക്കൂറിൽ ഒരു വ്യക്തിയിൽ 30000 മുതൽ 50000 വരെ ചിന്തകൾ കടന്നു വരും. എന്നാൽ ഇതിൽ 80 ശതമാനവും നെഗറ്റീവായിരിക്കും.

നെഗറ്റീവിൽ നിന്നു പോസിറ്റിവിലേക്കുള്ള പലായനമാണ് നേതാവിന്റെ വിജയം. തലച്ചോറിന്റെ ഭക്ഷണം തന്നെ അനുകൂല ചിന്തകളാണ്. പ്രതികൂല ചിന്തകളിൽ സഞ്ചരിക്കുമ്പോൾ നേതാവിന് വളരാൻ കഴിയില്ല. പറക്കാൻ അഗ്രഹിക്കുന്നവൻ ഇഴഞ്ഞു നടക്കുന്നവന്റെ അഭിപ്രായത്തിന് ചെവി കൊടുക്കരുത്. അവർ നിങ്ങളെ നിരുത്സാഹപ്പെടുത്തും.

'ദിവസവും ചെയ്യുന്ന എന്തെങ്കിലും ഒരു പ്രവൃത്തിയിൽ മാറ്റം വരുത്തിയാൽ മാത്രമേ ജീവിതത്തിൽ മാറ്റം ഉണ്ടാവുകയുള്ളൂ.' (നബിവചനം) മറ്റുള്ളവരുടെ സ്വഭാവം മാറ്റാൻ കഴിയില്ല. സ്വയം മാറുമ്പോൾ മറ്റുള്ളവർ മാറിക്കൊള്ളും. അതിനാൽ നേതാവ് മാറണം.

പ്രശ്നത്തെ നേരിടാനുള്ള കെൽപ്പും താനെടുത്ത ശരിയായ തീരുമാനത്തിൽ അടിയുറച്ച് നിൽക്കാനുള്ള ആർജവവുമുള്ളവനാണ് നേതാവ്.

ഒരു നേതാവെന്ന നിലക്ക്, അല്ലെങ്കിൽ നേതൃത്വത്തിന്റെ ഭാഗമെന്ന നിലക്ക് പിന്തുടരാൻ നിങ്ങൾക്ക് വൈവിധ്യമാർന്ന മാർഗങ്ങളുണ്ട്. ഇമാം ഗസ്സാലി(റ) കീമിയാഉസ്സആദയിൽ പറയുന്നു:

'വിജ്ഞനായ ഒരു മനുഷ്യൻ ഹാറൂൻ റശീദിനോട് പറഞ്ഞു: 'നിങ്ങൾ ഏത് കസേരയിലാണ് ഇരിക്കുന്നതെന്ന ബോധമുണ്ടോ? ഈ കസേരയിൽ ഒരിക്കൽ അബൂബക്ർ(റ) ഇരുന്നിരുന്നു. അതിനാൽ സത്യവാനാകുക. ഉമർ(റ) ഇരുന്നിരുന്നു. അതിനാൽ തെറ്റും ശരിയും വേർതിരിച്ചു നിർത്തുക. ഉസ്മാൻ(റ) ഇരുന്നിരുന്നു. അതിനാൽ മര്യാദക്കാരനും ഉദാരനുമാവുക. അലി(റ) ഇരുന്നിരുന്നു. അതിനാൽ പണ്ഡിതനും നീതിമാനുമാവുക.' നല്ല തീരുമാനങ്ങൾ നല്ല ജീവിതത്തിലേക്ക് നയിക്കും.

മിഅ്റാജിന്റെ രാത്രിയിൽ ആകാശാരോഹണത്തിനുശേഷം അമ്പത് വഖ്ത് നിസ്കാരവുമായി തിരിച്ചുവന്ന നബി(സ) യോട് മൂസാനബി(അ) ഇത് താങ്കളുടെ സമൂഹത്തിന് കഴിയില്ലെന്ന് പറഞ്ഞു. അങ്ങനെ ഒമ്പത് തവണ തിരിച്ചുപോയി. പരിചയ സമ്പന്നരായ മുൻഗാമികളോട് കാര്യങ്ങൾ ആലോചിക്കുക എന്ന നേതൃഗുണമാണ് ഇവിടെ നബി(സ) കാണിച്ചത്. എന്നാൽ അഞ്ചുവഖ്ത് നിസ്കാരം വീണ്ടും ചുരുക്കണമെന്ന് പറഞ്ഞപ്പോൾ അതിന് ഞാൻ മടങ്ങിപ്പോകില്ലെന്നു പറഞ്ഞ് നിർണ്ണായക ഘട്ടത്തിൽ നബി(സ) ഉറച്ച തീരുമാനമെടുത്ത് നേതൃശേഷി തെളിയിക്കുകയും ചെയ്തു. അതായിരുന്നു നബി(സ) നമുക്ക് കാണിച്ച തന്ന നേതൃഗുണം.

നിങ്ങൾ ഒരു നേതാവാണെങ്കിൽ നേതാവിനെപ്പോലെ നടക്കണം. നേതാവിനെപ്പോലെ ചിരിക്കണം. നേതാവിനെപ്പോലെ പ്രചോദനം നൽകണം. നേതാവിനെപ്പോലെ സംസാരിക്കണം. നേതാവിനെപ്പോലെ വസ്ത്രം ധരിക്കണം.

നെഗറ്റീവിൽ നിന്നു പോസിറ്റിവിലേക്കുള്ള പലായനമാണ് നേതാവിന്റെ വിജയം. തലച്ചോറിന്റെ ഭക്ഷണം തന്നെ അനുകൂല ചിന്തകളാണ്. പ്രതികൂല ചിന്തകളിൽ സഞ്ചരിക്കുമ്പോൾ നേതാവിന് വളരാൻ കഴിയില്ല.

നോമ്പോർമ

അബ്ദുൽ ബാസിത്ത് ഒ.പി

അല്ലാഹുമ്മ ലക സുംതു

ഓരോ നോമ്പുകാലം വരുമ്പോഴും കുട്ടിക്കാലത്തെ റമളാൻ ഓർമയിലേക്കോടി വരും. വീട്ടിലെ മുതിർന്നവർ നോമ്പെടുത്തു നടക്കുമ്പോൾ ഒരു നോമ്പെങ്കിലും നോറ്റുപൂർത്തിയാക്കാൻ പൂതിവെച്ച കാലം. വയസ്സു തികയാത്തതിനാലും ആഗ്രഹം പ്രകടിപ്പിച്ചതിനാലും ഒരു പാതിനോമ്പിന് ഉമ്മ സമ്മതിച്ചു. ആദ്യമായി അത്താഴം കഴിക്കാനെഴുന്നേറ്റപ്പോൾ നോമ്പുകാരനാകുന്നതിന്റെ ആനന്ദമായിരുന്നു മനസ്സിൽ. താളിപ്പും ഉണക്കമീനുമായിട്ടും അസാധാരണമായ രുചിയാണതിന്ന്. ഉമ്മ നിയ്യത്ത് ചൊല്ലിത്തന്നു. ഏറെ ഭവ്യതയോടെ ഞാൻ അതേറ്റു ചൊല്ലി. സന്തോഷത്തോടെയാണ് ആ പകൽ തുടങ്ങിയത്. എന്നാൽ, ഉച്ചയോടടുക്കുന്തോറും നോമ്പിന്റെ ക്ഷീണം ബാധിച്ചുതുടങ്ങി.

'ഇന്ന് പകുതി നോമ്പ്, നാളെ പകുതി നോമ്പ്, അപ്പോൾ ഒരു നോമ്പായി.' മറ്റൊന്നും ചിന്തിക്കാതെ ഉമ്മയുടെ ന്യായമായ ആ ഉപദേശം സ്വീകരിച്ചു. അന്ന് ഉച്ചയ്ക്ക് നോമ്പുമുറിച്ചു. നോമ്പ് എന്ന മഹത്തായ ആരാധനയെ ശീലിപ്പിക്കാൻ ഉമ്മയും ഉപ്പയും ആസൂത്രണം ചെയ്ത തന്ത്രമായിരുന്നു അതെന്ന് പിന്നീടാണു ബോധ്യമായത്.

> വീട്ടിലുള്ള എല്ലാവരും ബാങ്കു കൊടുക്കുന്നതിന്റെ അല്പസമയം മുമ്പ് മേശക്കടുത്തു വന്നിരിക്കുകയും തസ്ബീഹ് ചൊല്ലുകയും വേണമെന്ന് ഉപ്പാക്ക് നിർബന്ധമാണ്. ബാങ്കുവിളി കേട്ടാൽ ആദ്യം കാരക്ക തിന്നും. പിന്നീട് വെള്ളവും കുടിക്കും. ശേഷം, അല്ലാഹുമ്മ ലക സുംതു... എന്ന് തുടങ്ങുന്ന ദിക്ർ ഉപ്പ ഉറക്കെ ചൊല്ലും.

നോമ്പുതുറക്കുന്ന സമയമാണ് റമളാനിലെ ഏറ്റവും സന്തോഷകരമായ സമയം. നോമ്പുതുറ വിഭവങ്ങൾ ഉമ്മ അടുക്കളയിൽ തയ്യാറാക്കുമ്പോൾ തീൻമേശയിലത് ക്രമത്തിൽ നിരത്തിവെക്കൽ കുട്ടികളായ ഞങ്ങളുടെ ജോലിയാണ്. വീട്ടിലുള്ള എല്ലാവരും ബാങ്കു കൊടുക്കുന്നതിന്റെ അല്പസമയം മുമ്പ് മേശക്കടുത്തു വന്നിരിക്കുകയും തസ്ബീഹ് ചൊല്ലുകയും വേണമെന്ന് ഉപ്പാക്ക് നിർബന്ധമാണ്.

ബാങ്കുവിളി കേട്ടാൽ ആദ്യം കാരക്ക തിന്നും. പിന്നീട് വെള്ളവും കുടിക്കും. ശേഷം, അല്ലാഹുമ്മ ലക സുംതു... എന്ന് തുടങ്ങുന്ന ദിക്ർ ഉപ്പ ഉറക്കെ ചൊല്ലും. എല്ലാവരും അത് ചൊല്ലുന്നുണ്ടോ എന്ന് നിരീക്ഷിക്കും. കുട്ടികളായ ഞങ്ങളെക്കൊണ്ട് ആ ദിക്ർ ഉറക്കെ ചൊല്ലിക്കും.

അത്താഴസമയത്തും ഉപ്പാക്ക് ചില നിർബന്ധങ്ങളുണ്ടായിരുന്നു. അത്താഴശേഷം യാ ഹയ്യു യാ ഖയ്യൂം... എന്ന് തുടങ്ങുന്ന ദിക്ർ ഏഴുതവണ ചൊല്ലിക്കും. അതു ചൊല്ലാതിരിക്കുകയോ സുബ്ഹി ബാങ്കു വിളിക്കുന്നതിനു മുമ്പ് ഉറങ്ങുകയോ ചെയ്യുന്നതു കണ്ടാൽ ഉപ്പാക്ക് വിഷമമാകും. പലപ്പോഴും സൗമ്യമായി ഉപദേശിക്കുകയും വേണ്ടിവന്നാൽ ശകാരിക്കുകയും ചെയ്യും.

സുബ്ഹി നിസ്കാരശേഷം അല്പസമയം ഖുർആൻ പാരായണം ചെയ്യൽ വലിയ മഹത്വമുള്ള കാര്യമാണെന്ന് ഉപ്പയും ഉമ്മയും പറഞ്ഞിരുന്നു. ഉറക്കെ ഓതണമെന്നും അല്ലെങ്കിൽ ഉറക്കം വരുമെന്നും പറയും. ഉപ്പ പള്ളിയിലെ ജമാഅത്ത് കഴിഞ്ഞു വന്ന് ഉറക്കെ ഖുർആൻ ഓതും. ഞങ്ങളും ഓതും. ഇത്തരത്തിൽ ഒരുപാട് നന്മകൾ പ്രാക്ടിക്കലായി ചെയ്യാൻ പഠിപ്പിച്ച വസന്തകാലമായിരുന്നു റമളാൻ.

നോമ്പോർമ

സുഹൈൽ തിനൂർ

ആത്മവിശുദ്ധിയുടെ രാപ്പകലുകൾ

റമളാൻ ഓരോ വിശ്വാസിക്കും ആത്മസംസ്കരണത്തിനുള്ള പരിശ്രമകാലമാണ്. പൊന്നുപ്പയുടെ മധുരമൂറുന്ന റമളാനോർമകൾ ഹൃദയത്തിൽ ആത്മീയ ചൈതന്യവും ഹൃദയവിശുദ്ധിയും കൊളുത്തിവയ്ക്കും. നോമ്പുതുറയും അത്താഴവും മുത്താഴവുമെല്ലാം റമളാനിലെ അനുഭൂതികളാണ്. തറവാട്ടുപള്ളിയിൽ നിന്നുയരുന്ന നകാരമുട്ട് കേട്ടാണ് ഉപ്പ എഴുന്നേൽക്കാറ്. അത്താഴമുട്ട് എന്നാണ് ആ രീതി അറിയപ്പെട്ടിരുന്നത്. നോമ്പുകാലം വരുന്നതിനു മുമ്പേ അത്താഴത്തിനുള്ള കൂട്ടാനുകൾ ഉമ്മമ്മ മൺകലത്തിൽ ഒരുക്കി വയ്ക്കും. തുറമാങ്ങയും പോളയും അക്കൂട്ടത്തിലെ രാജാക്കന്മാരായിരുന്നു.

ഇന്നത്തെ സൗകര്യങ്ങളും അലങ്കാരങ്ങളുമുള്ള പള്ളികളല്ല അക്കാലത്ത്. എല്ലാം പഴമയുടെ വിശുദ്ധി നിറഞ്ഞുനിൽക്കുന്ന, മൺകട്ടകൾ കൊണ്ട് പടുത്തുണ്ടാക്കിയ ചെറിയ ഭവനങ്ങൾ. റമളാനെത്തുമ്പോൾ പള്ളികൾ കൂടുതൽ സജീവമാകും. റമളാൻ നൽകുന്ന പുത്തനുണർവുകൾ ഓരോ വിശ്വാസിമനസ്സിലും ഭക്തിയുടെ മധുരം നിറയ്ക്കും. തറവാട്ടുപള്ളിയുടെ മുക്കുമൂലകൾ സജീവമാകുന്ന കാഴ്ച ഹൃദയം കുളിർപ്പിക്കുന്നതായിരുന്നു. പള്ളിക്കു ചുറ്റിലും ചെറിയ വാതിലുകളുണ്ടാകും. റമളാനിൽ ഓരോ കിളിവാതിലിനുമരികിൽ ആളുകൾ റൈഹാൽ നിരത്തും. വാതിലിലൂടെ അകത്തെത്തുന്ന വെളിച്ചവും കാറ്റുമേറ്റുകൊണ്ട് പകലിരവുകൾ ഖുർആനിന്റെ മധുരമാസ്വദിക്കും. ഉപ്പാപ്പമാരുടെ ഉച്ചത്തിലുള്ള ഓത്തുകേട്ട് കുട്ടികളും ഖുർആനോതാനിരിക്കും.

രാവിലെ പള്ളിയിലെത്തി ഇഅ്തികാഫിന്റെ പുണ്യം നേടി നോമ്പുതുറയോടടുത്ത് വീട്ടിലേക്ക് മടങ്ങുന്ന വിശ്വാസികൾ അക്കാലത്ത് ധാരാളമായിരുന്നു. നോമ്പുതുറയും നിസ്കാരവും കഴിഞ്ഞ് തറാവീഹിനായി വീണ്ടും പള്ളിയിലെത്തും. തറാവീഹും വിത്റും നിസ്കരിച്ച് വീണ്ടും വീട്ടിലേക്ക്. കപ്പ പുഴുങ്ങിയതും കഞ്ഞിയും വിളമ്പി ഉമ്മമ്മ കാത്തിരിക്കുന്നുണ്ടാവും.

റമളാനിലെ ഓരോ ദിനവും കഴിയുമ്പോൾ ഉള്ളാകെ വേദന പടർന്നുകൊണ്ടിരിക്കും. അവസാന പത്തിൽ വിശ്വാസികൾ ഒറ്റയ്ക്കിരുന്ന് ഖുർആനോത്തിലലിഞ്ഞ് വിങ്ങിപ്പൊട്ടുന്നതു കാണാം. റഹ്മത്തിന്റെ പത്തിനും മഗ്ഫിറത്തിന്റെ പത്തിനും നരകമോചനത്തിന്റെ പത്തിനുമുള്ള പോരിശകൾ ഏറെ ആവേശത്തോടെ ഉമ്മമ്മ മക്കളെ പറഞ്ഞു ബോധിപ്പിക്കും.

'അസ്സലാമു അലൈക്ക യാ ശഹ്റ റമളാൻ.....' ഒടുവിലെ വെള്ളിയാഴ്ചയിലെ ഖുത്ബയിൽ ഉസ്താദ് പറയുമ്പോൾ വിശ്വാസികൾ കൂട്ടമായി വിങ്ങിപ്പൊട്ടും. നെടുവീർപ്പുകൾ പള്ളിക്കകത്ത് തങ്ങി നിൽക്കും.

മറുകുറിപ്പ്

തിരുത്തുകൾ വീടകങ്ങളിൽ തുടങ്ങണം

○ ശാനിദ കുറ്റ്യേരി

പത്രത്താളുകളിൽ കണ്ണോടിക്കുമ്പോൾ ഭീതി തോന്നുന്നു. നൊന്തു പ്രസവിച്ച ഉമ്മയെ യാതൊരു ഭാവവ്യത്യാസവുമില്ലാതെ വെട്ടിനുറുക്കിയ താമരശ്ശേരിയിലെ പൊന്നുമോനും കേരളത്തിന്റെ തലസ്ഥാന നഗരിയിൽ വെഞ്ഞാറമൂട് ഇരുപത്തിമൂന്നുകാരൻ നടത്തിയ കൊലപാതക പരമ്പരയും എന്താണ് നമ്മെ ഓർമിപ്പിക്കുന്നത്? മാന്യന്മാരെന്നു കരുതുന്നവരാണ് പ്രശ്നങ്ങളുണ്ടാക്കുന്നതെന്നതാണ് അതിലേറെ കൗതുകം.

മക്കൾ ചോദിക്കുന്നതെന്തും വാങ്ങികൊടുത്ത് അവരെ പ്രയാസങ്ങളറിയാതെ വളർത്തുന്ന രക്ഷിതാക്കൾക്കാണ് പിന്നീട് ഖേദിക്കേണ്ടിവരിക. പ്രതികൂല സാഹചര്യങ്ങളെ ഉൾക്കൊള്ളാനും തിന്മകളോട് നോ പറയാനും കുട്ടികളെ പ്രാപ്തരാക്കണം. പഴയ തലമുറയുമായി പുതിയ തലമുറയെ താരതമ്യം ചെയ്യാൻ കഴിയില്ല. അവരുടെ ചിന്തകളും വാക്കുകളും ആഗ്രഹങ്ങളും വ്യത്യസ്തമായിരിക്കും. അവ ഭാവിയിൽ മക്കൾക്ക് ഗുണകരമാണോ അല്ലയോ എന്ന് നിശ്ചയിക്കേണ്ടത് മാതാപിതാക്കളാണ്.

ധാർമികതയുടെ അതിർവരമ്പുകൾക്കുള്ളിൽ നിന്നാവണം മക്കളുടെ പ്രവർത്തനങ്ങൾ. മതമൂല്യങ്ങളും ധാർമിക ചിന്തകളും പ്രഥമ വിദ്യാലയമായ വീട്ടിൽ നിന്നുതന്നെ ലഭിക്കണം. സ്നേഹപൂർവ്വം അവരെ നിയന്ത്രിക്കുകയും പരിഗണിക്കുകയും ചെയ്യുമ്പോഴാണ് സന്തുഷ്ട കുടുംബം യാഥാർത്ഥ്യമാവുക. രക്ഷിതാക്കളിൽ നിന്നും സമൂഹത്തിൽ നിന്നും ലഭിക്കേണ്ട പരിഗണന ലഭിക്കാതാകുമ്പോൾ മക്കൾ ലഹരിയുടെയും പ്രണയത്തിന്റെയും അഴിയാക്കുരുക്കുകളിൽ അകപ്പെടുന്നു.

അധികാരികൾ കണ്ണുതുറക്കണം

○ സഹ്ൽ തോട്ടുപൊയിൽ

സുന്നത്ത് ഫെബ്രുവരി ലക്കത്തിലെ കവർസ്റ്റോറി വായിച്ചു. ലഹരി കവർന്നെടുത്ത ജീവിതങ്ങളും സമൂഹത്തിലതുണ്ടാക്കിയ പ്രത്യാഘാതങ്ങളും ലേഖനത്തിൽ കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. ലഹരിയുടെ ആഘാതത്തിൽ നടന്ന ഒരു കൂട്ടക്കൊലപാതകത്തിന്റെ നടുക്കത്തിലാണീ കുറിപ്പെഴുതുന്നത്. ലഹരി കൂടുതൽ വിറ്റഴിക്കപ്പെടുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ്.

ഭാവിയുടെ പ്രതീക്ഷകളായ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ ലഹരിയുടെയും മയക്കുമരുന്നിന്റെയും അടിമകളായി മാറുന്നത് അത്യന്തം ഖേദകരമാണ്. കൗമാരപ്രായത്തിലുള്ള വിദ്യാർത്ഥികളാണ് ലഹരിക്കേസുകളിൽ പിടിക്കപ്പെടുന്നതിലധികവും. ഇന്റർനെറ്റിന്റെയും അതിനൂതന സാങ്കേതികവിദ്യകളുടെയും സ്മാർട്ട്ഫോണുകളുടെയും വ്യാപനം പല രീതിയിലാണ് വിദ്യാർത്ഥിതലമുറയെ ബാധിക്കുന്നത്. സോഷ്യൽമീഡിയ റീലുകളിൽ കാണുന്ന ദുഷിച്ച ട്രെൻഡുകളോടാണ് ചെറുപ്പക്കാർക്ക് കൂടുതൽ താല്പര്യം. തൊഴിലിനു പോകാതെ പണം സമ്പാദിക്കാനും ആളുകൾക്കിടയിൽ സെലിബ്രിറ്റിയാകാനുമാണവരുടെ ശ്രമങ്ങൾ.

അധികാരികളിൽ നിന്ന് ശാശ്വതമായ ഒരു പരിഹാരത്തെക്കുറിച്ച് ആലോചനകളുണ്ടാകുന്നില്ലെന്നത് ഗൗരവമായി കാണണം. ലഹരിക്കേസുകളിൽ അറസ്റ്റ് ചെയ്യപ്പെടുന്നവർ അതിവേഗം പുറത്തിറങ്ങുന്നത് അധികൃതരുടെ അലസമനോഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ലിബറൽചിന്തകളും അധാർമികത പ്രചരിപ്പിക്കുന്ന സിനിമകളും റീലുകളും ഈ എരിത്തീയിൽ എണ്ണയൊഴിക്കുകയാണ് ചെയ്യുന്നത്. അധികാരികൾ നിരുത്തരവാദ സമീപനം സ്വീകരിച്ചാൽ സാക്ഷരകേരളം നേരിടുന്ന വെല്ലുവിളികൾ അതിഭീകരമായിരിക്കും. ലിബറൽചിന്തകളെ വളമിട്ടു വളർത്തുകയും പണത്തിന്റെയും അധികാരത്തിന്റെയും പഴുതുകളിലൂടെ കുറ്റവാളികൾ രക്ഷപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്ന കാലത്തോളം കുറ്റകൃത്യങ്ങൾക്ക് അറുതിയുണ്ടാവില്ല.

സകാത്ത് സമാഹരിക്കാൻ കമ്മിറ്റിക്ക് അവകാശമില്ല – സമസ്ത

കോഴിക്കോട്: വിശുദ്ധ ഇസ്‌ലാമിന്റെ അടിസ്ഥാന കർമ്മങ്ങളിലൊന്നായ സകാത്ത് അർഹരായവർക്ക് നൽകി ആത്മാവും ധനവും സംസ്കരിക്കാനാണ് ഇസ്‌ലാം നിർദേശിക്കുന്നതെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ. നിബന്ധനകളും നിയമങ്ങളും പാലിച്ച് നിയമപ്രകാരം നൽകുമ്പോൾ മാത്രമാണ് സകാത്തിന്റെ ബാധ്യത വീടുന്നത്. സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള മാർഗമല്ല സകാത്ത്. സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അതിന് അവകാശവും ആധികാരവുമില്ല.

കച്ചവടത്തിലും ചില ധനങ്ങളിലും വ്യത്യസ്ത കണക്കുകൾക്കും നിബന്ധനകൾക്കും വിധേയമായി സകാത്ത് നിർബന്ധമാകുന്നു. എട്ട് വിഭാഗത്തിലുള്ള വ്യക്തികൾക്ക് മാത്രം അത് നൽകാനാണ് ഖുർആനും സുന്നത്തും പഠിപ്പിച്ചിട്ടുള്ളത്. അതിന്റെ മുഴുവൻ നിയമങ്ങളും ലോകം അംഗീകരിച്ച നാല് മദ്ഹബിന്റെ ഇമാമുകളും കൃത്യമായി വിവരിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി കമ്മറ്റികളുണ്ടാക്കി നിസ്വാർഥരായ ജനങ്ങളുടെ സകാത്ത് പിരിച്ചെടുത്ത് ബാങ്കുകളിൽ നിക്ഷേപിച്ച് പലിശ ഈടാക്കുന്നതും അവകാശികൾക്ക് അപ്പപ്പോൾ നൽകുന്നതിനു പകരം കമ്മറ്റിയുടെ കൈവശം സൂക്ഷിച്ചുവെച്ച് അവകാശം ഹനിക്കപ്പെടുന്നതും പരസ്പരം പോരടിക്കുന്ന ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ അവരുടെ കീഴിലുള്ള സ്ഥാപനങ്ങൾ, മീഡിയകൾ, ഓഫീസുകൾ തുടങ്ങിയവ നടത്തുന്നതിനും സകാത്ത് ഉപയോഗക്കുന്നതായി കൃത്യമായ തെളിവുകൾ സഹിതം ബോധ്യമായിട്ടുണ്ട്. ഇത്തരം കമ്മിറ്റികളിലൂടെ സകാത്ത് സമാഹരിക്കുന്നതും അവരെ സകാത്ത് ഏൽപിക്കുന്നതും ഇസ്‌ലാമികമല്ലെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജനറൽ ബോഡി അംഗീകരിച്ച പ്രമേയം വ്യക്തമാക്കി. സമൂഹം ഇത്തരക്കാരെ കരുതിയിരിക്കണം. സ്വന്തം ബാധ്യത പൂർണമായും കൃത്യമായി നിറവേറ്റിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സകാത്ത് ദായകർ ബാധ്യസ്ഥരാണ്.

ജനറൽബോഡിയുടെ മുന്നോടിയായി സംഘടിപ്പിച്ച മുശാവറ പ്രസിഡന്റ് റഈസുൽഉലമാ ഇ സുലൈമാൻ മുസ്‌ലിയാരുടെ അധ്യക്ഷതയിൽ സയ്യിദ് കെ.എസ് ആറ്റക്കോയ ഉദ്ഘാടനം ചെയ്തു. സയ്യിദ് അലി ബാഫഖി പ്രാർത്ഥന നിർവഹിച്ചു. ജന. സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി. സയ്യിദ് ഇബ്റാഹീമുൽ ഖലീലുൽ ബുഖാരി, കെ.പി മുഹമ്മദ് മുസ്‌ലിയാർ കൊമ്പം, പേരോട് അബ്ദുറഹ്മാൻ സഖാഫി, പി.എ ഹൈദ്രോസ് മുസ്‌ലിയാർ കൊല്ലം, പൊന്മള അബ്ദുൽഖാദിർ മുസ്‌ലിയാർ, അലവി സഖാഫി കൊളത്തൂർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. കോടമ്പുഴ ബാവ മുസ്‌ലിയാർ, കെ.കെ അഹമ്മദ് കുട്ടി മുസ്‌ലിയാർ, അബൂഹനീഫൽ ഫൈസി, അബ്ദുൽ അസീസ് സഖാഫി, ഇസ്സുദ്ദീൻ സഖാഫി, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, മൊയ്തീൻകുട്ടി ബാഖവി, മുഹ്‌യുദ്ദീൻകുട്ടി മുസ്‌ലിയാർ, വി.പി.എം വില്ല്യാപ്പള്ളി, അബ്ദുൽജലീൽ സഖാഫി, അബ്ദുറഹ്മാൻ ബാഖവി, സി മുഹമ്മദ് ഫൈസി, ഐ.എം.കെ ഫൈസി, മുഹമ്മദലി സഖാഫി, അബ്ദുന്നാസിർ അഹ്സനി, എം അബ്ദുറഹ്മാൻ സഖാഫി, പി.എസ്.കെ മൊയ്തു ബാഖവി, ത്വാഹ മുസ്‌ലിയാർ, ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു പേരോട് അബ്ദുറഹ്മാൻ സഖാഫി സ്വാഗതം പറഞ്ഞു.

528 മുഅല്ലിംകൾക്ക് ധനസഹായം

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ക്ഷേമനിധിയിൽ നിന്ന് സഹായാർഹരായ 528 മുഅല്ലിംകൾക്ക് സഹായധനം അനുവദിച്ചു. മക്കളുടെ വിവാഹം, ഭവന നിർമ്മാണം, അറ്റകുറ്റപ്പണി, കിണർ നിർമ്മാണം, മുഅല്ലിമിന് മഹർ, രോഗചികിത്സ, വിലാദ എന്നീ ഇനങ്ങളിലായി 511 പേർക്കും സ്നേഹസ്പർശം പദ്ധതിയിലൂടെ 17 പേർക്ക് പ്രത്യേക സഹായവുമാണ് അനുവദിച്ചത്. ഇതു സംബന്ധമായി ചേർന്ന യോഗത്തിൽ ചെയർമാൻ സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, വി.പി.എം വില്ല്യാപ്പള്ളി, കുഞ്ഞുകുളം സുലൈമാൻ സഖാഫി, വി.വി അബൂബക്കർ സഖാഫി, ചെറൂപ്പ ബഷീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി. ക്ഷേമനിധിയുടെ പ്രചരണാർത്ഥം വിദേശത്ത് പോകുന്ന ട്രഷറർ വി.പി.എം വില്യാപ്പള്ളിക്ക് യാത്രയയപ്പ് നൽകി.

ദീർഘകാലം സേവനം ചെയ്ത മുഅല്ലിംകളെ എസ്.ജെ.എം ആദരിക്കുന്നു

കോഴിക്കോട്: സുന്നി വിദ്യാഭ്യാസ ബോർഡ് നിലവിൽ വന്നതു മുതൽ ഇതുവരെ ബോർഡിന്റെ മദ്റസകളിൽ തുടർച്ചയായി സേവനം ചെയ്ത മുഅല്ലിംകളെ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ആദരിക്കുന്നു. സമസ്ത സെന്റിനറിയുടെ ഭാഗമായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നടത്തുന്ന 40 ജില്ലാ മുഅല്ലിം സമ്മേളനങ്ങൾക്ക് തുടക്കം കുറിച്ച് കോഴിക്കോട് സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ വെച്ച് ആദരവ് നൽകുവാൻ എസ്.ജെ.എം സെൻട്രൽ എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.

എസ്.ജെ.എം കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് സയ്യിദ്അലി ബാഫഖി അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽഹമീദ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ ആമുഖഭാഷണം നടത്തി. ജന. സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. ട്രഷറർ വി.പി.എം വില്യാപ്പള്ളി ചർച്ച നിയന്ത്രിച്ചു. ബോർഡ് മാനേജർ സി.പി സൈതലവി ആശംസാ പ്രസംഗം നടത്തി. കുഞ്ഞുകുളം സുലൈമാൻ സഖാഫി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചെറൂപ്പ ബശീർ മുസ്‌ലിയാർ, വി.വി അബൂബക്കർ സഖാഫി, സി.എം യൂസുഫ് സഖാഫി, ജപ്പു അബ്ദുറഹ്മാൻ മദനി, സി.കെ.എം പാടന്തറ, കൊല്ലം റശീദ് മുസ്‌ലിയാർ, ഡോ. നാസിർ മൗലവി, സാബിർ സൈനി, ശാഫി ലത്വീഫി, ശുകൂർ സഅദി, മുഹമ്മദ് ലത്വീഫി, കുഞ്ഞീതു മുസ്‌ലിയാർ, അബ്ദുല്ലത്തീഫ് മുസ്‌ലിയാർ, നജ്മുദ്ദീൻ മൗലവി, കെ.കെ.എം കാമിൽ സഖാഫി തുടങ്ങിയ വിവിധ ജില്ലാ സാരഥികളും ഇതരസംസ്ഥാന പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

പ്രഖ്യാപന സമ്മേളനം ആവേശോജ്ജ്വലമായി

ഈ വർഷാവസാനം കേരളയാത്ര

കോഴിക്കോട്: സമസ്തസെന്റിന റിയുടെ ഭാഗമായി കേരള മുസ്‌ലിം ജമാഅത്ത് നടപ്പിൽ വരുത്തുന്ന പദ്ധതികളുടെ പ്രഖ്യാപനം പ്രവർത്തകർക്ക് ആവേശമായി. തൊഴിൽ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സമൂഹത്തെ പൊതുവിലും മുസ്‌ലിം സമൂഹത്തെ പ്രത്യേകിച്ചും സ്വയം പര്യാപ്തത കൈവരിക്കാൻ സഹായിക്കുന്ന പദ്ധതികൾക്കാണ് സെന്റിന റി വർഷത്തിൽ മുസ്‌ലിം ജമാഅത്ത് ഊന്നൽ നൽകിയത്. പദ്ധതികളുടെ പ്രഖ്യാപനം പ്രസിഡന്റ് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നിർവഹിക്കുമ്പോൾ സദസ്സ് തക്ബീർ ധ്വനികളോടെ എതിരേറ്റു. പ്രതിനിധി സമ്മേളനമായിരുന്നുവെങ്കിലും കോഴിക്കോട് കടപ്പുറത്ത് വലിയ സമ്മേളനത്തിന്റെ പ്രതീതിയുണ്ടാക്കി. കേരള മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ, ഡിസംബർ മാസങ്ങളിൽ വീണ്ടും കാസർകോട് മുതൽ തിരുവനന്തപുരം വരെ കേരളയാത്ര നടത്തുമെന്നതാണ് പ്രധാന പ്രഖ്യാപനം. തുടർന്ന്, മുസ്‌ലിം ജമാഅത്ത്, എസ്.വൈ.എസ് നേതാക്കളുടെ നേതൃത്വത്തിൽ കേരളയാത്രയെ അഭിവാദ്യം ചെയ്തുകൊണ്ടുള്ള മുദ്രാവാക്യങ്ങളും വിവിധ മേഖലകളെ സ്പർശിച്ചുകൊണ്ടുള്ള പ്രഖ്യാപനങ്ങളുമാണ് നടത്തിയത്.

11 പദ്ധതികളാണ് പ്രഖ്യാപിച്ചത്. മനുഷ്യർക്കൊപ്പം - കേരള മുസ്‌ലിം ജമാഅത്ത് കർമ്മ സാമയികം 2025-2030, 5000 ആദർശ പഠനവേദികൾ, 125 സോണുകളിൽ ആദർശയാത്ര, ആയിരം ഫാമിലി കോൺഫറൻസുകൾ, പ്രധാന കേന്ദ്രങ്ങളിൽ സെമിനാറുകൾ, 10000 മാതൃകാ ഗ്രാമങ്ങൾ, ലഹരിമുക്ത ബോധവൽക്കരണം, ബഹുജന പ്രതിരോധം, കാരുണ്യ കേരളം - ക്ലിനിക്കുകൾ, ഹോം കെയർ, സാന്ത്വന കേന്ദ്രങ്ങൾ, ഐ.സി.എഫ് നേതൃത്വത്തിൽ ആയിരം രക്തജന്യ രോഗികൾക്ക് സാമ്പത്തിക സഹായം, നൂറ് ദാറുൽഖൈർ, പ്രധാന കേന്ദ്രങ്ങളിൽ 100 ഹോസ്റ്റലുകൾ, സമസ്ത ചരിത്രം പ്രകാശനം, വർഗ്ഗ ബഹുജനങ്ങളുടെ സംഘാടനം, 50000 സാരഥികളുടെ സമർപ്പണം എന്നിവയാണ് പ്രഖ്യാപിച്ചത്. പ്രഖ്യാപന വേദി പ്രമുഖ സാദാത്തുക്കൾ, പ്രഗൽഭ ഉലമാക്കൾ, പ്രശസ്ത ഉമറാക്കൾ, നേതാക്കളാൽ പ്രൗഢമായി.

പ്രൗഢമായി ടവർ സമർപ്പണം

സംഘടിത സകാത്ത് ഇസ്‌ലാമികമല്ല

കോഴിക്കോട്: സംഘടിത സകാത്ത് ഇസ്‌ലാമികമല്ലെന്ന് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. സുന്നി പ്രാസ്ഥാനിക കുടുംബം കോഴിക്കോട് പന്തീരങ്കാവിൽ നിർമ്മിച്ച ശൈഖ് അബൂബക്കർ ടവർ സമർപ്പണ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിശുദ്ധ ഇസ്‌ലാമിനെ നല്ല കുപ്പിയിലിട്ട് മായം ചേർത്ത് കുടിപ്പിക്കുന്ന രീതിയാണിത്. സകാത്ത് എങ്ങനെ കൊടുക്കണമെന്ന് പൂർവികരായ ഇസ്‌ലാമിക കർമ്മശാസ്ത്ര പണ്ഡിതർ പഠിപ്പിച്ചുതന്നിട്ടുണ്ട്. ഇതിനെയെല്ലാം ആക്ഷേപിക്കുകയും സംഘടിത സകാത്ത് അംഗീകരിക്കാനാകില്ലെന്ന് പറയുന്ന സുന്നികൾക്കെതിരെ തെറ്റിദ്ധാരണ പരത്തുകയുമാണ് ചിലരെന്നും അദ്ദേഹം പറഞ്ഞു.

കാന്തപുരം ഉസ്താദിന്റെ മത സാമൂഹിക വിദ്യാഭ്യാസ ജീവകാരുണ്യ സേവന രംഗത്തെ അതുല്യ സേവനത്തിനുള്ള ബഹുമാനപുരസ്സരമായാണ് സമർപ്പണം. മത സാമൂഹിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ സംബന്ധിച്ചു. സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി അധ്യക്ഷത വഹിച്ചു. റഈസുൽഉലമ ഇ സുലൈമാൻ മുസ്‌ലിയാർ മൗലാനാ മെഹ്ദൂമിയ ചിശ്തി അജ്മീർ ടവർ സമർപ്പണത്തിന് നേതൃത്വം നൽകി.

ജില്ലയിലെ സുന്നി സംഘടനകളുടെ ആസ്ഥാനമായാണ് ശൈഖ് അബൂബക്കർ ടവർ പ്രവർത്തിക്കുക. ഖാസി ഹൗസ്, മുസാഫിർ ഖാന, പ്രവാസി കോർണർ, ലൈബ്രറി ആൻഡ് റിസർച്ച് സെന്റർ, യാത്രക്കാരായ സ്ത്രീകൾക്കുള്ള വിശ്രമകേന്ദ്രം, നഗരത്തിലെത്തുന്ന ഉദ്യോഗസ്ഥർക്കും യാത്രക്കാർക്കുമുള്ള ഹോസ്റ്റൽ സൗകര്യം, 14 ഷോപ്പിംഗ് മുറികൾ എന്നിവയാണ് ടവറിൽ ഒരുക്കുന്നത്. മൊത്തം 49 സെന്റ് ഭൂമിയിൽ 6 നിലകളിലായി 60,000 സ്ക്വയർഫീറ്റിലാണ് എസ്.എ ടവർ. ചടങ്ങിൽ പേരോട് അബ്ദുറഹ്മാൻ സഖാഫി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി സന്ദേശ പ്രഭാഷണം നടത്തി. ജി അബൂബക്കർ റിപ്പോർട്ട് അവതരിപ്പിച്ചു. സി മുഹമ്മദ് ഫൈസി, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, വി.പി.എം വില്യാപ്പള്ളി, സയ്യിദ് അബ്ദുൽ ഫത്താഹ് അഹ്ദൽ അവേലം, സയ്യിദ് ത്വാഹാ സഖാഫി, ഡോ. എ.പി അബ്ദുൽഹകീം അസ്ഹരി, മജീദ് കക്കാട്, മുഹമ്മദ് പറവൂർ, സയ്യിദ് അബ്ദുസ്സ്വബൂർ ബാഹസൻ, അഡ്വ. പി.ടി.എ റഹീം, അഹ്മദ് ദേവർകോവിൽ, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, അഡ്വ. ഇസ്മാഈൽ വഫ, കൂറ്റമ്പാറ അബ്ദുറഹ്മാൻ ദാരിമി തുടങ്ങി ഒട്ടനവധി പ്രമുഖർ സംബന്ധിച്ചു. ടി.കെ അബ്ദുറഹ്മാൻ ബാഖവി സ്വാഗതം പറഞ്ഞു.

ബിദഇകൾ മതവിരുദ്ധർക്ക് ആയുധം നൽകുന്നു

കാസർഗോഡ്, പുത്തിഗെ: മുഹിമ്മാത്തിൽ സയ്യിദ് ത്വാഹിറുൽ അഹ്ദൽ ഉറൂസിന്റെ ഭാഗമായി നടന്ന സനദ്ദാന സമ്മേളനം പ്രൗഢമായി. മുഹിമ്മാത്തിൽ നിന്ന് സമന്വയ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഹിമമി പണ്ഡിതരും ഖുർആൻ ഹൃദിസ്ഥമാക്കിയ ഹാഫിളുകളും ആയിരങ്ങളെ സാക്ഷിയാക്കി ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരിൽ നിന്ന് സനദ് ഏറ്റുവാങ്ങി.

പ്രവാചകരുടെ അമാനുഷിതകയും മഹത്വവും അംഗീകരിക്കാത്ത നവീനവാദികൾ മതനിഷേധികൾക്ക് ആയുധം നൽകുകയാണ് ചെയ്യുന്നതെന്ന് കാന്തപുരം അഭിപ്രായപ്പെട്ടു. സനദ്ദാന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രവാചക ജനനവും ജീവിതവും വിയോഗവുമെല്ലാം അസാധാരണ സംഭവങ്ങളായിരുന്നു. പ്രവാചകരുടെ ഈ മഹത്വം അംഗീകരിക്കാൻ തയ്യാറാവാത്തവരാണ് ഇവിടെയുള്ള പരിഷ്കരണവാദികൾ. പാരമ്പര്യ പണ്ഡിതർ കാണിച്ച അഹ്‌ലുസ്സുന്നയുടെ വഴിയിൽ പ്രവാചകസ്നേഹത്തിലായി വിശ്വാസികൾ യോജിച്ചു മുന്നേറണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സയ്യിദ് ഹസനുൽ അഹ്ദൽ അധ്യക്ഷത വഹിച്ചു. കൊമ്പം കെ.പി മുഹമ്മദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി, പേരോട് അബ്ദുറഹ്മാൻ സഖാഫി, വി.പി.എം വില്യാപ്പള്ളി പ്രസംഗിച്ചു. സയ്യിദ് മുനീറുൽ അഹ്ദൽ ആമുഖഭാഷണം നടത്തി. നിരവധി സാദാത്തുക്കളും ഉലമാക്കളും സുന്നി പ്രവർത്തകരും സംബന്ധിച്ചു.

509 സഖാഫി പണ്ഡിതർ കർമ്മരംഗത്തേക്ക്

കോഴിക്കോട്: സാമൂഹിക വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് പുത്തനുണർവ് പകർന്ന് മർകസിൽ ആയിരങ്ങളുടെ സംഗമം. പുതിയകാല വിദ്യാഭ്യാസ സാധ്യതകളും വെല്ലുവിളികളും ചർച്ച ചെയ്ത മർകസ് സമ്മേളനത്തിൽ ഉന്നതപഠനം പൂർത്തിയാക്കി സേവനത്തിനിറങ്ങുന്ന 509 സഖാഫി പണ്ഡിതർക്ക് ബിരുദം സമ്മാനിച്ചു. ദേശ-വിദേശ പണ്ഡിതരും സാംസ്കാരിക രാഷ്ട്രീയ നേതാക്കളും പങ്കെടുത്ത സമ്മേളനം സുന്നി പ്രവർത്തകർക്ക് പുത്തൻ അനുഭവങ്ങൾ സമ്മാനിച്ചു. മർകസിന്റെ അമ്പതാം വാർഷിക പ്രഖ്യാപനം സുൽത്വാനുൽ ഉലമ കാന്തപുരം എ.പി അബൂബകർ മുസ്‌ലിയാർ നടത്തിയപ്പോൾ സദസ്സ് തക്ബീർ ധ്വനികളോടെ എതിരേറ്റു. സനദ് ദാന പ്രഭാഷണവും അദ്ദേഹം നിർവഹിച്ചു.

താഷ്കന്റ് സുപ്രീം കോടതി ഇമാം ശൈഖ് റഹ്മത്തുല്ല തുർമുദി സമ്മേളനം ഉദ്ഘാടനം ചെയ്തു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു. സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. സയ്യിദ് ഉമർ ബിൻ ഹഫീള് മുഖ്യാതിഥിയായി. ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി ആമുഖപ്രഭാഷണവും സി മുഹമ്മദ് ഫൈസി സന്ദേശപ്രഭാഷണവും നടത്തി. എജ്യുസിമ്പോസിയം, ഹദീസ് കോൺഫറൻസ്, സഖാഫി ശൂറ കൗൺസിൽ, സ്ഥാനവസ്ത്ര വിതരണം എന്നിവയും നടന്നു.

സനദ് ദാനത്തോടനുബന്ധിച്ച് നടന്ന ഖത്മുൽ ബുഖാരി സംഗമം ഭക്തിനിർഭരമായി. ഒട്ടനവധി പണ്ഡിതരുടെയും സാദാത്തുക്കളുടെയും സാന്നിധ്യത്തിൽ ആയിരത്തിലധികം മുതഅല്ലിമുകൾക്ക് സ്വഹീഹുൽ ബുഖാരിയിലെ അവസാന ഹദീസുകൾ ചൊല്ലിക്കൊടുത്തു.

പേരോട് അബ്ദുറഹ്മാൻ സഖാഫി, ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, സി.പി ഉബൈദുല്ല സഖാഫി, പി മുഹമ്മദ് യൂസുഫ് സംസാരിച്ചു. സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, അബ്ദുൽജലീൽ സഖാഫി, അബ്ദുൽഅസീസ് സഖാഫി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, അബ്ദുൽകരീം ഹാജി ചാലിയം, അബ്ദുൽമജീദ് കക്കാട്, പ്രൊഫ. എ.കെ അബ്ദുൽഹമീദ് സംബന്ധിച്ചു.

പ്രതിഭാപുരസ്കാരം പ്രഖ്യാപിച്ചു

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് 2024-25 അധ്യായന വർഷം നടത്തിയ പൊതുപരീക്ഷകളിൽ എല്ലാ വിഷയത്തിലും ഫുൾ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് പ്രതിഭാ പുരസ്കാരം നൽകാൻ സുന്നി വിദ്യാഭ്യാസ ബോർഡ് തീരുമാനിച്ചു. ജനറൽ മദ്‌റസകളിലും ഇംഗ്ലീഷ് മീഡിയത്തിലും നടന്ന പൊതുപരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും ഫുൾമാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ആയിരം രൂപയും മെറിറ്റ് സർട്ടിഫിക്കറ്റും നൽകും.

സമസ്തസെന്ററിൽ ചേർന്ന ബോർഡ് സെക്രട്ടറിയേറ്റ് യോഗം പുതുതായി 17 മദ്‌റസകൾക്ക് കൂടി അംഗീകാരം നൽകി. കണ്ണൂർ, കർണാടക, തമിഴ്നാട്, ഖത്തർ എന്നിവിടങ്ങളിൽ നിന്നുള്ളവയാണ് പ്രസ്തുത മദ്‌റസകൾ. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ഏപ്രിൽ എട്ടിന് പാലക്കാട് സംഘടിപ്പിക്കുന്ന ഫത്ഹേ മുബാറകിന് യോഗം അംഗീകാരം നൽകി.

യോഗത്തിൽ കെ.കെ അഹ്മദ്കുട്ടി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. അബൂഹനീഫൽ ഫൈസി, വി.പി.എം വില്ല്യാപ്പള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സി.പി സൈതലവി, എൻ അലി അബ്ദുല്ല സംബന്ധിച്ചു.

വിശ്വാസികൾ ജാഗ്രത പുലർത്തണം

കോഴിക്കോട്: ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായ സകാത്തിന്റെ നിർവ്വഹണത്തിൽ വിശ്വാസികൾ ഉത്സുകരാകണമെന്നും സകാത്ത് ദുർവിനിയോഗം നടത്തുന്ന സംരംഭങ്ങളെയും സംഘടനകളെയും കരുതിയിരിക്കണമെന്നും സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ കോഴിക്കോട് ജില്ലാ മുശാവറ ആവശ്യപ്പെട്ടു.

ഏപ്രിൽ 15 നു ശേഷം ജില്ലാ പണ്ഡിതക്യാമ്പും മെയ് 1 നു ശേഷം മേഖലാ കൗൺസിലുകളും സംഘടിപ്പിക്കും. ഉന്നത മതവിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് ജില്ലയിലെ ജാമിഅതുൽ ഹിന്ദ് സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള സമിതിയെ തിരഞ്ഞെടുത്തു.

സമസ്ത സെന്ററിൽ നടന്ന മുശാവറ യോഗത്തിൽ പ്രസിഡന്റ് കോടമ്പുഴ ബാവ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. ജന: സെക്രട്ടറി വി.പി.എം വില്യാപള്ളി ചർച്ച ഉദ്ഘാടനം ചെയ്തു. ടി.കെ അബ്ദുറഹ്മാൻ ബാഖവി സ്വാഗതം പറഞ്ഞു. ബശീർ സഖാഫി കൈപ്പുറം റിപ്പോർട്ട് അവതരിപ്പിച്ചു. വെണ്ണക്കോട് ശുകൂർ സഖാഫി നന്ദി പറഞ്ഞു.

സുന്നത്ത്, കുസുമം അവാർഡും വിധവാപെൻഷനും വിതരണം ചെയ്തു

കോഴിക്കോട്: സുന്നത്ത്, കുസുമം കാമ്പയിനോടനുബന്ധിച്ച് പ്രചരണത്തിൽ മികവ് കാണിച്ച ജില്ല, റെയ്ഞ്ച്, മദ്‌റസ മുഅല്ലിംകൾക്ക് എസ്.ജെ.എം വക വിലപ്പെട്ട സമ്മാനങ്ങൾ വിതരണം ചെയ്തു. സർവ്വീസിലിരിക്കെ നിര്യാതരായ മുഅല്ലിംകളുടെ ഭാര്യമാർക്കുള്ള വാർഷിക വിധവാ പെൻഷന്റെ ഈ വർഷത്തെ വിതരണം നടന്നു. വിതരണങ്ങൾക്ക് പ്രസിഡന്റ് സയ്യിദലി ബാഫഖി നേതൃത്വം നൽകി. ചടങ്ങിൽ 106 വിധവകൾക്കാണ് പെൻഷൻ അനുവദിച്ചത്. കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, സി.പി സെയ്തലവി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ബശീർ മുസ്‌ലിയാർ ചെറൂപ്പ, വി.വി അബൂബക്കർ സഖാഫി സംബന്ധിച്ചു.

എസ്.ജെ.എം കൊല്ലം റെയ്ഞ്ച് ആസ്ഥാനം നാടിന് സമർപ്പിച്ചു

കൊല്ലം: മദ്‌റസ വിദ്യാർത്ഥികൾക്ക് വെർച്വൽ സംവിധാനങ്ങളിലൂടെ പാഠനം സാധ്യമാക്കുന്നതിനും മുഅല്ലിംകളുടെ പുരോഗതിക്കും വേണ്ടി കൊല്ലം റെയ്ഞ്ച് എസ്.ജെ.എം രണ്ടു നിലകളിലായി നിർമ്മിച്ച 'അലിഫ് സെന്റർ' എസ്.ജെ.എം സ്റ്റേറ്റ് സെക്രട്ടറി കുഞ്ഞുകുളം സുലൈമാൻ സഖാഫി നാടിന് സമർപ്പിച്ചു. കേരള മുസ്‌ലിം ജമാഅത്ത് ജില്ലാ പ്രസിഡന്റ് ഡോ. ഇൽയാസ് കുട്ടി പതാക ഉയർത്തി. സമസ്ത കേന്ദ്ര മുശാവറ അംഗം സിറാജുൽഉലമ ഹൈദറൂസ് മുസ്‌ലിയാർ ദുആ നിർവ്വഹിച്ചു. കൊല്ലം റെയ്ഞ്ച് പ്രസിഡന്റ് സിദ്ദീഖ് മിസ്ബാഹി അധ്യക്ഷത വഹിച്ചു. ജംഇയ്യത്തുൽ ഉലമ ജില്ലാ പ്രസിഡന്റ് ഇസ്സുദ്ദീൻ കാമിൽ സഖാഫി സന്ദേശ പ്രഭാഷണം നടത്തി. കോട്ടയം റശീദ് മുസ്‌ലിയാർ, സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി, ശിഹാബ് ക്ലാപ്പന, നൗഷാദ് മന്നാനി, നുജുമുദ്ദീൻ അമാനി, നൗശാദ് മുസ്‌ലിയാർ, യഹ്‌യ മുസ്‌ലിയാർ, റസാഖ് സഖാഫി, സൈനുദ്ദീൻ മുസ്‌ലിയാർ സംബന്ധിച്ചു.

ആനന്ദം തേടി...

മൂക്കിനു താഴെ ഉറുമ്പുകൾ ചാലിട്ടു.
കാണാമറയത്ത് ഞാറുകൾ നാമ്പിട്ടു.

കുഞ്ഞുസ്വരം മാറി ഗാംഭീര്യമേറുന്നു.
എൻ മേനി ഉയരത്തിലേക്ക് കുതിക്കുന്നു.

ആകാശമെത്തിപ്പിടിക്കുവാൻ തോന്നുന്നു.
വാനത്തിലേറി പറക്കാൻ കൊതിക്കുന്നു.

അന്നപാനത്തിനോടാർത്തി കടുക്കുന്നു.
പൊട്ടിത്തെറിക്കുവാനുള്ളം തുടിക്കുന്നു.

സൗരഭ്യമെൻ നാസികത്തിൽ തുളക്കുന്നു.
സൗന്ദര്യമാസ്വദിക്കാൻ കൊതിയേറുന്നു.

ഞാനാര് കുട്ടിയോ അല്ല മുതിർന്നതോ.
ഞാനാരുമായിട്ട് കൂട്ടുകൂടേണ്ടത്.

ഒന്നു തലോടുവാൻ നേരമില്ലുമ്മക്ക്.
ഒന്നിച്ചിരിക്കാനൊഴിവില്ല ഉപ്പക്ക്.

കൂട്ടുകാരൊത്ത് ഞാൻ ചുറ്റിക്കറങ്ങുന്നു.
കൂട്ടുകുടുംബവും ശത്രുവായ് തോന്നുന്നു.

ചാറ്റിങ്ങിലായെന്റെ നാള് മരിക്കുന്നു.
ചീറ്റിങ്ങിലാണ് ഞാനെന്ന് മറക്കുന്നു.

വീടിന്നെനിക്കൊരു നരകമായ് തോന്നുന്നു.
വീടിന്നു വെളിയിലെ സ്വർഗ്ഗം വിളിക്കുന്നു.

സ്നേഹം ലഭിക്കാത്ത വീടെനിക്കെന്തിനാ
എല്ലാം തരുന്നയെൻ ചങ്ങാതിമാർ തുണാ.

തീരം

കരീം കാരാത്തോട്

2025 ഫെബ്രുവരി 3.4.5 തിയ്യതികളിൽ നടന്ന എ.എൽ.ഡി.ഐ ക്യാമ്പിൽ അവതരിപ്പിച്ചത്.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally